25

21–ാം നൂറ്റാണ്ടിലേക്കുള്ള

# രാമായണ സന്ദേശം

കർക്കിടക മാസത്തിൽ
(മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്)

**ഡോ. എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt**
(Scientist & Hon. Director IISH)

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്**
**തിരുവനന്തപുരം – 695 018**

Heritage Publication Series - 125

Scanned with CamScanner

രാമായണസന്ദേശം

**Dr. N. Gopalakrishnan** M.Sc. (pharm), M.Sc. (Chem), M.A. (Soc), Ph.D, D.Litt.
**Scientist & Director, IISH**

*Published by :*

**Indian Institute of Scientific Heritage (IISH)**
Registered Charitable Trust 328/99/IV
Ushus, Estate Road, Pappanamcode
Trivandrum - 695 018
www.iish.org Ph. 0471 - 2490149

**Rs. 25/-**

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 2490135

Scanned with CamScanner

# വാത്മീകരാമായണം പ്രായോഗിക ധർമ്മശാസ്ത്രം

ഭാരതീയ പൈതൃകഗ്രന്ഥങ്ങളിൽ വേദാംഗങ്ങളാറെണ്ണമാണ്. അതിൽ പ്രധാനപ്പെട്ടതാണ് അതിബൃഹത്തായ കൽപശാസ്ത്രം. കൽപശാസ്ത്രത്തിലാകട്ടെ അതിബൃഹത്തായ ശ്രൗതസൂത്രം, ഗൃഹ്യസൂത്രം, ധർമ്മസൂത്രം അഥവാ ധർമ്മശാസ്ത്രം, പിതൃമേധസൂത്രം എന്നിവയടങ്ങുന്നു. ഭാരതീയ ജീവിതത്തെ അടിമുടി സ്വാധീനിക്കുന്ന ഗ്രന്ഥങ്ങളാണ് ഈ ധർമ്മസൂത്രങ്ങൾ അഥവാ ധർമ്മശാസ്ത്രങ്ങൾ. ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിയും, കുടുംബാംഗങ്ങളും, സമൂഹവും, രാഷ്ട്രവും നിലനിൽക്കുന്നതിനായുള്ള സന്ദേശങ്ങളും ഉപദേശങ്ങളുമാണ് ധർമ്മശാസ്ത്രങ്ങളിലുള്ളത്. എല്ലാ കർമ്മമണ്ഡലത്തിലുംപെടുന്ന മാനവരാശിക്ക് ധന്യമായി ജീവിക്കാനുള്ള ധാർമ്മീക നിർദ്ദേശമാണ് ധർമ്മശാസ്ത്രങ്ങളിലുള്ളത്. ദേശവും കാലവും അനുസരിച്ച് ധർമ്മാനുശാസന രീതികൾക്ക് മാറ്റമുണ്ട്. അതുപോലെ ധർമ്മശാസ്ത്രഗ്രന്ഥങ്ങളിലെ വിവരണങ്ങൾക്കും മാറ്റമുണ്ട്. ഈ താത്വീകമായ ധർമ്മശാസ്ത്രനിർദ്ദേശങ്ങൾ പ്രായോഗിക തലത്തിലേക്ക് മാറുമ്പോൾ അനവധി മാറ്റങ്ങൾക്കു വിധേയമാക്കേണ്ടതാണ്. ശത്രു രാജ്യത്തിലെ സൈന്യത്തിലൊരുവനെതിരെ നരഹത്യാകുറ്റം ചുമത്താറില്ലല്ലോ, ചെയ്യുന്നത് നരഹത്യയാണെങ്കിലും. ഇവിടെ പ്രായോഗികധർമ്മശാസ്ത്രനിർദ്ദേശങ്ങൾ താത്വീകമായി പഠിക്കുന്നതിനേക്കാളും പ്രായോഗികമായി പകർത്താനുള്ളതാണ് എന്നു മനസിലാക്കണം. അങ്ങിനെയാണ് അപ്ലൈഡ് ധർമ്മശാസ്ത്രം എന്നത് സാധൂകരിക്കപ്പെടുന്ന പ്രയോഗമായിത്തീരുന്നത്.

ആദികവിയായ വാത്മീകി രാമായണത്തിൽ ഒരു രാജകുടുംബത്തിന്റെ ചരിത്രമാണ് പ്രായോഗിക ധർമ്മശാസ്ത്ര വിവരണത്തിനാധാരമാക്കിയിരിക്കുന്നത്. ത്രേതായുഗത്തിൽ സർവതും തികഞ്ഞു ജീവിച്ചിരുന്ന ധർമ്മിഷ്ഠനായ ചക്രവർത്തിയായ ദശരഥനിൽ നിന്നാരംഭിക്കുന്ന ധർമ്മശാസ്ത്രത്തിന്റെ തന്തുക്കൾ ഒരു രാജ്യത്തിന്റെ അതിർത്തികളും കടന്നുപോകുന്നു. അതുകൊണ്ടുതന്നെ ഇതിൽ വ്യക്തികളായും, കുടുംബാംഗങ്ങളായും, സമൂഹാംഗങ്ങളായും, രാഷ്ട്രപൗരന്മാരായും, വ്യത്യസ്തകർമ്മമണ്ഡലത്തിൽ പ്രവർത്തിക്കുന്നവരിൽ നിക്ഷിപ്തമായിരിക്കുന്ന ധാർമ്മീക ഉത്തരവാദിത്വങ്ങളുടെ അടിസ്ഥാനത്തിലും ഈ ധർമ്മശാസ്ത്ര നിർദ്ദേശപ്രയോഗം വിവരിക്കുന്നു. സത്യം പറയണമെന്ന് ധർമ്മശാസ്ത്രം നിർദ്ദേശിക്കുമ്പോൾ, ആ നിർദ്ദേശം ഹരിശ്ചന്ദ്രൻ പാലിക്കു



Scanned with CamScanner

ന്നതും ചരിത്രത്തിലൂടെയോ കഥകളിലൂടേയോ ഉദാഹരണമായി വിവരിക്കുന്നതും പോലെയാണ് രാമായണം.

ഭാരതീയ കുടുംബബന്ധങ്ങൾക്ക് ഉത്തമമായ മാതൃകയായി വിരൽചൂണ്ടാവുന്ന ഒരു ഗ്രന്ഥം കൂടിയാണ് രാമായണം. മാതൃ-പിതൃ-പുത്ര-സഹോദര-ഭാര്യാഭർതൃ ബന്ധങ്ങളുടെ ഉയർച്ചയും താഴ്ചയും പ്രായോഗികതലത്തിൽ, ചരിത്രഗ്രന്ഥം പോലെ, രാമായണത്തിൽ വിവരിക്കുന്നു.

രാമായണത്തിന്റേയും മഹാഭാരതത്തിന്റേയും പ്രത്യേകതയെന്നത്, ഈ രണ്ട് ഇതിഹാസങ്ങളും എഴുതിയവർ, അതിനകത്തെ ചരിത്രപുരുഷന്മാരാണ്. വാത്മീകി, രാമായണത്തിനകത്തുള്ള വ്യക്തിയാണ്. വാത്മീകി, ആദികവിയുമാണ്, ഗ്രന്ഥകർത്താവുമാണ്. അതുകൊണ്ട് അദ്ദേഹത്തിന് രാമായണത്തിലെ ചരിത്രപുരുഷന്മാരുമായി പ്രത്യക്ഷ ബന്ധവുമുണ്ട്. അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ ഓരോരുത്തരുടേയും ജീവിതാനുഭവങ്ങളാണെഴുതിയിരിക്കുന്നത്. അതിൽ നന്മകളും തിന്മകളും ഉൾപ്പെടുന്നു. നമ്മളിൽ പലരും രാമായണത്തിലെ ചരിത്രപുരുഷന്മാരുടെ/സ്ത്രീകളുടെ ഭാഗമായി ഇന്നും ജീവിക്കുന്നു. അവരെപ്പോലെ ജീവിച്ചാൽ അവർക്കുണ്ടായ അനുഭവം നമുക്കുമുണ്ടാകും എന്നതാണ് ലളിതമായ രാമായണ പാഠം.

രാമായണം നമ്മുടെ ജീവിതത്തിലും, വീക്ഷണത്തിലും, കർമ്മധർമ്മ ആചാരാനുഷ്ഠാനങ്ങളിലും മാറ്റം വരുത്താനുള്ള മാർഗനിർദ്ദേശമാണ് നൽകുന്നത്. ഒരു കാര്യം വിസ്മരിക്കരുത്; രാമായണം ത്രേതായുഗത്തിലെ അനുഭവമാണ്. അതിൽ പറഞ്ഞിരിക്കുന്നത് അപ്പാടെ ജീവിതത്തിൽ പകർത്താൻ ശ്രമിക്കേണ്ടതില്ല. ദേശത്തിനും കാലത്തിനും വ്യക്തികളുടെ വ്യത്യസ്ത ജീവിത ചുറ്റുപാടുകൾക്കും അനുസരിച്ച്, addition, deletion, modification and correction വരുത്തി വേണം പ്രയോഗിക്കുവാൻ. ആധുനീകശാസ്ത്രം വിവരിക്കുന്നതുപോലെ space, time and observer ലുള്ള വ്യത്യാസമനുസരിച്ച് രാമായണത്തിലെ നിർദ്ദേശങ്ങൾ നമ്മുടെ ജീവിതത്തിൽ പകർത്തുമ്പോൾ അനിവാര്യമായ മാറ്റങ്ങൾക്ക് വിധേയമാക്കണം. രാമായണത്തിലെ ചരിത്രപുരുഷന്മാർ കാണിച്ചുതരുന്ന നന്മതിന്മ നിറഞ്ഞ വഴിയിലൂടെ നമ്മൾ സഞ്ചരിച്ചാൽ അവർക്കുണ്ടായ അനുഭവം നമുക്കുമുണ്ടാകും എന്നതാണ് രാമായണ സന്ദേശം.



Scanned with CamScanner

## ഒരു ശാപവും തുടർച്ചയും

ദശരഥൻ ചക്രവർത്തിയായിരുന്നു. പത്തുദിശകളിൽ നിന്നും വരുന്ന ആക്രമണത്തെ ഒറ്റക്ക് നേരിടാൻ കഴിവുള്ള, കോസലരാജ്യാധിപതി. കാട്ടിൽ നായാട്ടിനുപോയത് സ്വന്തം ആത്മവീര്യം വർധിപ്പിക്കാനാണ്. ധർമ്മശാസ്ത്രം നിർദ്ദേശിക്കുന്നു, രാജാക്കന്മാർ ധീരതക്കായി നായാട്ടിനു പോകണമെന്ന്. മൃഗങ്ങളെക്കൊന്ന്, അതുപിടയുന്നതുകണ്ട് ആസ്വദിച്ച്, അതിനെ ഭക്ഷിക്കാനല്ല നായാട്ട്. ഹിംസ്ര ജന്തുക്കളായ പുലി, സിംഹം, കരടി ഇവയുമായി നേരിട്ടു മല്ലിടുമ്പോൾ ഉണ്ടാകുന്ന ചങ്കൂറ്റം പുസ്തകവായനയിലൂടെയോ ഗുരുവിൻ നിന്നോ ലഭിക്കാത്തതാണ്. ഈ പ്രായോഗിക കർമ്മത്തിലൂടെ മനസ്സിനെ പാകപ്പെടുത്തുമ്പോൾ ധർമ്മശാസ്ത്രം വ്യക്തമായി നിർദ്ദേശിക്കുന്ന കാര്യമുണ്ട്; ആനയുൾപ്പെടെയുള്ള സാധാരണ ജന്തുക്കളെ വേട്ടയാടരുതെന്നും അമ്പെയ്ത് വേദനിപ്പിക്കരുതെന്നും, സൂര്യസ്തമയത്തിനുശേഷം ഇരുട്ടണയുമ്പോൾ കാഴ്ചയില്ലാതാകുന്നതിനാൽ നായാട്ട് പാടില്ല എന്നും. ധർമ്മശാസ്ത്രം വ്യക്തമായി നിർദ്ദേശിക്കുന്നതാണിത്.

ഇവിടെ ദശരഥൻ, ധർമ്മശാസ്ത്രം നൽകുന്ന രണ്ടുനിർദ്ദേശങ്ങളും ലംഘിച്ചു. ഒന്ന് വ്യക്തമായ കാഴ്ചയില്ലാത്തവേളയിൽ ലക്ഷ്യം നോക്കി അസ്ത്രമയച്ചു. ആനയെ അമ്പയ്യരുതെന്ന നിർദ്ദേശം ലംഘിക്കപ്പെട്ടു. ആനക്കല്ല അമ്പേറ്റതെന്നതിരിക്കട്ടെ, ആനയാണെന്നു വിചാരിച്ച് അമ്പെയ്തു. യുക്തി സഹജമായ ഈ ധർമ്മശാസ്ത്ര നിർദ്ദേശങ്ങൾ ലംഘിച്ചതിൽ നിന്ന് നാം എന്തുപാഠം പഠിച്ചു? എത്രപ്രഗത്ഭനായ വ്യക്തിയാണെങ്കിലും, ശ്രേഷ്ഠനാണെങ്കിലും, ധർമ്മബോധമുള്ളവനാണെങ്കിലും, വില്ലാളിവീരനാണെങ്കിലും ധർമ്മത്തിന്റെ പാത അദ്ദേഹം ലംഘിച്ചു. ധർമ്മശാസ്ത്രനിർദ്ദേശം തെറ്റിച്ചതാണ് ദശരഥന്റെ അസ്ത്രം മുനികുമാരനേറ്റത്.

ഇനിയുമുണ്ട്, പാഠം, ഇതിൽ നിന്ന് പഠിക്കാൻ. ശബ്ദശാസ്ത്രത്തിൽ അസാമാന്യ പാണ്ഡിത്യമുള്ള ദശരഥന് ആ പാണ്ഡിത്യം പ്രയോജനപ്പെട്ടില്ല. കുടത്തിൽ വെള്ളം നിറയുന്ന ശബ്ദവും ആന വെള്ളം കുടിക്കുന്ന ശബ്ദവും തമ്മിൽ തിരിച്ചറിയാനായില്ല. നമ്മളെല്ലാം പലതും പഠിക്കുന്നുണ്ട്. അതെല്ലാം ആവശ്യം വരുമ്പോൾ പൂർണ്ണമായും പ്രയോജനപ്പെട്ടു എന്നു വരില്ല. മാത്രമല്ല, പഠിച്ചവനാണെന്ന 'ഉറച്ച വിശ്വാസം' തനിക്കൊരിലും തെറ്റുപറ്റില്ല എന്നതിലേക്കെത്തിക്കുകയും ചെയ്യും.



Scanned with CamScanner

അതാണ് ഇവിടെ ദശരഥന് സംഭവിച്ചത്. തന്റെ സ്ഥാനം, കഴിവ്, വിജ്ഞാനം ഇവയെല്ലാം ഒരു പക്ഷേ ചക്രവർത്തിയുടെ മനസ്സിൽ ധർമ്മ ശാസ്ത്രനിർദ്ദേശം ലംഘിക്കാൻ ഉൾപ്രേരകമായിത്തീർന്നിരിക്കാം. ഇത് അവസാനിച്ചതാകട്ടെ മുനികുമാരിന്റെ മരണത്തിലും. ഈ വാർത്തയറിഞ്ഞ കുമാരന്റെ പിതാവിന്റെ ഘോരമായ ശാപത്തിലും! ഈ ശാപം രാമായണകഥയുടെ ആരംഭത്തിനുകാരണമായിരുന്നിരിക്കാം. സംഭവിക്കാനുള്ളത് ഇതേപോലെ സംഭവിച്ചു എന്നും നമുക്ക്, വിലയിരുത്താം. ഇവിടെയാണ് ഒരു ശാപം രാമായണമായി മാറിയത്. ആദികാവ്യമായ ഇതിഹാസമായിമാറിയത്. പുത്രദുഃഖം മനുഷ്യന് സഹിക്കാം. പക്ഷേ ഭാവിയിൽ പുത്രദുഃഖത്താൽ മരണം സംഭവിക്കണമെന്ന ശാപം, വർത്തമാനകാലത്തേയും ഭാവികാലത്തേയും പിടിച്ചുലക്കുന്നു. അതും മരണം വരെയുള്ള ദുഃഖം അശ്രദ്ധയോടെ അധാർമ്മീകമായി, കയ്യിലുള്ള വിദ്യയിൽ അമിതവിശ്വാസം പുലർത്തി ചിലർ ചെയ്യുന്നകർമ്മങ്ങളുടെ പ്രത്യാഘാതം ജീവപര്യന്തം നിലനിൽക്കാം. ഈ പാഠം നമുക്കും പഠിക്കാം.

ദശരഥന്റെ സ്ഥാനത്തിരുന്ന് ചിന്തിക്കുക. ഭാഗവതത്തിലെ പരീക്ഷിത്തിന് പറ്റിയതുപോലെയല്ല ഇവിടെ സംഭവിച്ചത്. തന്റെ ചോദ്യത്തിനുത്തരം പറയാത്ത ശമീക മഹർഷിയുടെ കഴുത്തിൽ, പരീക്ഷിത്ത് മഹാരാജാവ് ചത്തപാമ്പിനെ ഇട്ടു. ശക്തനും ധർമ്മബോധമുള്ളവനും പാണ്ഡവകുലജാതനുമായ അഭിമന്യുപുത്രന് ഒരു നിമിഷം വിവേകം നശിച്ചു. അതിന്റെ പരിണതഫലം ഏഴാം ദിവസം തക്ഷകൻ കടിച്ചുമരിക്കുമെന്ന ശാപത്തിനിരയായി.

നമ്മൾ ചെയ്യുന്ന തെറ്റുകൾ, തെറ്റുചെയ്യുന്നവരുടെ കൂടെ നിൽക്കൽ, തെറ്റുചെയ്യുന്നവരെ സംരക്ഷിക്കൽ, തെറ്റിനെ ന്യായീകരിക്കൽ ഇതെല്ലാം നമുക്കും ശാപമായിത്തീരുന്നു എല്ലാ ദിവസവും പത്രമാധ്യമങ്ങളിൽ വരുന്നതു ഈ ശാപഫലം അനുഭവിക്കലാണ്.

## ശോകം ശ്ലോകമായി മാറുന്നു

വാത്മീകി, രത്നാകരനെന്ന കാട്ടാളനായിരുന്നു. പിടിച്ചുപറിയായിരുന്നു കർമ്മമണ്ഡലം. ഒരു ചോദ്യം; നീ ചെയ്യുന്ന കർമ്മത്തിന്റെ ഫലം ആരെല്ലാം അനുഭവിക്കുമെന്നറിയാമോ? അതിന്റെ ഉത്തര അന്വേഷണമാണ് കാട്ടാളനെ മഹർഷിയാക്കിയത്. ഉത്തരം അതിലളിതമായ അത്യാധുനികശാസ്ത്രവും, ധാർമ്മീകവുമാണ്. താൻ താൻ നിരന്തരം ചെയ്യുന്ന



Scanned with CamScanner

കർമ്മങ്ങൾ താൻ താൻ അനുഭവിച്ചീടുകെന്നേ വരൂ. ഇന്നത്തെ ജനത, രത്നാകരന്റെ ഭാര്യ പറഞ്ഞ, ഈ തത്വശാസ്ത്രം ജീവിതത്തിലൊന്ന് ഇടക്കെങ്കിലും സ്മരിച്ചിരുന്നുവെങ്കിൽ, ഇന്ത്യയിലെ ജയിലുകളിൽ ഇനിയും ധാരാളം മുറികളുണ്ടാകുമായിരുന്നു. നീചവും നിന്ദ്യവുമായ അനവധി സാമൂഹ്യതിന്മകൾ അപ്രത്യക്ഷമാകുമായിരുന്നു. കാട്ടിൽ ജനിച്ചുവളർന്ന കാട്ടാളന്റെ ഭാര്യയായ കാട്ടാളത്തിയുടെ തത്വശാസ്ത്രം ഇന്നത്തെ യുവതലമുറയിലെത്താത്തതിന്റെ ഇരുട്ട് എവിടേയും കാണാം. മുകളറ്റം മുതൽ ചുവടറ്റം വരെ. മറ്റൊന്നു കൂടി എഴുതട്ടെ മനുഷ്യമനസ്സുകളിൽ അടിമുടി മാറ്റം വരാൻ ഇത്തരത്തിലുള്ള ഒരു ചോദ്യമോ, സംഭവമോ, സന്ദേശമോ മതിയാകും. ധർമ്മബോധമുള്ളവർ ചോദിക്കണം എന്നുമാത്രം. ഇതു, നമുക്കും നമ്മുടെ കുടുംബത്തിനും ബാധകമാക്കാം. രത്നാകരൻ മഹർഷിയായ അനുഭവവും, അതിന്റെ പുറകിലെ ചോദ്യവും.

മഹർഷിയായ വാത്മീകിക്ക് ജന്മനാൽ സാഹിത്യ വാസനയുണ്ടാകാൻ സാധ്യതയില്ല. സംസ്കൃതപാണ്ഡിത്യവും ഉണ്ടോ എന്നറിഞ്ഞുകൂടാ. തപസ്സിലൂടെ ഉണർന്ന ആന്തരീക ചൈതന്യ സ്രോതസ്സല്ലാതെ, അവതാരങ്ങളുടെ ചരിത്രം അൽപമൊന്ന് നാരദനിൽ നിന്ന് കേട്ടതല്ലാതെ, അഗാധജ്ഞാനമുണ്ടാകാനിടയില്ല. വാത്മീകി തന്റെ തപസ്സും നിത്യകർമ്മങ്ങളുമായി കഴിഞ്ഞിരുന്ന ഋഷിയായിരുന്നു. ചെറുപ്പം മുതൽക്ക് ഗഹനമായ ഒരു ജ്ഞാന വിജ്ഞാനശാഖയും പഠിച്ചിരിക്കാനിടയില്ല. ഭരദ്വാജ മഹർഷിയുടെ കൂടെ പ്രഭാതസ്നാനത്തിന് പോകുന്ന വഴി രാമായണത്തെക്കുറിച്ചോർത്തിട്ടുമുണ്ടാകില്ല. അപ്പോഴാണ് ഒരു വേടന്റെ അമ്പേറ്റ് പിടഞ്ഞുവീണ പക്ഷിയുടെ ദീനരോധനവും കാഴ്ചയും അദ്ദേഹത്തിന്റെ മനസ്സ് ശോകാർദ്രമാക്കിയത്. ആ ശോകം സ്വയം അറിയാതെ ശ്ലോകമായി മാറി. അത് വാത്മീകിരാമായണത്തിന്റെ ആരംഭവരികളായി. പൂർവ്വാശ്രമത്തിൽ കാട്ടാളനായിരുന്നു മഹർഷി, അതേ കാട്ടിലെ കാട്ടാളനായ വേടനെ മാ നിഷാദ.... യിലൂടെ ശപിച്ചു. ശോകം, രാമായണശ്ലോകമായപ്പോൾ, ഞാൻ ചിന്തിച്ചു, ആ വേടൻ ആ പക്ഷി മിഥുനങ്ങളിൽ ഒരെണ്ണത്തെ അമ്പെയ്തില്ലായിരുന്നെങ്കിൽ, ആ അമ്പ് പക്ഷിക്ക് കൊണ്ടില്ലായിരുന്നെങ്കിൽ, ആ പക്ഷി താഴെ വീണു മരിച്ചില്ലായിരുന്നെങ്കിൽ, വാത്മീകി ആ വഴിക്ക് വന്നില്ലായിരുന്നു എങ്കിൽ, ആ മരണം വാത്മീകിയെ സ്വാധീനിച്ചില്ലായിരുന്നെങ്കിൽ, ശോകം കരകവിഞ്ഞൊഴുകിയില്ലാ



Scanned with CamScanner

യിരുന്നെങ്കിൽ...... ലോകത്തെ സ്വാധീനിക്കുന്ന ത്രേതായുഗകൃതി രാമായണം ഉണ്ടാകുമായിരുന്നോ? ചിന്തിക്കുക! എന്നിട്ട് നമ്മുടെ ഓരോ ദുഃഖത്തേയും വേദനയേയും നന്മകളാക്കി മാറ്റുക. ദുഃഖവും വേദനയും വേണമെന്ന് പ്രാർത്ഥിക്കേണ്ടതില്ല. വന്നാൽ അവയെ നന്മയുടെ പന്ഥാവിലേക്കു തിരിച്ചുവിടുക, എക്കാലത്തേക്കും മാനവരാശിക്ക് പ്രയോജനപ്രദമായ വഴിയിലേക്ക്! നമ്മുടെ ദുഃഖം വഴിമാറിയൊഴുകാനനുവദിക്കണം. ജീവിതത്തിൽ നാം ചെവിയും കണ്ണും തുറന്നുവെക്കണം. നന്മകളും തിന്മകളും കേൾക്കണം, കാണണം. അതിൽ നിന്ന് നന്മകൾ ഉണ്ടാകുവാനാവശ്യമായതെല്ലാം എടുക്കുവാൻ മനസ്സ് തുറന്നുവെക്കണം.

കേൾക്കുന്നതിലും കാണുന്നതിലുമുള്ള നന്മതിന്മകൾ ചിന്തിച്ചു വിശകലനം ചെയ്യണം. ഉള്ളിൽ നിന്ന് അതിഗഹനമായ അറിവു നമുക്കു ലഭിക്കും. കാട്ടാളനായ വ്യക്തി ഉള്ളിലെ ചൈതന്യത്തെ പ്രോജ്ജ്വലിപ്പിച്ചപ്പോഴാണ് അന്നുവരെയില്ലാത്ത പാണ്ഡിത്യം ഉണർന്നെഴുന്നേറ്റതും, കവിതയായി, രാമചരിതമായി മാറിയതും നമ്മുടെ ജീവിതത്തിലും ചുറ്റുപാടുകളിലും നടക്കുന്നത് ശ്രദ്ധിച്ചാൽ നമ്മുടെയും ഉള്ളിലുറങ്ങിക്കിടക്കുന്ന ചൈതന്യം ഉണരും വളരും. മറ്റൊരു മനുഷ്യനായിത്തീരാൻ നമുക്കുസാധിക്കും. അതിനാണ് വാത്മീകി സ്വയം രാമായണത്തിനകത്തെ ചരിത്രപുരുഷനായത്. നമുക്കുമങ്ങിനെയാകാം.....!

## ഒരു വരം ശാപമായിമാറുന്നു

ദശരഥന് ദുഃഖമുണ്ട്, വേദനയുണ്ട്! പുത്രരില്ലാത്ത ദുഃഖം. അനന്തരാവകാശിയില്ലാത്ത ദുഃഖം. പുത്രരുണ്ടായാൽ പോലും പുത്രദുഃഖത്താൽ മരിക്കുമെന്ന ദുഃഖം. പക്ഷേ ചക്രവർത്തിക്കെവിടെ ദുഃഖിക്കാനനുവാദം. ദശരഥൻ കർമ്മനിരതനായി തുടരുന്നു. അപ്പോൾ ഒരു യുദ്ധമുണ്ടായി. ആസുരീകശക്തികളും ദൈവീകശക്തികളും തമ്മിലുള്ള യുദ്ധം. ദൈവീക ശക്തികൾ സാത്വീകമായതിനാൽ മനുഷ്യന്റെ സഹായം അവർക്കുവേണം. മനുഷ്യന് ദൈവത്തിന്റേയും. അസുരന്മാർക്കും രാക്ഷസന്മാർക്കും ഇതുവേണ്ട. ദശരഥന് ദൈവീകപക്ഷത്തിൽ ചേരേണ്ടിവന്നു. യുദ്ധത്തിൽ പതിവില്ലാത്തവിധം ഭാര്യാഭർത്താക്കന്മാരായിട്ടാണ് കൈകേയി സമേതനായി ദശരഥൻ യുദ്ധത്തിനുപോയത്. അടർക്കളത്തിൽ കേകയരാജന്റെ പുത്രി അതീവനിപുണയായിരുന്നതിനാൽ മാത്രമാണ് ഇങ്ങിനെയൊന്നു സംഭവിച്ചത്. യുദ്ധം, തീർത്ഥാടനയാത്രയല്ല എന്നറിയാവുന്ന ചക്രവർത്തിയായിരുന്നു ദശരഥൻ. പ്രകൃതിയുടെ



Scanned with CamScanner

നിയോഗം പോലെയായിരിക്കാം ഭാര്യയേയും കൊണ്ടു യുദ്ധത്തിനു പോയത്. യുദ്ധമധ്യത്തിൽ ഒരു ചക്രവർത്തിക്കും സംഭവിക്കാത്തത് ദശരഥന് സംഭവിച്ചു. രഥചക്രത്തിന്റെ ആണി അയഞ്ഞു. മനപൂർവ്വം ചെയ്യാനിടയില്ലാത്ത ഒരബദ്ധം. കൈകേയിയുടെ സാന്നിദ്ധ്യം ഇതൊരു പ്രശ്നം അല്ലാതാക്കി. കൈകേയിയില്ലായിരുന്നെങ്കിൽ ദശരഥൻ ജീവിത്തിലാദ്യമായി പരാജയത്തിന്റെ രുചിയറിയുമായിരുന്നു. ഏതൊരു ചക്രവർത്തിക്കും സന്തോഷത്തിനു വക നൽകുന്ന ഒന്നാണ് സംഭവിച്ചത്. ഒരിക്കലും തോറ്റിട്ടില്ലാത്ത ദശരഥന് രഥചക്രത്തിന് ക്ഷതം സംഭവിച്ചിട്ടും തോൽക്കേണ്ടി വന്നില്ല. സന്തോഷാധിക്യത്താൽ വിചാരാധീനനായോ വികാരാധീനനായോ ദശരഥൻ ഭാര്യക്കു രണ്ടു വരം കൊടുത്തു. ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളാനുള്ളവരം. ദുരുദ്ദേശമൊന്നുമില്ലാത്ത കൈകേയി ചിന്തിച്ചുകാണും; ഭർത്താവിനെ യുദ്ധക്കളത്തിൽ രക്ഷിച്ചതിനെന്തിനു വരം സ്വീകരിക്കണം. അതും രണ്ടു വരം! അവർ ഉത്തരം കൊടുത്തുകാണും തനിക്കുവരത്തിന്റെ ആവശ്യമില്ല വേണമെങ്കിൽ 'പിന്നീട്' വാങ്ങിച്ചുകൊള്ളാമെന്ന്. ഈ പിന്നീട് ന്റെ ഭവിഷ്യത്ത് ദശരഥൻ ചിന്തിച്ചത് പിന്നീടായിരുന്നു. ശ്രവണകുമാരനെന്ന മുനികുമാരന്റെ മരണത്തിനു കാരണമായ തന്റെ നായാട്ടും കുമാരന്റെ പിതാവിന്റെ ശാപവും; ആ ശാപം, കൈകേയിക്കുള്ള ഈ വരദാനത്തിലൂടെ താനനുഭവിക്കേണ്ടിവരുമോ? നാമെന്തു പഠിച്ചു ഈ സംഭവങ്ങളിൽ നിന്ന്? ദശരഥൻ യുദ്ധക്കളത്തിലേക്ക് കൈകേയിയെ കൊണ്ടു പോയില്ലായിരുന്നെങ്കിൽ, രഥചക്രത്തിന്റെ ആണിക്ക് ക്ഷതം സംഭവിച്ചില്ലായിരുന്നെങ്കിൽ, കേകേയിക്ക് ആ ആണി തൽസ്ഥാനത്തു നിർത്താനുള്ള ശാരീരിക മാനസീക ധൈര്യം ആ സമയത്ത് ലഭിച്ചില്ലായിരുന്നെങ്കിൽ, ദശരഥന് സ്വന്തം ഭാര്യയോട് ഇങ്ങിനെയൊരു വിധേയത്വം തോന്നിയില്ലായിരുന്നെങ്കിൽ, വികാരാധീനനായ ദശരഥൻ കൈകേയിക്ക് രണ്ട് വരം കൊടുത്തില്ലായിരുന്നെങ്കിൽ, കൈകേയി തനിക്ക് വരം വേണ്ടെന്ന് പറഞ്ഞിരുന്നെങ്കിൽ, ആ വരം അവർ അപ്പോൾ തന്നെ സ്വീകരിച്ചിരുന്നെങ്കിൽ... വാത്മീകിക്ക് ഒരുപക്ഷേ രാമായണമെഴുതേണ്ട ആവശ്യമേ വരുമായിരുന്നില്ല. അല്ലെങ്കിൽ ദശരഥന്റെ സിംഹാസനത്തിൽ ആജീവനാന്തമിരിക്കുന്ന രാമന്റെ ചരിത്രമാകുമായിരുന്നു നാം രാമായണത്തിലൂടെ വായിക്കുന്നത്. ലങ്കയിൽ വിലസുന്ന രാവണന്റെ ചരിത്രം, അതിന്റെ ഭാഗമാകേണ്ട ആവശ്യമേ വരുമായിരുന്നില്ല.



Scanned with CamScanner

വിലപ്പെട്ട മറ്റൊരു സന്ദേശം കൂടിയില്ലേ ഇവിടെ; വികാരത്തിന്നടിമപ്പെട്ട് എത്ര പ്രിയപ്പെട്ടവർക്കുപോലും ഒന്നും വാഗ്ദാനം ചെയ്യരുത്. എന്തെങ്കിലും ആർക്കെങ്കിലും വാഗ്ദാനം ചെയ്താൽ അപ്പപ്പോൾ തീർക്കേണ്ടത് തീർത്തേക്കണം. പിന്നത്തേക്ക് എന്നു പറഞ്ഞ് മാറ്റിവെക്കാനനുവദിക്കരുത്.

ജീവിതത്തിൽ മുന്നോട്ടുള്ള പ്രയാണത്തിൽ ഇത്തരത്തിലുള്ള അനുഭവങ്ങളുടെ പരമ്പരകൾ തന്നെ ഓരോ വ്യക്തിക്കും അഭിമുഖീകരിക്കേണ്ടതായി വരും. ഇവിടെയെല്ലാം നാം ഓർമ്മിക്കേണ്ടത് ഇന്നലെ പറഞ്ഞതും ചെയ്തതും ഇന്നത്തെ ദുഃഖത്തിനും പ്രശ്നങ്ങൾക്കും കാരണമാകരുത്. ഇന്നു പറഞ്ഞതും ചെയ്തതും നാളത്തെദുഃഖത്തിന് കാരണമാകരുത്. നാം ഇന്നു മാത്രം ചിന്തിച്ചാൽ നാളെകൾ നമുക്കു പ്രശ്നമുണ്ടാക്കും. പലർക്കും ഇന്നലെ ചെയ്ത ചെറിയ പ്രശ്നമാണ് നാളെകളുടെ വലിയ പ്രശ്നമായിത്തീരുന്നത്. ആവശ്യമില്ലാത്ത വാഗ്ദാനം ഒഴിവാക്കണം. ഓരോ വാഗ്ദാനവും അപ്പപ്പോൾ തീർക്കാനുള്ളത് തീർത്തേക്കണം പിന്നത്തേക്ക് വെച്ചുനീട്ടരുത്.

## ഒരു കൂട്ടുകെട്ട് വിനയായിത്തീരുന്നു.

ദശരഥപത്നി കൈകേയി ശുദ്ധമനസ്കയാണ്, ധീരയാണ്, കേകയരാജാവിന്റെ അസാന്നിദ്ധ്യത്തിൽ ഭാരതത്തിലെ ഏറ്റവും വലിയ രാഷ്ട്രമായ കേകയം സധൈര്യം ഭരിക്കുന്നവരാണ്. സൈന്യത്തെ പരിശീലിപ്പിക്കാനും യുദ്ധസന്നദ്ധരാക്കാനും കഴിവുള്ളവളുമാണ്. അവർക്ക് എല്ലാവിധ സഹായത്തിനുമായിട്ടാണ് കൂനിയാണെങ്കിലും ആത്മാർത്ഥതയുള്ള മന്ഥരയെ കേകയരാജാവ് തോഴിയായി കൈകേയിയോടൊപ്പം അയച്ചത്. ചക്രവർത്തിയുടെ കൊട്ടാരത്തിലും കൈകേയിയുടെ ദാസിക്ക് പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. ചക്രവർത്തിനിമാർ തമ്മിലും, അവരുടെ മക്കൾ തമ്മിലും മന്ഥര ഒരു പ്രശ്നവുമുണ്ടാക്കിയിരുന്നില്ല. എല്ലാം സമംഗളം മുന്നോട്ടുപോകുന്നു. അവതാരങ്ങളായിത്തന്നെ നാലുമക്കളും ഒരുമിച്ച് മൂന്ന് അമ്മമാരോടും പ്രജകളോടും പെരുമാറി. രാഷ്ട്രത്തിലും കുടുംബത്തിലും പ്രശ്നങ്ങളൊന്നും ഉയർന്നുവന്നതേയില്ല. പ്രശ്നങ്ങളൊന്നുമില്ലാത്ത അവസ്ഥ എവിടെയുമുണ്ടാകാൻ പ്രകൃതിയൊരിക്കലും അനുവദിക്കില്ല. പ്രകൃതിക്കൊരു ഭാവമുണ്ട്, താളമുണ്ട്, ലയമുണ്ട്. അത് ഉയർന്നും താഴ്ന്നും കൊണ്ടേയിരിക്കും. കാലചക്രം തിരിയുമ്പോൾ ഉദയാസ്തമയങ്ങൾ നടക്കുമ്പോൾ, ജനനമരണങ്ങളുണ്ടാകുമ്പോൾ



Scanned with CamScanner

എല്ലാത്തിലും എല്ലാവരിലും ആരോഹണവും അവരോഹണവുമുണ്ടാകും.

ദശരഥന്റെ വാർദ്ധക്യവും അവരോഹണവും രാമന്റെ യുവരാജപദവിയിലേക്കുള്ള ആരോഹണമായിമാറുന്നു. രണ്ടു ഭയം ദശരഥനേയും ദശരഥന്റെ സ്ഥാനത്തിരിക്കുന്ന മാറ്റാരേയും അലട്ടുന്ന മനോവേദനയുണ്ടാക്കാതിരിക്കില്ല. വൃദ്ധനായ ദശരഥനേയും അതു പിടിച്ചു കുലുക്കി. ധർമ്മശാസ്ത്രം ലംഘിച്ച നായാട്ടിന്റെ പരിണതഫലത്തിന്റെ ശാപവും സന്തോഷാധിക്യത്താൽ കൈകേയിക്കു കൊടുത്ത വരവും! കൈകേയി പ്രശ്നമുണ്ടാക്കുമോ? കൈകേയിയെ ആരെങ്കിലും വഴി തെറ്റിക്കുമോ? രാമന്റെ രാജ്യാഭിഷേകം നടക്കാതെ പോകുമോ?.. ചിന്തകളെല്ലാം പൂർവകാല ചെയ്തികളിലെ പരിണതഫലത്തിൽ നിന്നുളവാകുന്ന ഭയം സൃഷ്ടിക്കുന്നു. ഒരുത്തനെ തന്നെ നിനച്ചിരുന്നാൽ.... എല്ലാവരിൽ നിന്നും ഭയത്തിന്റെ തരംഗം തന്നിലേക്കു വരുന്നതു പോലെ ദശരഥനു തോന്നി. രാമന്റെ സ്ഥാനത്തു ഭരതനെ അഭിഷേകം ചെയ്യേണ്ടിവരുമോ? അനവധി ചോദ്യങ്ങൾക്കെല്ലാം ഉത്തരമായിട്ട് ദശരഥന്റെ മനസ്സിൽ ഒന്നേയുണ്ടായിരുന്നുള്ളൂ. ആർക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും എന്തു സംഭവിച്ചാലും ഇല്ലെങ്കിലും രാമന്റെ യുവരാജ പട്ടാഭിഷേകം അടുത്ത ദിവസം തന്നെ നടത്തുക. ഭരതശത്രുഘ്നന്മാർ കൊട്ടാരത്തിലില്ല, അതുകൊണ്ട് കൈകേയിപുത്രൻ ഭരതൻ പ്രശ്നമുണ്ടാക്കില്ല. ഉടനെ നടത്തുമ്പോൾ ആർക്കും ഒന്നിനെക്കുറിച്ചും ചിന്തിക്കാൻ പോലും സമയമുണ്ടാകില്ല. എന്തെങ്കിലും പ്രശ്നമുണ്ടാകാനുള്ള സാധ്യത കുറവായിരിക്കും. ഉണ്ടായാൽ തനിക്ക് പരിഹരിക്കാനുമാകും... ദശരഥന്റെ ചിന്തകൾ കാടുകയറുന്നു... ഭയത്തോടെയെല്ലാത്തിനേയും ദശരഥൻ വീക്ഷിച്ചു. മന്ഥരപ്രശ്നമുണ്ടാക്കുന്നവളല്ല. അതുവരെ ഉണ്ടാക്കിയിട്ടുമില്ല. പക്ഷേ എല്ലാവരും എല്ലായിപ്പോഴും ഒരു പോലെയാകില്ലല്ലോ? മനുഷ്യമനസ് എപ്പോൾ വേണമെങ്കിലും മാറാം. നല്ല കൂട്ടുകെട്ടും തിന്മയിലേക്കു നയിക്കാം!

രണ്ടുകാര്യങ്ങൾ സംഭവിച്ചു. മന്ഥര കൈകേയിക്ക് ബോധ്യമാകുന്ന വിധത്തിൽ ദുരപദേശം കൊടുത്തു. അന്ത്യത്തിൽ കൈകേയി ആ ഉപദേശങ്ങൾക്കധീനയായി. തന്റെ പുത്രനെ രാജാവാക്കണം! രാമനെ 14 വർഷം കാട്ടിലേക്കയക്കണം. നിങ്ങൾ രാമായണത്തിന്നാധാരമായ ഈ സംഭവം വിലയിരുത്തിയോ? മന്ഥര കൈകേയിയെ ഉപദേശിച്ചില്ലായി



Scanned with CamScanner

രുന്നെങ്കിൽ, കൈകേയിയുടെ മനസ് മാറിയില്ലായിരുന്നെങ്കിൽ, ഈ നാടകം നടക്കുമ്പോൾ ഭരതനവിടെയുണ്ടായിരുന്നെങ്കിൽ, നാലു സഹോദരന്മാരുടേയും സാന്നിദ്ധ്യത്തിൽ മതി യുവരാജാഭിഷേകം എന്ന് ദശരഥൻ തീരുമാനിച്ചിരുന്നെങ്കിൽ, ദശരഥന്റെ ദയനീയാവസ്ഥ കൈകേയിയെ സ്വാധീനിച്ചിരുന്നെങ്കിൽ, കൈകേയിയുടെ തീരുമാനം രാമന് സ്വീകാര്യമല്ലായിരുന്നെങ്കിൽ, .... രാമായണമുണ്ടാകുമായിരുന്നോ?

എല്ലാവരും എല്ലായിപ്പോഴും ഒരേപോലെ ചിന്തിക്കണമെന്നില്ല. കൂട്ടുകെട്ട് പലപ്പോഴും പ്രശ്നമുണ്ടാക്കും. ധൃതിപിടിച്ച് വലിയ കാര്യങ്ങൾ ചെയ്യരുത്. ഇന്നലെ ചെയ്തതും പറഞ്ഞതും ഇന്നത്തെ പ്രശ്നത്തിനു കാരണമാകാതിരിക്കണം. ലോകം നമ്മുടെ വഴിയേ പോകില്ല. നമ്മുടെ ഏറ്റവും അടുത്തവരും പലപ്പോഴും പ്രശ്നക്കാരാകും. നിയതിയെന്നുണ്ട്. അതാണ് വിധി.

ചിന്തിക്കാനാണ് രാമായണം എഴുതിയത്. രാമായണത്തിലെ കഥാപാത്രങ്ങൾക്കു സംഭവിച്ചതെല്ലാം നമുക്കു പാഠമാകാനാണ് ഇങ്ങിനെയൊരു ചരിത്രമെഴുതിയത്. അത് ആചാരപ്രകാരം എല്ലാവർഷവും കർക്കിടത്തിൽ വായിക്കുന്നതു ഉത്തമമാണെന്നു നിർദ്ദേശിച്ചതും. വായിച്ചതും കേട്ടതും പഠിച്ചതും മറന്നുപോകാതിരിക്കാനുള്ള ഏറ്റവും ഉത്തമമായ വഴി; അതിനെ നിരന്തരം അനുശാസിക്കുന്ന ആചാരമാക്കി മാറ്റുക. അനുഷ്ഠാനത്തിന്റെ നിലവാരത്തിലേക്കുയർത്തുക. അതാണ് കേരള ജനത ചെയ്തത്. കർക്കിടകമാസം രാമായണമാസമാക്കുക. അതിൽ നിങ്ങളും പങ്കെടുക്കുക.

### ഭയത്തോടെയും വികാരത്തോടെയുമെടുത്ത തീരുമാനം

ദശരഥൻ രണ്ടു സങ്കീർണമായ ചെയ്തികളുടെ പരിണതഫലം അനുഭവിച്ചുകൊണ്ട് വേദനിക്കുന്നു. എല്ലാ നന്മകളും നിറഞ്ഞിരിക്കുന്നവനും തന്റെ മൂത്ത പുത്രനും, അവതാരവുമായ രാമനെ കോസലരാജ്യത്തിന്റെ യുവരാജാവായും പിന്നീട് തന്റെ കാലശേഷം രാജാവായും നിലനിർത്തണം. ധർമ്മശാസ്ത്രവും ഇതു തന്നെ നിർദ്ദേശിക്കുന്നു. മന്ത്രിമാർക്കും മറ്റു ഭരണാധിപൻമാർക്കും പ്രജകൾക്കും രാമൻ ധർമ്മത്തിന്റെ മൂർത്തിമത് ഭാവമാണ് അവസാനത്തെ വാക്കാണ്. രാമനപ്പുറത്തൊരു രാജാവിനെ ആർക്കും ചിന്തിക്കാനാകില്ല. ഭരതനും ലക്ഷ്മണനും ഒരു കുറവുമുണ്ടായിട്ടല്ല, എന്നാലും രാമനാണല്ലോ യഥാർത്ഥ അവകാശി. രാമനു



Scanned with CamScanner

യുവരാജാകാൻ സാധിക്കാതെ വന്നാൽ അതിനുത്തരവാദി ദശരഥനാണ്. ലോകത്തിന്റെ മുന്നിൽ ഉത്തരം പറയേണ്ടത് അദ്ദേഹമാണ്. അപവാദം കേൾക്കേണ്ടി വരുന്നതും അദ്ദേഹത്തിനാണ്. കൈകേയിയുടെ ഇംഗിതത്തിനുവഴങ്ങാതിരിക്കാനാകില്ല, താൻ കൊടുത്തവാക്കുപാലിക്കാതെ വരുകയെന്നത് ഭാരതത്തിൽ ചിന്തിക്കാനാകില്ല. ഇന്നത്തെ അവസ്ഥയിൽ നിന്ന് പുറകോട്ട് ചിന്തിച്ചാൽ നാമൊരിടത്തുമെത്തില്ല. ഇന്ന് വാക്കും വ്യവസ്ഥയും, ധർമ്മം, സത്യം നീതി ന്യായവും എല്ലാം ഉദയാസ്തമയത്തിനു വിധേയമാകുന്നത് മൈക്കിന്റെ മുമ്പിലാണ്. പണ്ട് അതിനു ഉദയമേയുള്ളൂ അസ്തമയമില്ല. ദശരഥൻ, കൊടുത്ത വാക്കിൽ നിന്നും പിന്മാറില്ല. കൈകേയി വരം ഇപ്പോൾ സ്വീകരിക്കുന്നതിൽ നിന്നും പിന്മാറില്ല. രാമന് രാജ്യാഭിഷേകം നടക്കാതെ പോകാതിരിക്കാൻ സാധിക്കുന്നതെല്ലാം, ശരിയും, തെറ്റും, ഒന്നും നോക്കാതെ ചെയ്യാൻ ദശരഥൻ ഒരുമ്പെട്ടും അത്യാഡംബരത്തോടെ ആഘോഷിക്കേണ്ടതായ യുവരാജ പട്ടാഭിഷേകം രാമന്റെ അനുജന്മാരുടെ അസാന്നിദ്ധ്യത്തിൽ നടക്കുന്നു. മന്ത്രിമാരും കുടുംബാംഗങ്ങളും പോലും അറിഞ്ഞത് മണിക്കൂറുകൾക്കു മുമ്പാണ്. ആരും തടസ്സമുന്നയിക്കാതിരിക്കാൻ! എതിർക്കാൻ അവസരം ലഭിക്കാതിരിക്കാൻ! എതിരഭിപ്രായം വരാതിരിക്കാൻ!.... ദശരഥൻ എടുത്ത തീരുമാനങ്ങളെല്ലാം പാളി. എന്തിനെയാണോ, ആരേയാണോ, എന്തൊക്കെയാണോ ഭയപ്പെട്ടിരുന്നത് അതെല്ലാം സംഭവിച്ചു. വിപരീതങ്ങളായി വരുമെന്നു ഭയപ്പെട്ടിരുന്നതില്ലാതാക്കാൻ ചെയ്തതു തന്നെ വൈപരീത്യങ്ങൾക്കുകാരണമായി.

ഒരു പക്ഷേ ഭരതനും ശത്രുഘ്നനും ബന്ധുവീട്ടിൽ നിന്നു വന്നതിനു ശേഷം, രാമനോടും ലക്ഷ്മണനോടും ചിന്തിച്ചതിനുശേഷം, മന്ത്രിമാരും രാജഗുരുവായ വസിഷ്ഠനുമായി ചർച്ച ചെയ്ത്, മൂന്നു പത്നിമാരേയും ഒരുമിച്ചിരുത്തി ഭൂതകാലസംഭവങ്ങളും വർത്തമാന സംഭവവികാസങ്ങളും, ഇതിന്റെയെല്ലാം ഭവിഷത്തുകളും വിചാരത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി വികാരാധീനനാകാതെ ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഒരുപക്ഷേ ഭരതൻ സിംഹാസനം സ്വീകരിക്കില്ലെന്നു വ്യക്തമായി അറിയാവുന്ന അവസ്ഥയിൽ രാമന് സിംഹാസനത്തിന്നർഹത ലഭിച്ചേനെ! പക്ഷേ നമ്മുടെ രാമായണത്തിന്നപ്പോൾ എന്തു സംഭവിക്കുമായിരുന്നു? രാമന്റെ ജന്മലക്ഷ്യത്തിന്നെന്തു സംഭവിക്കുമായിരുന്നു? ദശാവതാരങ്ങളിൽ ശ്രീരാമന് ഇടം കിട്ടുമായിരുന്നോ? ദശര



Scanned with CamScanner

ഥൻ, ഇടതും വലതും ചിന്തിക്കാതെ അടുത്തദിവസം രാമപട്ടാഭിഷേകം നടത്താൻ തീരുമാനിച്ചതിന്റെ ഫലമായി ഇന്നു നമുക്ക് രാമായണം എന്ന ഗ്രന്ഥം ലഭിച്ചു. രാമായണത്തിലെ അഭിനേതാക്കളെല്ലാം മൺമറഞ്ഞിട്ടും രാമായണം ത്രേതായുഗവും, ദ്വാപരയുഗവും കടന്ന് കലിയുഗത്തിലെ 5114 വർഷവും പിന്നിട്ടിരിക്കുന്നു. നാം പഠിക്കേണ്ടതായ പാഠമെന്ത്?

കാര്യങ്ങൾ വ്യക്തമായി വിലയിരുത്തുക. വരും വരായ്കകൾ വിലയി രുത്തുമ്പോൾ ഭൂതകാലവും വർത്തമാനവും ഭാവിയും മനസ്സിലുറപ്പി ച്ചുവെക്കുക. ഭയത്തോടെയും ധൃതിപിടിച്ചും കാര്യങ്ങൾ ചെയ്യാതിരി ക്കുക. പ്രശ്നങ്ങൾ പരിഹരിക്കേണ്ട വഴികൾ അടക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. വ്യക്തമായി അറിയാവുന്നവരുടെ ധർമ്മബോധം മുന്നിൽ നിർത്തി കാര്യങ്ങൾക്ക് ദിശാബോധമുണ്ടാക്കുക. ഏറ്റവും അടുത്ത ചിലരോടെങ്കിലും സംഭവിച്ചതു ചർച്ച ചെയ്യുക. സത്യത്തേയും ധർമ്മത്തേയും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായവരെ പ്രശ്നപരി ഹാരത്തിന് ഉപയോഗിക്കുക. ഇതൊന്നും ദശരഥൻ ചെയ്തില്ല. നമ്മ ളിൽ പലരും ചെയ്യാറുമില്ല.!

### നിർബന്ധബുദ്ധി പ്രശ്നം സങ്കീർണമാക്കുന്നു

കൈകേയി നന്മനിറഞ്ഞ അമ്മയാണ്. ധർമ്മബോധത്തിന്റെ മൂർത്തിമത് ഭാവമായ ഭരതന്റെ അമ്മ. ദശരഥന് ഇഷ്ടപ്പെട്ട ധർമ്മപത്നി. കേകയരാ ജാവിന്റെ പ്രിയപുത്രി. ഒരൊറ്റ ദാസിയുടെ നിർബന്ധപൂർണമായ ഉപ ദേശങ്ങൾക്കു വിധേയയായി. മറ്റാരുമായും ഈ സംഭവത്തിന്റെ വരും വരായ്കകളെക്കുറിച്ച് അവർ ചർച്ച ചെയ്തില്ല, സ്വയം ചിന്തിച്ചുമില്ല. അവരുടെ ഒരു തീരുമാനത്തിന്റെ പരിണതഫലം തുടക്കം മുതൽക്കവ സാനം വരെ ചിന്തിച്ചാൽ മാത്രം പോരാ. അവസാനത്തിൽ നിന്ന് തുട ക്കത്തിലേക്കും ചിന്തിക്കണം. സംഭവിക്കാനുള്ളതെല്ലാം സംഭവിച്ചതി നുശേഷം പരിതപിച്ചിട്ടുകാര്യമില്ല എന്നറിയാത്തവളായിരിക്കില്ല കൈകേ യി. കൂട്ടുകെട്ടിന്റെ ദൃഢതയിലൂടെ ലഭിച്ച വാക്കുകളുടെ സ്വാധീനത്തിന്റെ മാസ്മരവലയത്തിലവർപ്പെട്ട് ഒരു നിമിഷം ചിന്തിച്ചുപോയിക്കാണും; ഭര തൻ രാജാവായാൽ, തന്റെ ജീവതാന്ത്യം വരെ താനായിരിക്കും രാജ മാതാവ്! വൃദ്ധനായ ദശരഥൻ കാലതാമസമില്ലാതെ ദിവംഗതനാകു മ്പോൾ തനിക്കുനഷ്ടപ്പെടുന്ന രാജപത്നി പദവിക്കു തുല്യമായ പദവി രാജമാതൃസ്ഥാനം, ജീവിതാവസാനം വരെ തന്റെ മുന്നിലുണ്ട്. അർഹി ക്കാത്തത് ചോദിച്ച് വാങ്ങുന്നു എന്നോ, പിടിച്ചുവാങ്ങുന്നു എന്നോ



Scanned with CamScanner

തോന്നേണ്ടതായ കാര്യവുമില്ല. തനിക്കവകാശപ്പെട്ട രണ്ടുവരം അഥവാ വാഗ്ദാനം ഇപ്പോൾ വേണമെന്ന് അഭ്യർത്ഥിക്കുന്നു, അത്രയല്ലേയുള്ളൂ. സ്വയം ചിന്തിച്ച് മറ്റാരുടേയും അഭിപ്രായങ്ങൾ ചോദിക്കാതെ ഭരതനും ഇല്ലാതിരുന്ന വേളയിൽ, കൗസല്യയോടോ സുമിത്രയോടോ പോലും ഒന്നും വിവരിക്കാതെ ദശരഥന് സംഭവിക്കാൻ സാധ്യതയുള്ള അത്യധിക വേദനയുടെ പരിണതഫലവും ചിന്തിക്കാതെ, ദാസിയുടെ ശക്തമായ വാക്കുകൾക്ക് കീഴടങ്ങിയ വനിത ധീരതവനിത തന്നെയാണ് കൈകേയി. തന്റെ ധൈര്യം, രണ്ടുവരം നിർബന്ധപൂർവ്വം ആവശ്യപ്പെടുന്നതിനവർ ഉപയോഗിച്ചു.

ഭരതനെ രാജാവാക്കണമെന്ന ആവശ്യം ഉന്നയിക്കുന്നതിൽ മാത്രം ഒതുങ്ങിയില്ലാ, കൈകേയിയുടെ നിർബന്ധബുദ്ധി. രാമനെ ദശരഥന്റെ മുന്നിലെത്തിക്കാതിരിക്കാനും അവർ പരസ്പരം കണ്ടുമുട്ടാതിരിക്കാനും തളർന്നുതകർന്നു വീണ ദശരഥന്റെ അടുത്തേക്ക് മറ്റാരും, ലക്ഷ്മണനുൾപ്പെടെ, വരാതിരിക്കാനും, ദശരഥൻ തന്റെ അഭ്യർത്ഥന സ്വീകരിച്ച് രാമനെ 14 വർഷം കാട്ടിലേക്കയക്കാനും, ഭരതന് സിംഹാസനാവകാശം നൽകിയെന്നത് മറ്റെല്ലാവരേയും അറിയിക്കാനുമുള്ള ഉത്തരവാദിത്വവും കൈകേയി സ്വയം ഏറ്റെടുത്തു. തന്റെ ഉറച്ച തീരുമാനത്തിന് ചക്രവർത്തിയുടെ പൂർണപിന്തുണയുണ്ടെന്ന് ലോകത്തെ ബോധ്യപ്പെടുത്താനവർ ശ്രമിച്ചു. ഒന്നും ചിന്തിക്കാതെയുള്ള കൈകേയിയുടെ ഈ പ്രവൃത്തി ഒരു കുടുംബത്തെ, രാഷ്ട്രത്തെ, ഭരണകൂടത്തെ, അയൽരാജ്യങ്ങളെ.... എല്ലാം ഭയാനകമാംവിധത്തിലുള്ള വൈപരീത്യങ്ങളിലേക്കു നയിച്ചു. ദശരഥ ചക്രവർത്തി ഹൃദയാഘാതം മൂലം മരിച്ചു. മൂന്നു സ്ത്രീകൾ വിധവകളായി, നാലുപുത്രന്മാർക്ക് പിതാവിനേയും രാജ്യത്തിന് രാജ്യവും സാമന്തരാജ്യക്കന്മാർക്ക് ചക്രവർത്തിയും, സേനകൾക്ക് നാഥനും, മന്ത്രിമാർക്ക് രാജാവും... നഷ്ടപ്പെട്ടു.! ഒരു വ്യക്തിയുടെ നിർബന്ധബുദ്ധിവിതച്ചവിന!

ഇവിടെയും നമുക്കുപഠിക്കാനുള്ള പാഠമില്ലേ? നമ്മൾ എത്രധർമ്മബോധമുള്ളവരാണെങ്കിലും ചിലപ്പോൾ നമ്മുടെ നിർബന്ധബുദ്ധിയും ദുഃശാഠ്യവും വരുത്തുന്ന വിന അനുഭവിക്കുന്നതിനുമുമ്പ് അറിയാൻ വിഷമമായിരിക്കും. തന്നത്താനറിയാത്തവന് പിന്നെത്താനറിയും. അത് അവർ മാത്രമല്ല അറിഞ്ഞനുഭവിക്കേണ്ടി വരുന്നത്. കൂടെയുള്ളവരും അനുഭവിക്കേണ്ടിവരും. പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുള്ളവ



Scanned with CamScanner

രെല്ലാം കൈകേയിയുടെ ദുഷ്ടബുദ്ധിയുടെ പരിണതഫലം അനുഭവിച്ചു. ..... ആരാണിതിന്റെയൊക്കെ പിന്നിലെന്നു ലോകജനത കാര്യമാക്കില്ല. ആരിലൂടെയാണ് പ്രശ്നങ്ങൾ ഉത്ഭവിച്ചത് അതാണ് ലോകം ഉറ്റുനോക്കുന്നത്. കൈകേയിക്ക് മന്ഥരയെ പഴിചാരി രക്ഷപ്പെടാനാകില്ല. കാരണം കൈകേയി രാജപത്നിയാണ്. മന്ഥര വെറും ദാസിയാണ്.

**ഒരു രാഷ്ട്രം വഴിത്തിരിവിൽ**

ദശരഥന് പുത്രദുഃഖത്താൽ മരണമുണ്ട്. കൈകേയിക്ക് ദശരഥൻ രണ്ടു വരം വാഗ്ദാനം ചെയ്തിട്ടുമുണ്ട്. അതു ചോദിക്കുവാനുള്ള അർഹത കൈകേയിക്കുണ്ട്. എന്തും ഏതും ചോദിച്ചുവാങ്ങാനുള്ള അനുവാദം എങ്ങിനെ ഉപയോഗിക്കണമെന്നത് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യവും അവർക്കുണ്ട്. ഇവിടെ ആർക്കും ആരേയും കുറ്റപ്പെടുത്താനാകില്ല. എന്നിരുന്നാലും അപ്രതീക്ഷിതമായതാണോ സംഭവിച്ചതെന്നു ചോദിച്ചാൽ പലർക്കും അപ്രതീക്ഷിതമാണ്. ദശരഥന് അങ്ങിനെയായിരുന്നില്ല. അതുകൊണ്ടു തന്നെയാണ് വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ ഇതൊക്കെയായിരിക്കുമെന്ന് അറിഞ്ഞ ദശരഥൻ പെട്ടെന്ന് തീരുമാനങ്ങളെല്ലാമെടുത്തത്. ഒരു പക്ഷേ മറ്റെല്ലാം സംഭവിച്ചതിനുകാരണമായത് ഈ പെട്ടെന്നുള്ള ഏകവ്യക്തീ തീരുമാനമായിരുന്നു. ആധുനീക മാനേജ്മെന്റ് ഭാഷയിൽ എന്തെല്ലാം സംഭവിച്ചു എന്നത് അക്കമിട്ട് നിരത്തി കാര്യകാരണസഹിതം വിവരിക്കുന്നതിനേക്കാൾ അഭികാമ്യം കാര്യകാര്യങ്ങളുടെ അടിസ്ഥാനത്തിൽ സംഭവിച്ചതിന്റെ പരിണതഫലം എന്തായിരുന്നു എന്നു ചിന്തിക്കലാവും. കഴിഞ്ഞ ഭാഗത്തിൽ സൂചിപ്പിച്ചതു കൂടാതെ മറ്റൊന്നു കൂടി സംഭവിച്ചു. പറയാനും വയ്യാ, പറയാതിരിക്കാനും വയ്യ. പറഞ്ഞാൽ പ്രയോജനമില്ലെന്നുമറിയാം. ആരു തെറ്റുകാരൻ ആരു കുറ്റക്കാരൻ എന്നല്ല, ഇന്നലെ ചെയ്തതും ഇന്നലെ പറഞ്ഞതും ഇന്നത്തെ ദുഃഖത്തിന് കാരണമാകരുതെന്ന ഈ പാഠം രാമായണവായനക്കാർക്ക് ഉൾക്കൊള്ളാൻ സാധിച്ചാൽ അതാണ് രാമായണത്തിൽ നിന്നു പഠിക്കുന്ന മഹത്തായ പാഠങ്ങളിൽ ഒന്ന്.

പരമമായ നിസ്സഹായാവസ്ഥയിൽ നമ്മളിലോരോരുത്തരും രണ്ടു കാര്യങ്ങളായിരിക്കും ചെയ്യുക. ഒന്നാമത്തേത് ഈ സംഭവത്തിനു കാരണക്കാരായ എല്ലാവരേയും അതിശക്തമായ ഭാഷയിൽ വിമർശിക്കും. വിമർശനവാക്കുകളുടെ കാഠിന്യമനുസരിച്ചുള്ള ആത്മാർത്ഥത തനിക്കുണ്ടെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തും. രണ്ടാമത്തേകൂട്ടർ ആദ്യത്തെ



Scanned with CamScanner

വിഭാഗത്തോട് ചേർന്നുകൊണ്ടോ മാറി നിന്നുകൊണ്ടോ പറയും. സംഭവിച്ചതെല്ലാം സംഭവിച്ചു. ഇനി അടുത്തതെന്ത്, മറ്റുവഴികളും പോംവഴികളുമെന്ത്? ഇവിടെയാണ് ആധുനീക മാനേജ്മെന്റിന്റെ മറ്റൊരുവിവരണം! ത്രേതായുഗത്തിൽ നിന്നെടുക്കാവുന്നതുള്ളത്. ഇതെല്ലാം സംഭവിച്ചതിന്റെ ഫലമെന്ത്? രണ്ടുകാര്യം; അടുത്ത 14 വർഷം ശ്രീരാമൻ കോസലരാജ്യത്ത് അയോദ്ധ്യയിലുണ്ടാകില്ല. ദശരഥസിംഹാസനത്തിൽ ഭരതൻ (നന്മനിറഞ്ഞ ഭരതൻ) ഉപവിഷ്ടനാകും. തിന്മ നിറഞ്ഞ വ്യക്തിയല്ല ഇരിക്കാൻ പോകുന്നത്? അവകാശപ്പെടാത്തത് തട്ടിപ്പറിക്കാൻ ശ്രമിച്ചവനുമല്ല ഭരതൻ. ശക്തിയുപയോഗിച്ച് കീഴടക്കിയുള്ള ഭരണവുമാകാൻ പോകുന്നില്ല. ഭരതൻ ആരുടേയും മനസ്സിൽ നിറഞ്ഞുനിൽക്കുന്ന രാമതുല്യനാണ്. ആദ്യം ഭൂമിയിൽ വന്നവനല്ല, രാമനു ശേഷമാണ് വന്നത് എന്നുമാത്രം.

പിന്നെന്താണു പ്രശ്നം? എല്ലാവർക്കും ഇഷ്ടപ്പെട്ടവൻ, ധാർമ്മികതയുടെ മൂർത്തിമത് ഭാവം, അസാധാരണ ശസ്ത്ര-ശാസ്ത്രപാഠവമുള്ളവൻ, മാതൃകാപുരുഷൻ, വീരശൂര ധീരൻ, നല്ലൊരു വ്യക്തി, ധർമ്മശാസ്ത്രപ്രകാരം സിംഹാസനത്തിലിരിക്കാൻ അവകാശമുള്ള സീമന്തപുത്രൻ, എല്ലാവരുടേയും പ്രതീക്ഷ, ആ മനുഷ്യനാണ് ശ്രീരാമൻ! പക്ഷേ ശ്രീരാമൻ ഈ ഭൂമിയിൽ അവതരിച്ചതിന്റെ പ്രധാന ഉദ്ദേശം അയോദ്ധ്യയിലെ സിംഹാസനത്തിലിരിക്കലല്ലല്ലോ? എല്ലാവർക്കും ഒരു ജന്മഉദ്ദേശമുണ്ടാകണമല്ലോ? അതുകൊണ്ട് ദശരഥന്റെ ധൃതിപിടിച്ചുള്ള തീരുമാനവും, തെറ്റായ ചെയ്തികളും, കൈകേയിയുടെ ബുദ്ധിയും, മറ്റു പലരുടേയും ഉപദേശങ്ങളും, ദുരുപദേശങ്ങളുമെല്ലാം എത്തി നിന്നത് ദശരഥൻ ആഗ്രഹിച്ചതുപോലെ രാമനെ സിംഹാസനത്തിലിരുത്താനായില്ല എന്നതിലാണ്. രാമൻ തന്റെ നീയതി നിർണയിച്ചനുഷ്ഠിക്കാൻ പോയി. രാജ്യം-ജനത-പണ്ഡിതന്മാർ-ബന്ധുക്കൾ-പ്രജകൾ ... എല്ലാവരും ദുഃഖിച്ചു. അതിലൊന്നിലും ലക്ഷ്യവും ജന്മോദ്ദേശവും തെറ്റിക്കുന്നതിനുള്ള ന്യായീകരണമില്ല. ഇതു നമുക്കും ബാധകമാണ്.

### ഇങ്ങിനെ സംഭവിച്ചില്ലായിരുന്നെങ്കിൽ?

രാമായണത്തിൽ, വാത്മീകി വിവരിക്കുന്നതൊന്നും സംഭവിക്കാതെ മിക്കവാറും എല്ലാ രാജ്യങ്ങളിലും സംഭവിക്കുന്നതുപോലെ ശ്രീരാമൻ, ദശരഥന്റെ മൂത്തപുത്രൻ, തന്നെ രാജാവായി എന്ന വിചാരിക്കുക. അടുത്തൊരു ചോദ്യമുണ്ട്. രാജാവാകാനാണോ രാമൻ അവതരിച്ചത്? ലളി



Scanned with CamScanner

തഭാഷയിൽ തമാശയും ചേർത്തു വിവരിക്കുകയാണെങ്കിൽ, രാമൻ രാജാവായാൽ അദ്ദേഹത്തിന്റെ ജീവിതാന്ത്യം വരെയുള്ള സംഭവവികാസങ്ങൾ സംക്ഷിപ്തമായി എഴുതിയാൽ അതൊരു രാജാവിന്റെ വീരഗാഥയല്ലേ ആകുകയുള്ളൂ. ശ്രീരാമചരിതമാകുമോ? അഹല്യ-ശബരി-ഹനുമാൻ-ബാലി-രാവണൻ-കുംഭകർണ്ണൻ-ജഢായു-വിഭീഷണൻ-ലങ്കയുടെ ജനാവലി.... ഇവരുടെ കാര്യങ്ങളെല്ലാം ആരുനോക്കും? അവർക്കെല്ലാം ലഭിച്ചിട്ടുള്ള പ്രകൃതിയുടെ വാഗ്ദാനം-ശ്രീരാമദർശനം ലഭിക്കുമെന്ന വാഗ്ദാനം-എങ്ങിനെ നിറവേറ്റപ്പെടും? രാമൻ ഒരു രാജ്യത്തിന്റെ സിംഹാസനത്തിലൊതുങ്ങിക്കൂടിയാൽ, ഭാരതവർഷം തെക്കേയറ്റം വരെ സംഭവിക്കേണ്ടതൊന്നും സംഭവിക്കാതിരുന്നാൽ, ആ വിടവ് ആരു നികത്തും? അപ്പോൾ രാമൻ കാട്ടിലേക്കു പോകേണ്ടത്, ആർക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അതു രാമന്റെ, ദേശത്തിന്റെ, ജനതയുടെ, കാലത്തിന്റെ നിയതിയാണ്. ഇംഗ്ലീഷിൽ destiny എന്നു പറയാറില്ലേ.

രാമൻ കാട്ടിലേക്കു പോയില്ലായിരുന്നെങ്കിൽ 24,000 ശ്ലോകങ്ങളുള്ള രാമായണം ഉണ്ടാകുമായിരുന്നോ? രാമായണത്തിലെ ചരിത്രപുരുഷന്മാരെല്ലാം അവരവരുടെ ആയുസ്സിനൊത്ത് ജീവിച്ച് ഈ ലോകത്തുനിന്ന് യാത്രയായപ്പോൾ അവശേഷിച്ചത് ചൈതന്യവത്തായ രാമായണമാണ്. ശ്രീരാമൻ ആദ്യം മുതൽക്കേ സിംഹാസനത്തിലിരുന്നുവെങ്കിൽ ശ്രീരാമൻ, ഒരു രാജാവെന്നതിനപ്പുറം എന്തു പ്രസക്തിയാണുണ്ടാകുക. അവതാരമായി രാമനെക്കാണാനൊക്കുമോ? അശോകചക്രവർത്തി പോലെയോ, വിക്രമാദിത്യനെ പോലെയോ ഒരു പ്രഗത്ഭനായ ചക്രവർത്തിയായി മാത്രം അറിയപ്പെടും, രാമൻ. രാമായണത്തിന് ഇന്നു ലഭ്യമായ പവിത്രസ്ഥാനമുണ്ടാകില്ല. അതൊരു ബയോഗ്രഫിഗ്രന്ഥമായിത്തീരും. അതും, രാമനെന്ന രാജാവിന്റെ ചരിത്രം എഴുതാനായി ആരെങ്കിലും മുന്നോട്ടു വന്നാൽ മാത്രമേ, ഉണ്ടാകുകയുമുള്ളൂ.

ഗീതാവരിയുടെ മഹത്വം സംഭവാമി യുഗേയുഗേ; അതാതു കാലഘട്ടത്തിൽ സംഭവിക്കാനുള്ളത് സംഭവിപ്പിക്കുന്നത് പ്രകൃതിനിയമമാണ്; നമുക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും! മനുഷ്യരചനകളായ ധർമ്മശാസ്ത്രത്തിന് അത് എതിരാണെങ്കിലും അനുകൂലമാണെങ്കിലും, പ്രകൃതിയുടെ തീരുമാനം 'Cosmic consciousness' പ്രകാരമേ കാര്യങ്ങൾ നടക്കൂ. അത് നിയമസഭയിലും, ലോകസഭയിലും, കോടതിയിലും, ഒന്നും വിലപോകാത്തതും ചോദ്യം ചെയ്യാനാകാത്തതുമായ കാലത്തിന്റെ തീരുമാനങ്ങളാണ്. രാമൻ ലങ്കവരെ എത്തിയേ മതിയാകൂ!



Scanned with CamScanner

ഇവിടെ മനുഷ്യൻ തീരുമാനിക്കുന്നതും പ്രകൃതി തീരുമാനിക്കുന്നതും ആയ രണ്ടുകാര്യങ്ങളുണ്ട്. മനുഷ്യൻ ആഗ്രഹിക്കുന്നതും, തീരുമാനിക്കുന്നതും, നിശ്ചയിക്കുന്നതുമെല്ലാം നടക്കണമെന്നാഗ്രഹിച്ചുകൊണ്ടാണ്. ചിലതെല്ലാം നടക്കും, നടപ്പിലാകുകയും ചെയ്യും. പക്ഷേ പ്രകൃതിയുടെ തീരുമാനം! അതു നടപ്പിലാക്കേണ്ടതിൽ ഒരു ശക്തിക്കും സംശയമില്ല. നടപ്പിലാകുമോ എന്ന ചോദ്യത്തിന് പ്രസക്തിയുമില്ല. നടപ്പിലാകുക തന്നെ ചെയ്യും. മനുഷ്യന്റെ വ്യാവഹാരിക ലോകം മനുഷ്യസൃഷ്ടിയാണ് അതിനു പരിമിതിയുണ്ട്. പ്രകൃതിയുടെ നീയതി പ്രപഞ്ചത്തിന്റേതാണ്. അതിന് അണുവിട വ്യത്യാസം വരാതെ നടന്നിരിക്കും. **പ്രകൃതേർ ക്രിയമാണാനി...** പ്രകൃതിയുടെ നിശ്ചയമതാണ്. അഹങ്കാര **വിമൂഢാത്മാ കർത്താഹമിതി മന്യതേ!** അഹങ്കാരത്തിന്റെ ശൃംഗത്തിലിരിക്കുന്നവൻ വിചാരിക്കുന്നു, ഞാനാണിതിനെല്ലാം കാരണമെന്ന്. അല്ല -അല്ലേ അല്ല... പ്രകൃതി നമ്മെ കൈപിടിച്ചു നയിക്കും. പ്രകൃതിക്കിഷ്ടപ്പെട്ട വഴിയിലൂടെ മാത്രം.

## പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രാമൻ

പ്രശാന്തമായിരുന്നു കോസലം! ചൈതന്യം നിറഞ്ഞുനിൽക്കുന്ന കോസലരാജ തലസ്ഥാനം അയോദ്ധ്യ. അവതാരമായ ശ്രീരാമന്റെ സാന്നിദ്ധ്യത്താലും അല്ലാതെയുമുള്ള ധന്യമായ രാജകുടുംബം. ഇവിടെയൊരഗ്നി പർവ്വതം പൊട്ടിയാൽ എന്തു സംഭവിക്കും? ഇനിയൊരു 14 വർഷം രാമൻ വനത്തിലേക്കു പോയേതീരൂ. ഭരതൻ സിംഹാസനത്തിലിരിക്കും. ദശരഥൻ തളരും. അയോദ്ധ്യാവാസികൾ പ്രതികരിക്കും, രാജഗുരുക്കന്മാരും ഋഷിമാരും പണ്ഡിതരും പ്രതികരിക്കും, വ്യത്യസ്ത അഭിപ്രായങ്ങളും പ്രതികരണങ്ങളുമുണ്ടാകും, വിമർശനങ്ങളും ശകാരവർഷങ്ങളുമുണ്ടാകും, പല പല പോംവഴികളും പലരും പലരോടായി പറയും... ദിവസങ്ങൾ മുന്നോട്ടു നീങ്ങും, സംഭവിക്കാനുള്ളത് പ്രകൃതിയുടെ നിയതിപോലെ സംഭവിക്കും. അതോടെ എല്ലാവരും ഭൂതകാലം മറക്കും, അതൊരു ചർച്ചാവിഷയമേ അല്ലാതാകും. പിന്നേയും കാലചക്രം തിരിയും... ഇതൊരു പ്രവചനമല്ല. ഇതാണ് യാഥാർത്ഥ്യം! മന്ഥര കൈകേയിയെ രണ്ടു കാര്യത്തിന് നിരന്തരം പ്രോത്സാഹിപ്പിച്ചിരുന്നു. മന്ഥര അൽപബുദ്ധിയല്ല; '14 വർഷത്തിൽ' അവർക്ക് ഒരു നോട്ടമുണ്ടായിരുന്നു; ഭരതന് സിംഹാസനത്തിന്റെ കൈവശാവകാശം. തിരിച്ചുവരുന്ന രാമന് 14 വർഷത്തിനുശേഷം രാഷ്ട്ര ഭരണാവകാശം നൽക



Scanned with CamScanner

ണമോ വേണ്ടയോ എന്ന് ധർമ്മശാസ്ത്രം വിവരിക്കുന്നില്ല. അതുകൊണ്ട് ഭരതൻ ആജീവനാന്തം അയോദ്ധ്യാസിംഹാസനത്തിലും, കൈകേയി ജീവിതാന്ത്യം വരെ രാജമാതാവായും, മന്ഥര രാജമാതാവിന്റെ പ്രിയദാസിയായും വാണരുളാം അതുകൊണ്ട് ഒരു വലിയ കമ്പനിയിലെ സിഇഒ തന്റെ തീരുമാനം മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കുന്നതുപോലെ മന്ഥര, തന്റെ ആഗ്രഹം കൈകേയിയുടെ തീരുമാനമാക്കി മാറ്റി ദശരഥനെക്കൊണ്ട് അംഗീകരിപ്പിച്ച്, രാമനെക്കൊണ്ട് സ്വീകരിപ്പിക്കുന്നു.

രാമൻ, പുത്രധർമ്മവും രാജകൽപനയും ഒരുപോലെ അംഗീകരിക്കുന്നതിനുമുമ്പ് പലരും ഉപദേശിച്ചു. ചാർവാകശാഖയിലെ ഋഷി പറഞ്ഞു; വൃദ്ധനായ പിതാവിന് ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുണ്ടാകും, ഹേ രാമ! ധർമ്മശാസ്ത്രം അനുശാസിച്ചു ഭരിക്കുന്ന സൂര്യവംശ ചക്രവർത്തിമാർ അതു ശിരസാവഹിച്ചുകൊണ്ട്, പിതാവിനെ ധിക്കരിച്ചായാലും അങ്ങ് സിംഹാസനത്തിലാരോഹണം ചെയ്യുക. അത് ധർമ്മനിന്ദയല്ല മറിച്ച് ധർമ്മാനുശാസനവും രാഷ്ട്രഹിതമാണ്. ധർമ്മശാസ്ത്രങ്ങളിലൊന്നെഴുതിയ വസിഷ്ഠൻ പറഞ്ഞു; ഭാര്യയും ഭർത്താവും രണ്ടു ശരീരമാണെങ്കിലും അവർ ഒന്നാണ്. അതിനാൽ രാമൻ വനവാസമനുഷ്ഠിക്കുമ്പോൾ രാമന്റെ പേരിൽ സീത രാജ്യം ഭരിക്കട്ടെ. പ്രജകൾ അനവധി നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചു. ലക്ഷ്മണൻ വികാരതീവ്രമായി പ്രതികരിച്ചു... കൗസല്യ കരഞ്ഞു, ദശരഥൻ തളർന്നുവീണു, സുമിത്ര ശാന്തയായിരുന്നു, രാമൻ എന്തു തീരുമാനമെടുക്കും?

കൈകേയിയുടെ നിർദ്ദേശം പിതൃനിർദ്ദേശംപോലെ രാമൻ അംഗീകരിച്ചു. പിതാവിന്റെ ആഗ്രഹം തന്നെയാണോ കൈകേയി തന്നെ അറിയിച്ചതെന്ന് പരിശോധിച്ചില്ല. വികാരവേശനായ ലക്ഷ്മണനെ രാമൻ, ശാസനാരൂപത്തിൽ ലക്ഷ്മണോപദേശം കൊടുത്ത് ശാന്തനാക്കി. വസിഷ്ഠന്റെ ഉപദേശം സ്വീകരിക്കണമോ തള്ളിക്കളയണമോ എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം, രാമൻ സീതക്കു വിട്ടുകൊടുത്തു.

സമചിത്തതയോടെ, ദുഃഖമില്ലാതെ, വേവലാതിയില്ലാതെ, രാമൻ കാട്ടിലേക്കു പുറപ്പെട്ടു. നിശ്ചയദാർഢ്യത്തോടെ പ്രകൃതി തന്നെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യങ്ങളെല്ലാം നിറവേറ്റാനായുള്ള വനയാത്ര!

സംഘർഷപൂരിതമായ അന്തരീക്ഷത്തിലും അടിപതറാതെ രാമൻ സ്ഥിതപ്രജ്ഞനെ പോലെ നിലകൊണ്ടു. വികാരങ്ങൾക്കടിമപ്പെടാതെ സർവ



Scanned with CamScanner

സാധാരണമായ ഒരു സംഭവം പോലെ രാമൻ കാര്യങ്ങൾ കൈകാര്യം ചെയ്തു. അടുത്ത 14 വർഷം സീതയോടും ലക്ഷ്മണനോടും ചേർന്നുള്ള ഈ യാത്ര രാമനെ ഭയപ്പെടുത്തിയില്ല, ചിന്തിപ്പിച്ചുമില്ല. വരുന്നതെല്ലാം അപ്പോൾ കാണാം. ദുഃഖിക്കലും, ഭയപ്പെടലും, വിമർശിക്കലും, പ്രതികരിക്കലും ഒന്നുമില്ലാതെ ദൃഢനിശ്ചയം ശ്രീരാമൻ പ്രദർശിപ്പിച്ചു . നമുക്കെല്ലാം ഇതുപോലെ അനുശാസിക്കാൻ ബുദ്ധിമുട്ടാണെങ്കിലും, മാതൃകാപരമായി തന്റെ തീരുമാനം രാമൻ നടപ്പിലാക്കി.

**പല അഭിപ്രായങ്ങൾ ഏകതീരുമാനം**

ശ്രീരാമൻകാട്ടിലേക്കുപോകണം. ദശരഥന്റെ നിർദ്ദേശം കൈകേയിയിലൂടെ രാമനു ലഭിച്ചു. ഈ വിഷയം അതിഗഹനമായ ചർച്ചക്കും വിമർശനങ്ങൾക്കും ദേഷ്യപ്രകടനത്തിനുമെല്ലാം കാരണമായി. ഇതെല്ലാം നടന്നുകൊണ്ടിരിക്കുമ്പോഴും രാമനറിയാം ഇതിലൊന്നിലും വലിയ കാര്യമൊന്നുമില്ലെന്ന്; അതിനുകാരണം നിർദ്ദേശം പിതാവിന്റേതാണ്. അതു ലഭിച്ചതാകട്ടെ കൈകേയി മാതാവിൽ നിന്നും. രണ്ടുപേരേയും അവിശ്വസിക്കേണ്ടതായ ആവശ്യം ഇതുവരെയുണ്ടായിട്ടില്ല. അതുകൊണ്ടു തന്നെ അവിശ്വസിക്കേണ്ടതില്ല, തീരുമാനവും നിർദ്ദേശവും ഇഷ്ടമുള്ളതാണെങ്കിലും അല്ലെങ്കിലും! കർമ്മപന്ഥാവിലൂടെ നിശ്ചയദാർഢ്യത്തോടെ പോകുന്നവർ, അഭിപ്രായങ്ങൾ പലരിൽ നിന്നു കേൾക്കുമ്പോഴും തീരുമാനം സ്വന്തമായിട്ടെടുക്കും. രാമനും ചെയ്തത് അതാണ്. അതാണ് ധീരന്മാരുടെ ലക്ഷണം! ഇത്രയും കാലം രാജകൊട്ടാരത്തിൽ സമൃദ്ധിയുടെ മധ്യത്തിൽവസിച്ചു. ഇനിയൊരു 14 വർഷക്കാലം ഘോരവനാന്തരങ്ങളിലൂടെ ലക്ഷ്യമില്ലാത്ത യാത്ര. ആരും തളർന്നുപോകുന്ന അവസ്ഥ.

തന്റെ കൂടെ വരാൻ അതിയായ ആഗ്രഹം പ്രകടിപ്പിച്ച ലക്ഷ്മണനെ, രാമൻ പിന്തിരിപ്പിക്കാൻ ശ്രമിച്ചു, നടന്നില്ല. അതൊരു നിയതിപോലെയായിരുന്നു. ലക്ഷ്മണൻ രാമന്റെ കൂടെ വന്നില്ലായിരുന്നെങ്കിൽ രാമായണത്തിന്റെ ഗതി മറ്റൊന്നാകുമായിരുന്നു. രാമന്റെ കൂടെയിറങ്ങാൻ തയ്യാറായി സീത നിൽക്കുന്നു. രാജകൊട്ടാരത്തിൽ ജനിച്ചു വളർന്ന് ജനകന്റെ എല്ലാ സ്നേഹമസൃണമായ പരിലാളനയിലും ജീവിച്ച്, പിന്നെ ദശരഥചക്രവർത്തിയുടെ കൊട്ടാരത്തിലെ ജീവിതാനുഭവങ്ങളുമനുഭവിച്ചതുപോലെയാകില്ല ഘോരവനത്തിലുണ്ടാകുക എന്നു സീതയെ ബോദ്ധ്യപ്പെടുത്താൻ രാമൻ ശ്രമിച്ചു. ആ ശ്രമം വിഫലമായി രാമനെ



Scanned with CamScanner

വിടെയുണ്ടോ അവിടെയേസീതയുണ്ടാകു. സീതയുള്ളിടത്ത് രാമനുണ്ടാകും. രാമന്റെ സുഖവും ദുഃഖവും തന്നെയാണ് സീതയും ഇഷ്ടപ്പെടുന്നത്. അതുകൊണ്ടുതന്നെയായിരിക്കും സീതാരാമനെന്ന പദപ്രയോഗം തന്നെ ഉണ്ടായത്. ഇവിടെ സമകാലീന പ്രസക്തമായ മറ്റൊന്നുകൂടി സംഭവിച്ചു. രാമന്റെ കൂടെയുള്ള വനവാസത്തിന് രാമൻ അനുവദിക്കാതിരിക്കുമോ എന്നു ഭയന്നായിരിക്കാം, അല്ലെങ്കിൽ അങ്ങിനെയൊന്നു ശങ്കിച്ചായിരിക്കാം, സീതാദേവി പത്നീധർമ്മം അടിമുടി രാമനോട് വിവരിക്കുന്നത്. ഒരു ഭാര്യ അവരുടെ സ്വന്തം ധർമ്മം എന്താണെന്ന് ഭർത്താവിനെ പറഞ്ഞു കേൾപ്പിക്കുക. അതു ചെയ്തതാകട്ടെ പരോക്ഷമായിട്ടായിരുന്നു താനും.

എന്റെ വലത്തെ കൈ അങ്ങയുടെ കയ്യിലേൽപ്പിച്ച്, എന്റെ പിതാവ് ജനക മഹാരാജാവ് എന്നോടായി പറഞ്ഞ നിർദ്ദേശങ്ങളും ഉപദേശങ്ങളും അങ്ങ് കേട്ടതല്ലേ. രാമന്റെ നിഴൽപോലെ കൂടെയുണ്ടാകണം, സുഖത്തിലും, ദുഃഖത്തിലും, രാമനെവിടെയുണ്ടോ അവിടെയാണ് സീത, നീണ്ടുപോകുന്ന ഈ ഭാര്യ, ധർമ്മ ഉപദേശം സീതയുടെ മനസ്സിൽ പാകപ്പെടുത്തിയ ജനകന്റെ വരികളാണ്. ഇവിടെയാണ് എല്ലാ ധർമ്മശാസ്ത്രങ്ങളിലും താത്വീകമായി വിവരിക്കുന്ന പത്നീധർമ്മത്തിന്റെ പ്രായോഗിക ഭാവം നമുക്കു കാണാനാകുന്നത്. സീതാദേവി, രാമന്റെ കൂടെയില്ലായിരുന്നെങ്കിൽ രാവണനിഗ്രഹവുമില്ല രാമായണവുമില്ല. രാമായണം രാമന്റെ വനയാത്രയുടെ ഒരു യാത്രാവിവരണം മാത്രമാകുമായിരുന്നു.

ഇവിടെ നാം ചിന്തിക്കണം സംഘർഷപൂരിതമായ സംഭവങ്ങൾ നടക്കുമ്പോൾ നാം ആദ്യാവസാനം ചിന്തിക്കേണ്ടത് നമ്മുടെ ധർമ്മമെന്തെന്നാണ്. എനിക്ക് എന്റെ ധർമ്മത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ലെങ്കിൽ ഞാൻ സ്വയം എന്തു ചെയ്യും. മറ്റുള്ളവർക്കെങ്ങിനെ മാർഗനിർദ്ദേശം നൽകും. അതാണ് **സ്വധർമ്മേ നിധനം ശ്രേയഃ** സ്വന്തം ധർമ്മം അറിഞ്ഞ് അതിൽ ദൃഢമായി നിലകൊള്ളുക! അതു സീത ചെയ്തു കാണിച്ചുതന്നു. ഒരു ഭാര്യ സ്വന്തം ധർമ്മം ഭർത്താവിനോട് വിവരിക്കുന്നു. തനിക്കുലഭിച്ച ഉപദേശം ജീവിതത്തിൽ പകർത്തേണ്ടതായ സമയമാണിതെന്നു കൂടി അറിയിക്കുക. നമ്മുടെ കുടുംബാംഗങ്ങൾക്കും ഇതു ബാധകമല്ലേ.

## സ്വാർത്ഥതയുടെ പരിണതഫലം

സ്വന്തം മക്കൾ വളരണം ഉയരണം രാജാവാകണം എന്നെല്ലാമുള്ള ആഗ്രഹം മാതാപിതാക്കൾക്കുണ്ടാകുന്നത് തെറ്റല്ല. അതു വളരെയധികം നന്മ നിറഞ്ഞ ആഗ്രഹവുമാണ്. അത്തരത്തിലുള്ള ഒരാഗ്രഹം തെറ്റാകുന്നത് എപ്പോഴാണെന്ന് വിചിന്തനം ചെയ്താൽ നമുക്കു മനസ്സിലാകും. അത്യാഗ്രഹത്തിലൂടെയും അർഹിക്കാത്തതും മറ്റൊരുവന്റെ അവകാശത്തെ അതിലംഘിച്ച് തനിക്കും, തന്റെ മക്കൾക്കും ഉന്നതസ്ഥാനത്തിലെത്തണം എന്ന ആഗ്രഹത്തെയാണ് സ്വാർത്ഥതയെന്നു പറയുന്നത്. ഭരതനെ രാജാവാക്കണമെന്ന് കൈകേയിക്ക് ആഗ്രഹമുണ്ടായാൽ അതിൽ തെറ്റൊന്നുമില്ല. തനിക്ക് രാജമാതാവാകണമെന്ന് കൈകേയി ആഗ്രഹിക്കുന്നതും തെറ്റല്ല. പിന്നെ തെറ്റുസംഭവിച്ചതെവിടെയാണ്? ധർമ്മശാസ്ത്രം അടിവരയിട്ടു പറയുന്നു; അന്ധ-മൂക- ബധിരനല്ലാത്തവനും, അംഗവൈകല്യമില്ലാത്തവനുമാണ്, ഒരു രാജാവിന്റെ, മൂത്തപുത്രനെങ്കിൽ അവൻ തന്നെയാണ് രാജാവാകേണ്ടത്. മൂത്തപുത്രനായ ധൃതരാഷ്ട്രർക്ക് ഹസ്തിന പുരത്തിന്റെ രാജാവാകാൻ സാധിക്കാതെ പോയത് അന്ധനായതുകൊണ്ടുമാത്രമാണ്. ഇവിടെ രാമന് ശാരീരികമോ മാനസീകമോ ആയ ഒരു വൈകല്യവുമില്ല. രാജസിംഹാസനത്തിന്നർഹതയും രാമനാണ്. എല്ലാവർക്കും പ്രിയപ്പെട്ടവനും രാമനാണ്. ആ രാമനെ ഒരു കാരണവുമില്ലാതെ കാട്ടിലേക്കയച്ച് തന്റെ മകനെ രാജാവാക്കണമെന്ന നിർബന്ധബുദ്ധിക്ക് ധർമ്മശാസ്ത്രമോ, പണ്ഡിതരോ, മന്ത്രിസഭയോ, ലോകജനതയോ അംഗീകാരം നൽകുന്നില്ല. അതുകൊണ്ടു മാത്രമാണ് കൈകേയിയുടെ ആഗ്രഹം സ്വാർത്ഥതയായിത്തീരുന്നത്. ഭരതന്റെ പോലും അംഗീകാരമില്ലാത്തതും കൂടിയാണത്. എല്ലാ അർത്ഥത്തിലും ഏകപക്ഷീയം. അത്തരത്തിലുള്ള സ്വാർത്ഥത ധന്യമായ ഒരു കുടുംബത്തിലെ ഒരംഗത്തിന്, അതും ഒരു ചക്രവർത്തിയുടെ കുടുംബത്തിൽ, സംഭവിച്ചാലത്തെ പരിണതഫലമാണ് രാമായണമെന്ന ഗ്രന്ഥത്തിന്റെ ബാക്കി ഭാഗം.

നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ഈ സ്വാർത്ഥയുടെ പരിണതഫലം ഇങ്ങിനെയൊക്കെയായിത്തീരുമെന്നു; മൂന്നു ധർമ്മപത്നിമാർ വിധവകളായി, നാലുപുത്രന്മാർക്ക് പിതാവു നഷ്ടപ്പെട്ടു, ഒരു രാഷ്ട്രത്തിന്റെ ചക്രവർത്തി അപ്രത്യക്ഷനായി, ദേവതുല്യനായ രാജാവ് ദിവംഗതനായി, പ്രജകളുടെ എല്ലാമെല്ലാമായ ഭരണത്തലവൻ ഹൃദയാഘാതംമൂലം



Scanned with CamScanner

അന്ത്യയാത്ര പറഞ്ഞു, രാജകൊട്ടാരം അനാഥമായി, ... ഇതെല്ലാം സംഭവിച്ചതിന് കാരണക്കാരൻ അഥവാ കാരണക്കാരി ആരെല്ലാമായിരുന്നു എന്നു ആരെങ്കിലും ചോദിച്ചാൽ എല്ലാവരും വിരൽ ചൂണ്ടുന്നത് കൈകേയിക്കു നേരെ മാത്രമായിരിക്കും. അതെ ഒരു സ്ത്രീയുടെ സ്വാർത്ഥത ഒരു കുടുംബത്തെയും സമൂഹത്തെയും രാഷ്ട്രത്തെയും ആ രാഷ്ട്രവുമായി ബന്ധപ്പെട്ട മറ്റു രാഷ്ട്രങ്ങളെയും പോലും അനാഥമാക്കി. തിരിച്ചുവരാൻ സാധിക്കാത്ത ലോകത്തിലേക്ക് ദശരഥരാജൻ യാത്രയായി. നമ്മളിലും സ്വാർത്ഥത വളരുമ്പോൾ, വീണ്ടുവിചാരമില്ലാതെ നാം പലതും ചെയ്യുമ്പോൾ പലതും സംഭവിക്കുന്നത് തിരുത്താൻ സാധിക്കാത്ത അബദ്ധങ്ങളും കുറ്റങ്ങളും നഷ്ടങ്ങളുമാണ്. ഈ രാമായണ പാഠം നമ്മളെ പഠിപ്പിക്കട്ടെ. നന്മ ചെയ്യണമെന്ന സ്വാർത്ഥതയാണ് സ്വാർത്ഥതയുടെ തിന്മയില്ലാത്ത സ്വാർത്ഥത. അല്ലാത്ത സ്വാർത്ഥതയാണ് തെറ്റെന്നു പറയുന്നത്.

## ദൃഢനിശ്ചയത്തിന്റെ ഉത്തമ മാതൃകകൾ

രാമായണത്തിൽ തെറ്റു ചെയ്തവരും ചെയ്യുന്നവരും ശരി ചെയ്തവരും ചെയ്യുന്നവരും അവരവരുടെ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നവരും നിന്നവരുമാണ്. ത്രേതായുഗത്തിലെ ജനതയുടെ ഉറച്ച തീരുമാനങ്ങൾ എന്നേ ഇതിനെക്കുറിച്ചു പറയാനാകൂ. ദശരഥൻ, താൻ വാഗ്ദാനം ചെയ്ത വരം കൊടുക്കില്ല എന്നൊരിക്കലും പറഞ്ഞില്ല. മരണത്തിന്റെ വക്കത്തെത്തിയപ്പോഴും ദശരഥൻ തന്റെ വരവാഗ്ദാനത്തിൽ ഉറച്ചുനിന്നു. മന്ഥര തന്റെ ഉപദേശത്തിൽ ഉറച്ചുനിന്നു. കൈകേയി തന്റെ ആവശ്യത്തിലുറച്ചുനിന്നു. രാമൻ വനയാത്രക്കായി പോകുമെന്നതിൽ ലക്ഷ്മണൻ അതേ തീരുമാനമെടുത്തു. തന്നോടു കാട്ടിലേക്കുപോകണമെന്ന് ആരും ആവശ്യപ്പെട്ടിട്ടില്ലെങ്കിലും താനും, രാജകൊട്ടാരത്തിലെ എല്ലാ സുഖസൗകര്യങ്ങളും ത്യജിച്ച് രാമനോടൊപ്പം തന്നെയാണെന്നതിൽ സീത ഉറച്ചു നിന്നു. ലക്ഷ്മണപത്നി ഊർമ്മിള തന്നെ കൂടി കാട്ടിലേക്ക്, ഈ യാത്രയിൽ, കൊണ്ടുപോകണമെന്ന് പറഞ്ഞില്ല. താൻ രാജസിംഹാസനത്തിലിരിക്കില്ല എന്ന തീരുമാനത്തിൽ ഭരതൻ ഉറച്ചുനിന്നു, സീതയെ തിരിച്ചു കൊടുക്കില്ല എന്നതിൽ നിന്ന് രാവണൻ വ്യതിചലിച്ചില്ല, വിഭീഷണൻ രാവണന്റെ കൂടെ നിൽക്കില്ലെന്നുറപ്പിച്ചു പറഞ്ഞു....!



Scanned with CamScanner

തീരുമാനമെടുക്കേണ്ടവരെല്ലാം ഉറച്ച തീരുമാനമെടുത്തതു കൊണ്ട് രാക്ഷസരാജാവായ രാവണൻ വധിക്കപ്പെട്ടു. ലങ്കക്ക് ഒരുത്തമ ഭരണാധികാരിയായ വിഭീഷണനെ ലഭിച്ചു. കിഷ്കിന്ധ ധർമ്മപഥത്തിലേക്കെത്തി. ദക്ഷിണ ഭാരതവും ഉത്തരഭാരതവും ദശരഥനെന്ന ഭരണാധികാരിയിലൂടെയും അദ്ദേഹത്തിന്റെ പുത്രരിലൂടെയും (ഒരു ഭാഗത്തും) ഹനുമാൻ, വിഭീഷണൻ, സുഗ്രീവൻ എന്നിവരിലൂടെയും (മറുഭാഗത്ത്) ഒന്നായി ഭവിച്ചു. അവരിലാരും ഇന്ന് ഈ ഭൂമുഖത്തില്ലെങ്കിലും അവരെടുത്ത ഉറച്ച തീരുമാനത്തിന്റെ ഉപഭോക്താക്കൾ ഇന്നും ഈ ലോകത്തിലുണ്ട്, ഭാരതീയ മനസ്സിലും, ഭാരതീയർ വസിക്കുന്ന മറ്റു ദേശവാസികളുടെ മനസ്സിലും രാമായണത്തിലെ ചരിത്ര പുരുഷന്മാരുണ്ട്. രാമായണവുമുണ്ട്. രാമായണത്തിന്റെ തന്നെ വിവിധ വ്യാഖ്യാനങ്ങൾ, ഭാരതത്തെ ഏകോപിപ്പിച്ചുകൊണ്ട് ഇന്നും നിലനിൽക്കുന്നുമുണ്ട്.

നമ്മളെടുക്കുന്ന തീരുമാനം താൽക്കാലികമായ ദുഃഖങ്ങൾക്കും വേദനകൾക്കും വിഷമങ്ങൾക്കും ചിലപ്പോൾ കാരണമായേക്കാം. എന്നാൽ അവയുടെ നന്മനിറഞ്ഞ ദീർഘകാല ഫലങ്ങൾ. ഉത്തമകർമ്മഫലങ്ങളെ തരുന്നവയായിത്തീരും. ചിലത് കാലത്തിനുമാത്രമേ തെളിയിക്കാനാകൂ! ചിലത് ക്രാന്തദർശികൾക്ക് ഊഹിച്ചെടുക്കാനാകും. അവർക്കുവേണ്ടി ചിലർ വഴിമാറികൊടുക്കേണ്ടിവരും. അതു വസിഷ്ഠനായാലും, അയോദ്ധ്യവാസികളായാലും...! രാമനും ലക്ഷ്മണനും സീതയും ചെയ്തതെല്ലാമാണ് ശ്വാശ്വതമായ ശരികൾ. അവർ തന്നെ താൽക്കാലികമായ തെറ്റുകൾ ചെയ്തിട്ടുണ്ടാകാം. ആ ചെറിയ തെറ്റുകളിലൂടെയാണ് പ്രകൃതി അവരെ വലിയ ശരികളിലേക്ക് കൊണ്ടുപോയത്. നമ്മുടെ ജീവിതത്തിലും ഇതുപോലെയൊക്കെ സംഭവിച്ചിട്ടുണ്ടാകും! ഒന്നു പുറകോട്ടു തിരിഞ്ഞുനോക്കിയാൽ ഇതെല്ലാം മനസ്സിലാകും. കുറെ ചെറിയ തെറ്റുകൾ വലിയ ശരികളായി ഭവിച്ചിട്ടുണ്ടെങ്കിൽ അതിനെല്ലാം ചേർത്ത് പ്രയോഗിക്കുന്ന പദമാണ് **ഈശ്വരനിശ്ചയം**. നമ്മളെല്ലാം ആ നിശ്ചയത്തിന്റെ അനുശാസകരാണ്. ഇവിടെ ഈശ്വരാനുയായികൾ രാമായണത്തിലെ ചരിത്രപുരുഷന്മാരാണ്. നമുക്കും അങ്ങിനെയാകാൻ ശ്രമിക്കാം!

## വികാരത്തിന്നടിമയാകരുത്

രാമായണം നമുക്കു നൽകുന്നത്, രാമായണത്തിലെ ചരിത്രപുരുഷന്മാരുടെ ജീവിതാനുഭവങ്ങളിലൂടെയുള്ള, സന്ദേശങ്ങൾ മാത്രമല്ല അവർ



Scanned with CamScanner

നേരിട്ട് നൽകുന്ന സന്ദേശങ്ങളുമുണ്ട്. യഥാർത്ഥത്തിൽ ഭാരതീയ പൈതൃകത്തിന്റെ ആധാരശിലകളായി അല്ലെങ്കിൽ നെടുംതൂണുകളായി നിൽക്കുന്നതു അഞ്ചുവസ്തുതകളാണ്. മനസ്, ചിന്തകൾ, കർമ്മങ്ങൾ, കർമ്മഫലങ്ങൾ, കർമ്മപ്രതിഫലങ്ങൾ. നല്ല മനസ്സിൽ നിന്നേ നന്മ നിറഞ്ഞ സത്ചിന്തകളുണ്ടാകൂ. സത് ചിന്തകളിൽ നിന്നു മാത്രമേ സത്കർമ്മങ്ങളുണ്ടാകൂ. സത്കർമ്മങ്ങളാണ് സത്കർമ്മഫലങ്ങൾക്കാധാരം. ഇതാണ് സത്കർമ്മപ്രതിഫലങ്ങൾക്കാധാരം. അപ്പോൾ മാറ്റം വരേണ്ടത് മനസ്സിലാണ്. മനസ്, ദുർ(ഷ്) മനസ്സിൽ നിന്ന് സന്മനസ്സിലേക്ക് പോയാൽ ദുഷ്ചിന്തകൾ സത്ചിന്തകളാകും. അതിന്റെ അടിസ്ഥാനത്തിൽ ദുഷ്കർമ്മങ്ങൾ സത്കർമ്മങ്ങളും, ദുഷ്കർമ്മഫലങ്ങൾ സത്കർമ്മഫലങ്ങളായും തീരും. അപ്പോഴാണ് അവയുടെ പ്രതിഫലങ്ങളിലെല്ലാം നന്മകൾ തിളങ്ങുന്നത്. മേൽപറഞ്ഞതെല്ലാം സംക്ഷിപ്തമാക്കിയെഴുതിയാൽ 1. സന്മനസ്, സത്ചിന്തകൾ, പുണ്യകർമ്മം, പുണ്യം, സ്വർഗ്ഗം, 2. ദുർമനസ്, ദുഷ്ചിന്തകൾ, (ദുഷ്) പാപകർമ്മം, പാപം, നരകം, ഇങ്ങിനെ ഒന്നിൽ നിന്ന് മറ്റൊന്ന് എന്ന ക്രമത്തിൽ വരുന്നു. അതിൽ നിന്ന് നാം പഠിക്കുന്ന മഹത്തായ പാഠം; ജീവിതം മാറണമെങ്കിൽ ദുർമനസ്, സന്മനസ്സാക്കിയാൽ മാത്രം മതി. അതിനുള്ള മൂന്നു മാർഗങ്ങളാണ് ഉപദേശങ്ങൾ കേൾക്കുക, അനുഭവങ്ങൾ കേൾക്കുക, കഥകൾ കേൾക്കുക. ഇതിൽ രാമായണത്തിൽ മഹാഭാരതത്തലേതുപോലെ കഥകളില്ല. രാമായണത്തിലുള്ളത് ജീവിതാനുഭവങ്ങളുടെ ഒരു പ്രവാഹമാണ്. കൂട്ടത്തിൽ അനവധി ഉപദേശങ്ങളുമുണ്ട്. രാമായണത്തിലെ ഉപദേശങ്ങൾ അഥവാ സന്ദേശങ്ങൾ ജീവിതഗന്ധിയാണ്.

ഉപനിഷത്തുക്കൾ പോലെ തത്വശാസ്ത്രങ്ങളല്ല രാമായണത്തിലുള്ളത്. എങ്ങിനെ ധാർമ്മികമായി ജീവിക്കണം, എന്നതാണ്, രാമായണ സംക്ഷിപ്തം. മറ്റൊരർത്ഥത്തിൽ ധാർമ്മികമായ ജീവിതമാനേജ്മെന്റ് എന്ന് സാരം. അതുകൊണ്ടാണ് രാമായണം പ്രായോഗിക ധർമ്മശാസ്ത്രമാണെന്നു പറയുന്നത്.

ഇവിടെ രാമനെ കാട്ടിലേക്കയക്കണമെന്ന കൈകേയിയുടെ ആഗ്രഹം ദശരഥനിലൂടെ വീണ്ടും കൈകേയിയിലൂടെയും രാമലക്ഷ്മണന്മാരുടെ ചെവിയിലെത്തിയപ്പോൾ രാമൻ ശാന്തനായിരുന്നു. പക്ഷേ ലക്ഷ്മണൻ തീവ്രമായ വികാരത്തിന്നടിമപ്പെട്ടു. പിതാവിനെ വധിക്കാൻ വാളെടുക്കുന്ന അവസ്ഥവരെയെത്തി. സമചിത്തതയോടെ രാമൻ ലക്ഷ്മണനോ



Scanned with CamScanner

ഉപദേശിച്ചു; ജീവിതത്തിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടത് വികാരത്തിന്റെ അടിസ്ഥാനത്തിലല്ല ലക്ഷ്മണാ എന്നാരംഭിക്കുന്ന ജീവിതഗന്ധിയായ **ലക്ഷ്മണോപദേശ**മാണിത്. അച്ഛനായ ചക്രവർത്തിയുടെ നിർദ്ദേശം പ്രജകൾ മക്കളാണെങ്കിലും പാലിച്ചേമതിയാകൂ എന്നതു മുതൽക്കാരംഭിക്കുന്നു സുദീർഘമായ ലക്ഷ്മണോപദേശം! ത്രേതായുഗത്തിലെ ഈ ഉപദേശങ്ങൾ കലിയുഗമാരംഭിച്ചിട്ട് 5114 വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും അന്നത്തെപ്പോലെ തന്നെ അനുശാസനീയമാണ്. രാമായണത്തിലെ വിവരണങ്ങൾക്കാണ് നാം ഏറ്റവും അധികം പ്രാധാന്യം കൊടുക്കാറുള്ളത്. പക്ഷേ അത്രതന്നെയോ അതിനേക്കാൾ പ്രാധാന്യമേറിയതോ ആണ് ഇത്തരത്തിലുള്ള ലക്ഷ്മണോപദേശം, ഭരതോപദേശം, വിഭീഷണോപദേശം, താരയുടെ-മണ്ഡോദരിയുടെ-തൃജഢയുടെ... ഉപദേശങ്ങളും!

പ്രായോഗികമായ ഉപദേശങ്ങൾ നൽകാൻ ഇന്നും ധാരാളമാളുകളുണ്ട്. പക്ഷേ അവർക്കതിനുയോഗ്യതയുണ്ടോ എന്നു പരിശോധിക്കുമ്പോളാണ് ആ ഉപദേശങ്ങൾ പോലും സ്വീകരണയോഗ്യമല്ലെന്നു മനസ്സിലാകുന്നത്. രാമൻ സ്വന്തം ജീവിതത്തിൽ പകർത്തിയതേ പറഞ്ഞിട്ടുള്ളൂ. **സ്വയം ആചരതിചൈവ**; സ്വയം ആചരിച്ചത് ഉപദേശിക്കുന്ന മര്യാദാ പുരുഷോത്തമനാണ് നമ്മുടെ രാമൻ. അതുകൊണ്ട് നമുക്കും ആ സന്ദേശങ്ങൾ പലതും ജീവിതത്തിൽ പകർത്താനാകണം.

## ധർമ്മം പരീക്ഷിക്കപ്പെടുന്നു

നമ്മളിൽ ചിലരെങ്കിലും പറയാറുണ്ട് 'ഞാൻ ധർമ്മത്തിൽ നിന്ന് വ്യതിചലിച്ചിട്ടില്ലെന്ന് എനിക്കും ദൈവത്തിനുമറിയാം ഞാൻ സത്യസന്ധനാണെന്ന് എനിക്കും ദൈവത്തിനുമറിയാം...' എന്നൊക്കെ. ഇതല്ല ധർമ്മം! ഏത് അവസ്ഥയിലാണെങ്കിലും അനുഷ്ഠിക്കേണ്ടതാണ് ധർമ്മം. ഒരേ വ്യക്തി പലസ്ഥാനങ്ങളും അലങ്കരിക്കുന്നതുകൊണ്ട് ആ വ്യക്തിക്കു പല ധർമ്മങ്ങളുമനുഷ്ഠിക്കേണ്ടതായിട്ടുണ്ടാകും. പുത്രധർമ്മം, ഭർതൃധർമ്മം, സഹോദരധർമ്മം, പൗരധർമ്മം, ഔദ്യോഗികധർമ്മം.... ഇതെല്ലാം ഒരു വ്യക്തിതന്നെ അനുശാസിക്കുന്നത് ശ്രീരാമനിൽ നിന്ന് നമുക്കു പഠിക്കാനാകും.

അച്ഛന്റെ നിർദ്ദേശം പുത്രനായ താൻ അനുശാസിക്കേണ്ടതാണെന്ന് സ്വയം പുത്രധർമ്മം വിവരിച്ചുകൊണ്ടു രാമൻ കൗസല്യയോടു പറയു



Scanned with CamScanner

ന്നു. സഹോദരധർമ്മം മുന്നിൽ നിർത്തി ലക്ഷ്മണനെ സാന്ത്വനപ്പെടു ത്തുന്നു. ഭർതൃധർമ്മം പാലിച്ചുകൊണ്ട് സീതയോട് തന്റെ കൂടെ വരേ ണ്ടതില്ലെന്നും ഘോരമായ വനത്തിൽ അനവധി പ്രശ്നങ്ങളുണ്ടാകു മെന്നും രാമൻ അറിയിച്ചു. കോസലരാഷ്ട്രത്തിന്റെ പൗരനായ താൻ ചക്രവർത്തിയുടെ നിർദ്ദേശം പാലിക്കേണ്ട വ്യക്തിയാണെന്നും, താൻ അയോദ്ധ്യയിലെ ഒരു പൗരനാണെന്നും രാജ കൽപന ലംഘിക്കാൻ പാടില്ലാത്തതാണെന്നും പൗരാവലിയെ രാമൻ അറിയിക്കുന്നു. പിതാ വിന്റെയും രാജാവിന്റെയും നിർദ്ദേശം ഒരുമിച്ച് അനുശാസിക്കേണ്ടിവ രുന്ന വേളയിൽ വസിഷ്ഠശിഷ്യനായ രാമന് ഗുരുനിർദ്ദേശം ലംഘി ക്കേണ്ടി വരുന്നതിൽ ദുഃഖമുണ്ടെന്നും ശിഷ്യസ്ഥാനീയനായ രാമൻ രാജഗുരുവായ വസിഷ്ഠനെ അറിയിക്കുന്നു. കൈകേയിയുടെ പുത്ര സ്ഥാനീയനായ താൻ അമ്മയുടെ വാക്കുകൾ അവിശ്വസിക്കേണ്ട കാര്യ മില്ല എന്നും, കൈകേയീമാതാവിലൂടെ തനിക്കു ലഭിച്ച പിതൃനിർദ്ദേശം പാലിക്കാൻ താൻ പ്രതിജ്ഞാബദ്ധനാണെന്നും രാമൻ വ്യക്തമാക്കുന്നു.

രാമൻ ആർക്കും വേണ്ടി കാത്തുനിന്നില്ല. രാമൻ ചെയ്ത കർമ്മത്തിൽ ആർക്കും തന്നെ രാമനു നേരെ ധർമ്മം ലംഘിച്ചവനായി വിരൽ ചൂണ്ടാ നുമാകില്ല. സമചിത്തതയോടെ സംഘർഷപൂരിതമായ അവസ്ഥയിൽ പോലും ഭൂതകാലത്തേയും വർത്തമാനകാലത്തേയും ഭാവിയിലെ 14 വർഷങ്ങളേയും മുന്നിൽ കണ്ടുകൊണ്ടാണ് രാമന്റെ ജീവിതം. താൻ ധർമ്മമനുശാസിക്കുന്നത് മറ്റുള്ളവർ അവരുടെ ധർമ്മമനുശാസിക്കു ന്നതിന് തടസ്സമായില്ല. അതുകൊണ്ടായിരിക്കാം സഹോദരനായ ലക്ഷ്മ ണൻ കൂടെ വരുന്നതിനെ ശക്തമായി, രാമൻ, എതിർക്കാത്തത് അതു കൊണ്ടുതന്നെയാകാം എല്ലാത്തരത്തിലും സീതയെ വനയാത്രയിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും നിർബന്ധമായി തടയാത്തത്. രാമൻ, രാജാവോ, ഭരണാധികാരിയോ, യുവരാജാവോ അല്ലാത്തതി നാലാണ്, തന്റെ സംരക്ഷണത്തിന്, ഘജനാവിൽ നിന്ന് ചിലവെഴുതി തന്റെ കൂടെ സൈന്യങ്ങളെ അയക്കേണ്ടതില്ലെന്നു രാമൻ പറഞ്ഞത്. പരിധിക്കപ്പുറം രാഷ്ട്രജനത ഒരു വ്യക്തിയോട് ഭക്തിയും വിധേയത്വവും പ്രകടിപ്പിക്കേണ്ടതില്ലെന്നതിനാലാണ് പ്രജകളോട് തന്റെ കൂടെ ആരു മുണ്ടാകരുതെന്ന് രാമൻ നിർദ്ദശിച്ചത്. ഒരു പുത്രൻ, പൗരൻ, സഹോദ രൻ, ഭർത്താവ്.. എന്നിവരുടെ ധർമ്മം രാമൻ സമചിത്തതയോടെ പ്രദർശിപ്പിച്ചു. സർവോപരി ഒരു ഉത്തമപൗരൻ അനുശാസിക്കേണ്ടതും



Scanned with CamScanner

രാമൻ ജീവിതത്തിൽ പകർത്തി കാണിച്ചുകൊടുത്തു. ഞാൻ ധർമ്മം പ്രസംഗിച്ചാൽ പോര ജീവിതത്തിൽ അതുപകർത്തി കാണിച്ചുകൊടുക്കുകയും വേണം. അതാണ് ധർമ്മത്തിന്റെ മനുഷ്യരൂപമെന്നു രാമനെ വിളിക്കാറുള്ളത്.

നമ്മുടെ ജീവിതത്തിലും ഇതു ബാധകമാണ്. തെറ്റുകൾ ചെയ്യുന്നതിലും ചെയ്തവരുടെ കൂടെ നിൽക്കുന്നതിലും താൽപര്യമുള്ളവർ ഇടക്കെങ്കിലും പറയാറുള്ളതും അണികളെ വിശ്വസിപ്പിക്കാൻ ശ്രമിക്കാറുള്ളതും ഞാൻ ധർമ്മബോധമുള്ളവനാണെന്നാണ്. നമ്മുടെ കൂടെയുള്ള വരും മുകളിലും താഴെയുമുള്ളവരും ഏതുതരത്തിലുള്ളവരാണെന്നറിയണം. അവരെയും മാറ്റത്തിനുവിധേയമാക്കണം. ലോകം അംഗീകരിക്കുന്ന ധാർമ്മീകതയിൽ ഊന്നിയുള്ള ജീവിതമായിരിക്കണം. നമ്മളെവിടെ നിൽക്കുന്നു, സമൂഹ ജീവിതത്തിലും രാഷ്ട്രജീവിതത്തിലുമെന്ന് ചിന്തിക്കുക. മാറ്റമാവശ്യമാണോ എന്നും ചിന്തിക്കുക!

## സ്വാർത്ഥയും നിഷ്കളങ്കതയും...

ചക്രവർത്തി മരണത്തോട് മല്ലിടുന്നു. രാജകൊട്ടാരം ശോകമൂകമാണ്. ഏതാണ്ടെല്ലാവരും കൈകേയിയെ ശക്തമായി ശകാരിക്കുന്നുണ്ട്. കൗസല്യ നിസ്സഹായിയായി കരയുന്നു. സുമിത്ര സ്വതവേ ധീരയായ വനിത, ലക്ഷ്മണൻ യാത്ര പറഞ്ഞപ്പോൾ ലക്ഷ്മണ വിരഹ ചിന്തയിലായിരിക്കാം, രാജഗുരുക്കന്മാരും മന്ത്രിമാരും ശ്രേഷ്ഠരായ പണ്ഡിതരും പൗരജനാവലിയും ദേഷ്യത്തിന്റേയും വേദനയുടേയും നഷ്ട ബോധത്തിന്റേയും മനോവികാരത്തിലാണ്. ശോകമൂകമായ അയോദ്ധ്യയിലേക്കാണ് ഭരതനും ശത്രുഘ്നനും കയറിവരുന്നത്. സംഭവിച്ചതും സംഭവിക്കുന്നതുമെന്തെന്നറിയാതെ അവർ പകച്ചുനിന്നിട്ടുണ്ടാകും. തന്റെ മാതാവാണ് ഇതിനെല്ലാം കാരണക്കാരിയെന്ന് സ്വപ്നത്തിൽ പോലും ഭരതൻ ചിന്തിച്ചിട്ടുണ്ടാകില്ല. ഭരതനറിയാം, തന്റെ അമ്മക്ക്, രാമനെ, തന്നെക്കാളും ഇഷ്ടമാണെന്ന്. അമ്മയിൽ നിന്ന് അപസ്വരങ്ങളൊന്നും വരാനിടയില്ലെന്നിരിക്കേ പ്രശ്നമെവിടുന്നാകാം? ചുറ്റും കണ്ട ദുഃഖമുഖങ്ങളിൽ നിന്നൊന്നും മനസ്സിലാകാതെ ഭരതൻ പകച്ചുനിന്നു. കൂടുതൽ സമയമൊന്നും വേണ്ടിവന്നില്ല, രാജകൊട്ടാരത്തിലെയും അയോദ്ധ്യാപുരിയിലേയും ദുഃഖത്തിനുകാരണം തനിക്കു ജന്മം നൽകിയ കൈകേയി മാതാവാണെന്ന് ഭരതന് തിരിച്ചറിയാൻ.



Scanned with CamScanner

ഭരതന്റെ പ്രതികരണം ശക്തമായിരുന്നു. ഒരുപക്ഷേ ജീവിതത്തിലാദ്യമായിട്ടായിരിക്കും, ഭരതൻ ഇത്രയും കർക്കശമായ ഭാഷയിൽ ആരോടെങ്കിലും പെരുമാറുന്നതും സംസാരിക്കുന്നതും. കൈകേയിയിൽ നിന്നു ഭരതനിതു പ്രതീക്ഷിച്ചില്ല. നടന്നതെല്ലാം തന്റെ അസാന്നിദ്ധ്യത്തിലാണല്ലോ. താനിവിടെയുണ്ടായിരുന്നെങ്കിൽ ഇതൊന്നും സംഭവിക്കില്ലായിരുന്നു എന്നും ഭരതനറിയാം. എന്തുകൊണ്ട് ദശരഥൻ എന്റെ അസാന്നിദ്ധ്യത്തിൽ ഇത്രയും പ്രാധാന്യമുള്ള രാമപട്ടാഭിഷേകം നടത്തുവാൻ തീരുമാനിച്ചു. ഭരതനു ബോധ്യപ്പെട്ടിരിക്കുന്നു; കൈകേയിയുടെ മനസ്സിലുള്ളത് പിതാവ് നേരത്തേ മനസ്സിലാക്കിയിട്ടുണ്ടാകണം. തന്റെ സാന്നിദ്ധ്യം രാമപട്ടാഭിഷേകത്തിന് പ്രശ്നമാകാതിരിക്കാൻ തന്നെയാണ് പട്ടാഭിഷേകം അത്യധികം വേഗത്തിൽ നടത്തിത്തീർക്കാൻ പിതാവ് ആഗ്രഹിച്ചത്. തന്റെ അച്ഛന്റെ മരണവാർത്തകൂടി കേട്ട ഭരതൻ വാവിട്ടു കരഞ്ഞു. ധീരനും, യോഗിതുല്യനുമായ ഭരതന്, ഭയവും ദുഃഖവും നഷ്ടബോധവും അപരാധ ബോധവും ഒരുമിച്ചു തോന്നുവാൻ കാരണം, ലോകം ഭരതനെ എപ്രകാരം വിലയിരുത്തും എന്നു ഭയന്നായിരിക്കണം. അമ്മയും മകനും ചേർന്നുള്ള ഗൂഢാലോചനയെന്ന് വിമർശിക്കാൻ ത്രേതായുഗത്തിലും ജനതയുണ്ട്. ഭരതൻ അമ്മയെ ഒരുപക്ഷേ ജീവിതത്തിലാദ്യമായി ശകാരിച്ചു, ദേഷ്യത്തിന്റെ പരമകാഷ്ഠയിലിരുന്നു കൊണ്ട് തന്നെ. പൗരപ്രമുഖർ ഭരതനെ ആശ്വസിപ്പിക്കുന്നുണ്ടായിരുന്നു. ഭരതന്, തന്റെ നിഷ്കളങ്കത്വവും നിരപരാധിത്വവും ബോധ്യപ്പെടുത്തേണ്ടതുണ്ട്. താൻ നിരപരാധിയാണെന്ന് തനിക്കും ദൈവത്തിനു മറിയാം എന്നു പറഞ്ഞതു കൊണ്ടു കാര്യമില്ലല്ലോ. അതു ലോകത്തിനു ബോധ്യപ്പെടണം. മൂന്ന് അമ്മമാരേയും, പൗരമുഖ്യരേയും, സൈന്യാധിപന്മാരേയും ഗുരുക്കന്മാരേയും കൂട്ടി രാമന്റെ മുന്നിലെത്തണം. താൻ നിരപരാധിയാണെന്നു ലോകത്തിന്റെ മുന്നിൽവെച്ച് രാമനെയും ലക്ഷ്മണനേയും സീതയേയും ബോധ്യപ്പെടുത്തണം. ഇതാണ് ഭരതൻ നമുക്കും പറഞ്ഞുതരുന്ന പാഠം. മറ്റെല്ലാം മാറ്റിവെച്ച് ഭരതൻ ആദ്യം ചെയ്തത്, തന്റെ നിരപരാധിത്വം വ്യക്തമായ ഭാഷയിലും പ്രവൃത്തിയിലും പ്രദർശിപ്പിച്ച്, ലോകത്തെ ബോധ്യപ്പെടുത്തുകയാണ്.

ഭരതൻ നിസ്വാർത്ഥനാണ് നിഷ്കളങ്കനുമാണ്. ശ്രീരാമന്റെ അനുജനായതിൽ അഭിമാനിക്കുന്നവനും. പക്ഷേ കുറ്റാരോപണം കിംവദന്തിപോലെ പടരും. കാട്ടുതീ പോലെ ഭരതന്റേയും ദശരഥചക്രവർത്തിയുടെ കുടുംബത്തേയും ഉലയ്ക്കും. താൻ ചെയ്യാത്ത കുറ്റത്തിന് പൊതുജനമന



Scanned with CamScanner

സ്സുകളിൽ ശിക്ഷ അനുഭവിക്കേണ്ടിവരും. നമ്മൾ തെറ്റുകാരല്ലെങ്കിൽ ആദ്യം ചെയ്യേണ്ടത് നാം തെറ്റുകാരല്ല എന്ന് പണ്ഡിതരേയും, പൗരമുഖ്യരേയും സാധാരണക്കാരനേയും വിശ്വസിപ്പിച്ച് അംഗീകരിപ്പിക്കണം. രാമായണത്തിലൊരിടത്ത് രാമൻ അലക്കുകാരന്റെ വിമർശനം സ്വീകരിക്കുകയുണ്ടായി. സീത പവിത്രയാണൊ എന്ന് ഒരാൾക്കു സംശയം തോന്നിയതിന്റെ പരിണതഫലം. അതുപോലെ ഒന്ന് ഭരതനുണ്ടാകാതിരിക്കാൻ പ്രവർത്തിക്കേണ്ടത് ഭരതനാണ്.

## ഭരതന്റെ ത്യാഗം

അർഹിക്കാത്തത് വേണ്ട എന്നു പറയാൻ പഠിക്കണം. അർഹിക്കാത്തത് സ്വീകരിക്കേണ്ടിവന്നാൽ അത് തനിക്കു ലഭിച്ചത്, തന്റെ മിടുക്ക് കൊണ്ടല്ല എന്നു തനിക്കറിയാമെന്ന് ലോകമറിയണം. നമുക്കിതുപറയാൻ എളുപ്പമാണ്. എന്നാൽ ഭരതനെ പോലെ നിസ്വാർത്ഥമായി ആത്മാർത്ഥതയോടെ 14 വർഷക്കാലം, ജീവിച്ചനുഭവിച്ച് കാണിച്ചു കൊടുക്കാൻ അത്രക്കും എളുപ്പമല്ല. അതു ഭരതൻ ചെയ്തു. അതു കൊണ്ടുതന്നെ ഭരതന് രാമായണത്തിൽ അതിപ്രധാനമായ ത്യാഗിയുടെ മഹത്വമുണ്ട്. മൂന്നു അമ്മമാരുടേയും പ്രജകളുടേയും സൈന്യങ്ങളുടേയും മറ്റുള്ളവരുടേയും മുന്നിൽ വെച്ച് തന്റെ നിരപരാധിത്വം ഭരതൻ തെളിയിച്ചു. കൈകേയി മാത്രമാണ് ഈ പ്രവർത്തിക്കു പിന്നിലെന്ന് ലോകത്തെ ബോധ്യപ്പെടുത്തി. സ്വന്തം അമ്മ തെറ്റു ചെയ്താലും മാതൃബന്ധം നില നിർത്തിക്കൊണ്ടുതന്നെ തെറ്റുതെറ്റാണെന്നും അതിന്റെ മുന്നിലോ പിന്നിലോ താനില്ലെന്നും ഭരതൻ ലോകസമക്ഷം തെളിയിച്ചത്, ഇന്നത്തെ ഭരണാധികാരികൾക്കു മാത്രമല്ല നമുക്കും ബാധകമാണ്.

തനിക്ക് അർഹിക്കാത്ത സിംഹാസനം രാമൻ തിരിച്ചെടുക്കണമെന്ന് പറയുന്നതിനുമുമ്പ് അയോദ്ധ്യയിൽ നടന്നതെല്ലാം ഭരതൻ രാമനെ വിവരിച്ചുകേൾപ്പിച്ചു. ഭരതൻ ആദ്യം വിവരിച്ചതെല്ലാം വ്യക്തിത്വത്തിന്റെയും മനസ്സിന്റെയും നിർമ്മലതയാണ്. പിന്നെ കുടുംബകാര്യങ്ങൾ, പിന്നെയാണ് കൊട്ടാരത്തിന്റെ വേദന വിവരിച്ചത്. പിന്നീട് രാഷ്ട്രത്തിന്റെ അവസ്ഥയും വേദനയും ദുഃഖവും തുടങ്ങുന്നത്. വ്യക്തിയിൽ നിന്ന് അതാതു ക്രമത്തിൽ ഭരതൻ വിവരിച്ചു. പിതാവിന്റെ ദേഹവിയോഗത്തിനു ശേഷം അയോദ്ധ്യയും രാജകൊട്ടാരവും അനാഥമായത് ഭരതൻ വിവരിച്ചു. കാര്യകാരണസഹിതം ശ്രീരാമനെ അയോദ്ധ്യയുടെ ഭരണഭാരം ഏറ്റെടുക്കാൻ നിർബന്ധിച്ചു. കൈകേയിയുടെ തെറ്റ്



Scanned with CamScanner

അവർക്കു മനസ്സിലായി. കൈകേയിക്കു വരം കൊടുത്ത ദശരഥൻ ഇന്നില്ല. സിംഹാസനത്തിലിരിക്കേണ്ട തനിക്ക് അതിനു താൽപര്യവുമില്ല. ജനത പൂർണമായും ശ്രീരാമനെ പ്രതീക്ഷിക്കുന്നു. രാമനുതുല്യം രാമൻ മാത്രം... പിതൃനിർദ്ദേശപ്രകാരം കാട്ടിലേക്ക് പ്രയാണം ചെയ്ത രാമൻ ആരുടേയും പ്രതിജ്ഞ ലംഘിച്ചിട്ടുമില്ല, ലംഘിക്കുന്നുമില്ല .. ഇക്കാരണത്താൽ രാമൻ തിരിച്ചു വരണം.... ഈ വരികളൊന്നും രാമന്റെ ദൃഢനിശ്ചയത്തെ ബാധിച്ചില്ല. പക്ഷേ ഭരതൻ ശക്തമായ ഭാഷയിൽ നിർബന്ധിച്ചു.

ലളിതമധുരമെന്നു തന്നെ പറയട്ടെ, മകനെ എന്ന് അഭിസംബോധന ചെയ്തുകൊണ്ട് രാമൻ ഭരതനു നിർദ്ദേശം നൽകി. പിതാവിന്റെ അന്ത്യകർമ്മങ്ങൾ എല്ലാം ഭംഗിയായി ചെയ്യണം. കൈകേയി മാതാവിനെ വേദനിപ്പിക്കുന്ന ഒന്നും ചെയ്യരുത്. അമ്മമാർക്കും ലക്ഷ്മണപത്നിക്കും നിന്റെ ഗൃഹത്തിൽ വേദനിക്കുന്ന വാക്കുകളോ അനുഭവിക്കേണ്ടിവരരുത്. കുടുംബകാര്യങ്ങൾ ഈ വരികളിൽ രാമൻ പറഞ്ഞുതീർത്തു. പിന്നെ രാഷ്ട്രം എങ്ങനെ ഭരിക്കണം, ചതി-വഞ്ചന-കള്ളത്തരം-കിംവദന്തി പരത്തൽ ഇതെല്ലാം അടിച്ചമർത്തണം.. രാമൻ ഭരണാധികാരിക്ക് നിർദ്ദേശം നൽകി. ഭരണത്തിന്റെ വിവിധ വിഷയങ്ങൾ ഭരതനെ രാമൻ പഠിപ്പിച്ചു. പതിനാലു വർഷം കഴിഞ്ഞു കാണാമെന്നു പറഞ്ഞു യാത്രയാകുമ്പോൾ രാമന്റെ പാദുകം സാക്ഷിയാക്കി രാമനുവേണ്ടി ഭരിക്കുന്ന ഭരതനാകാൻ, ഭരതൻ തീരുമാനിച്ചു. നൂറ്റി അമ്പതോളം സന്ദേശങ്ങൾ, രാമൻ ഭരതനു നൽകിയത്, ഭരതോപദേശമായി ഇന്നറിയപ്പെടുന്നു. "എന്റെ ഭരണകാലത്തെ നന്മകളെല്ലാം, ഹേ ജ്യേഷ്ഠാ, അങ്ങക്കർഹിക്കുന്നതായിരിക്കും. എന്റെ ചെയ്തികളിലെ തിന്മകൾക്കുത്തരവാദി ഞാൻ മാത്രമായിരിക്കും." (ഈ വരികളാണ് ആരാധ്യനായ ഡോ. എ. പി. ജെ. അബ്ദുൾ കലാം ലോകത്തിനു മുമ്പിൽ സമർപ്പിച്ച ഫെയിലുവർ മാനേജ്മെന്റ്") അതു ഭരതന്റേതാണ്. ത്രേതായുഗത്തിലെ ഭരതന്റേത്. കലിയുഗത്തിലെ ശ്രേഷ്ഠർക്കുപോലും അത്യുത്തമം!

ഇവിടെ ഭരതനെ പിന്തിരിപ്പിക്കാൻ രാമൻ ഭരതനോട് പറഞ്ഞു നിന്റെ അമ്മയ്ക്ക് നമ്മുടെ പിതാവ് വാക്കുകൊടുത്തിട്ടുണ്ട്, നിന്റെ അമ്മയിലുണ്ടാകുന്ന പുത്രന് രാജ്യഭാരം ഏൽപ്പിക്കാമെന്ന്. അച്ഛന്റെ പ്രതിജ്ഞയും നിർദ്ദേശവും ഞാൻ അനുശാസിക്കുന്നതു പോലെ നിന്റെ അമ്മക്ക്, അച്ഛൻ കൊടുത്തവാക്കും പാലിക്കപ്പെടേണ്ടതാണ്. അതു മക്കളുടെയും



Scanned with CamScanner

ധർമ്മമാണ്. നമ്മൾ രണ്ടുപേരും അതനുശാസിക്കണം. ഭരതനെ നിർബന്ധിച്ച് രാഷ്ട്രഭാരം ഏറ്റെടുപ്പിക്കാനാണ് രാമൻ ഇങ്ങിനെ പറഞ്ഞത് എന്ന് സൂചനയുണ്ട്. നന്മകൾക്കത്യാവശ്യമാണ്.

## അയോദ്ധ്യ ശാന്തമാകുന്നു

നമ്മൾ എന്നുമെന്നും ഓർമ്മിക്കേണ്ടതായ വലിയ ഒരു തത്വശാസ്ത്ര സന്ദേശമുണ്ട്. ആരംഭമുള്ള എല്ലാത്തിനും അവസാനവുമുണ്ട്. ആരംഭത്തിനും അവസാനത്തിനുമിടക്കുള്ള സമയദൈർഘ്യം വ്യത്യാസപ്പെട്ടിരിക്കുന്നു എന്നുമാത്രം! അതാണിവിടേയും സംഭവിച്ചത്. കലങ്ങിമറിഞ്ഞ ചക്രവർത്തിയുടെ കൊട്ടാരം, കുടുംബബന്ധങ്ങൾ, അയോദ്ധ്യയുടെ അവസ്ഥ, എല്ലാമെല്ലാം ശാന്തമായി. ഒരു യുദ്ധം കഴിഞ്ഞ അയോദ്ധ്യപോലെ. രാമനും സീതയും ലക്ഷ്മണനും ഘോരവനത്തിലേക്ക് യാത്രയായി. രാമപാദുകം സാക്ഷിനിർത്തി ഭരതൻ രാമദാസനായി രാഷ്ട്രഭാരം ഏറ്റെടുത്തു. കാലചക്രം പതിവുപോലെ, ഒന്നും സംഭവിക്കാത്തതു പോലെ, തിരിഞ്ഞുകൊണ്ടിരുന്നു. കാലത്തിനിതൊന്നും പുതുമയുള്ളതല്ല. ഇതൊക്കെ ഈ കറക്കത്തിന്റെ ഭാഗം. നന്ദിഗ്രാമത്തിൽ, രാമനെ പോലെ മരവുരിയും, ചെങ്കോലുമായി ഈ രാജപ്രതിനിധി രാജാവായി വാണരുളി. ദശരഥന്റെ മഹത്വത്തിൽ നിന്നൊട്ടും കുറവില്ലാതെ, രാമനിൽ നിന്ന് ജനങ്ങൾ പ്രതീക്ഷിച്ചതിൽ നിന്നൊട്ടും ഭിന്നമല്ലാത്ത ഭരണം ഭരതൻ കാഴ്ചവച്ചു. മാർത്താണ്ഡവർമ്മ ശ്രീ പത്മനാഭദാസനായി വാണരുളിയതുപോലെയെന്നു പറയുന്നതാവും ശരി.

രാമൻ വനത്തിലൂടെ നടന്നു. ചില പണ്ഡിതർ പറഞ്ഞുകേട്ടിട്ടുണ്ട്. ഭാരതത്തിലെ സ്ത്രീകൾ എന്നും ഭർത്താവിനു പിന്നാലാണ് നടക്കാറുള്ളത്. ഇവിടെ സീതാദേവി നടന്നത് ശ്രീരാമനു മുന്നിലാണത്രെ. അതിനു കാരണം ജനക മഹാരാജാവ് ജാനകിയെ രാമന്റെ കയ്യിൽ പാണിഗ്രഹണത്തിലൂടെ വിവാഹം ചെയ്തുകൊടുത്തപ്പോൾ നൽകിയ ഉപദേശമായിരുന്നു. "രാമന്റെ നിഴലുപോലെ രാമന്റെ കൂടെയുണ്ടാകണം, രാമന്റെ സുഖം നിന്റെയും സുഖമാണ്. രാമന്റെ ദുഃഖം നിന്റെയും ദുഃഖമാണ്. രാമനെവിടേയോ അവിടെയാണ് നിന്റെ അയോദ്ധ്യ. രാമന്റെ മുന്നോട്ടുള്ള പ്രയാണത്തെ സുഖമമാക്കാനാണ് ഞാൻ നിന്നെ പത്നിയായി രാമനെ ഏൽപ്പിക്കുന്നത്." ഒരുപക്ഷേ അതുകൊണ്ടായിരിക്കാം ഒരു പുരുഷൻ സ്ത്രീയുടെ ആദ്യപേരിനാൽ അറിയപ്പെടുന്നത് 'സീതാരാ



Scanned with CamScanner

മൻ' എന്നാണല്ലോ രാമന്റെ മറ്റൊരു പേര്. (ഇന്നാണെങ്കിൽ സ്ത്രീയുടെ പേരിന്റെ കൂടെ പുരുഷന്റെ പേരു വന്നാൽ അതു സ്ത്രീയുടെ പേരാണ്)

രാമനും സീതയും ലക്ഷ്മണനും കാട്ടിലൂടെ യാത്രയാരംഭിച്ചു. ഇന്നത്തെ ജനതയ്ക്ക് മാതൃകയാക്കി കൊണ്ടുള്ള ഒരു യാത്ര. ലഭിക്കുന്ന ഓരോ നിമിഷവും ലോകത്തെക്കുറിച്ച് പഠിക്കാനുപയോഗിക്കണം. ഒരു പർണശാലകെട്ടി സുഖമായി കാട്ടിൽ ജീവിക്കുന്നതിനു പകരം പരിവ്രാജകരെ പോലെ മൂന്നുപേരും വനത്തിലൂടെ നദികളും, പർവതങ്ങളും, ദേശങ്ങളും താണ്ടി തെക്ക് ദിശയിലേക്കു യാത്ര ചെയ്തുകൊണ്ടിരുന്നു. അനവധി ആശ്രമങ്ങളിൽ താമസിച്ചു. സന്യാസിമാരുടെ കൂടെ ഭക്ഷണം കഴിച്ചു. ആശ്രമസൗകര്യങ്ങളിൽ, കൊട്ടാരത്തിൽ വസിച്ചവർ, സംതൃപ്തികണ്ടെത്തി. ഭാരതീയ പൈതൃകത്തിന്റെ അഗാധതലങ്ങളിലേക്ക് ഇവർ ഇറങ്ങിചെന്നു. ജീവിതത്തെക്കുറിച്ചുള്ള (വസിഷ്ഠൻ യോഗവാസിഷ്ഠത്തിലൂടെ രാമനു പറഞ്ഞു കൊടുത്തതു പോലെ) യാഥാർത്ഥ്യങ്ങൾ മഹർഷിമാർ അവർക്കു പറഞ്ഞു കൊടുത്തു. കേട്ടും, കണ്ടും, ചർച്ച ചെയ്തും, ചിന്തിച്ചും അവർ പഠിച്ചു. പഠിച്ചുകൊണ്ടു യാത്ര ചെയ്തു. അനുഗ്രഹിക്കേണ്ടവരെ അനുഗ്രഹിച്ചുകൊണ്ടും നിഗ്രഹിക്കേണ്ടവരെ നിഗ്രഹിച്ചുകൊണ്ടും, മോക്ഷം കൊടുക്കേണ്ടവർക്കു മോക്ഷം കൊടുത്തുകൊണ്ടുമുള്ള ധന്യമായ യാത്ര തുടർന്നു.

സൂര്യൻ വടക്കോട്ടു പോകുന്നത് (സൂര്യന്റെ) ഉത്തര അയനം = ഉത്തരായണം. തെക്കോട്ടു പോകുന്നത് ദക്ഷിണ അയനം = ദക്ഷിണായനം നാം രാമനിലേക്കു പോകുന്നത് രാമ+ അയനം = രാമായണം. നമ്മുടെ അധാർമ്മീക ജീവിതത്തിൽ നിന്ന് ധാർമ്മീകമായ ശ്രീരാമജീവിതത്തിലേക്കുള്ള പ്രയാണമാണ് രാമായണം. ഇവിടെ ഒന്നോർക്കണം; ലഭിക്കുന്ന ഓരോ നിമിഷവും ഇവർ പ്രയോജനപ്രദമാക്കി. അറിയാനും അനുഗ്രഹിക്കാനും അധാർമ്മീകശക്തികളെ ഉന്മൂലനം ചെയ്യാനും ഉപയോഗിച്ചു. രാമൻ സഞ്ചരിച്ച വഴികളെ ഇന്നും സ്മരണയിൽ നാം നിർത്തി. ഇവിടെയുണ്ട്; രാമൻ സ്പർശിച്ച പമ്പ, ശബരിയുടെ മല, ജഡായുവിന്റെ പാറ, ജഡായുമംഗലം, രാമേശ്വരം, രാമർപാലം, ലങ്ക.... എല്ലാം ചരിത്രാവശിഷ്ടം പോലെ ഇന്നുമുണ്ട്. പേരുകളും സ്ഥലങ്ങളും, ക്ഷേത്രവും, വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന കല്ലുകളും!



Scanned with CamScanner

അനവധി മഹർഷിമാരുടെ ആശ്രമങ്ങളിലൂടെ സീതാരാമലക്ഷ്മണന്മാർ ലക്ഷ്യമില്ലാതെ പ്രകൃതി നിശ്ചയിച്ച ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്തു. വിശ്വാമിത്രനും, ഭരദ്വാജനും, അഗസ്ത്യനും സീതാലക്ഷ്മണന്മാർക്ക് ഉപദേശങ്ങളും, അനുഭവങ്ങളും ചരിത്രയാഥാർത്ഥ്യങ്ങളും വിവരിച്ചുകൊടുത്തു. അനന്തമായ കാല ദൈർഘ്യത്തിലെ ഏതാനും ബിന്ദുക്കളുടെ ദൈർഘ്യത്തിൽ ജീവിച്ചു മരിച്ച മഹാരാജാക്കന്മാരെക്കുറിച്ചും ചക്രവർത്തിമാരെക്കുറിച്ചും പുണ്യക്ഷേത്രങ്ങളെക്കുറിച്ചും നദികളെക്കുറിച്ചും വാത്മീകിരാമായണമെന്ന ആദികാവ്യത്തിലൂടെ ഋഷിമാർ പറഞ്ഞ്, രാമൻ കേട്ടത്, നമ്മൾ വായിക്കുന്നു അഥവാ കേൾക്കുന്നു. ഇതെല്ലാം ഭാരതത്തിന്റെ ചരിത്രപുസ്തകത്തിന്റെ ഏതാനും വരികളാണ്. ഈ ചരിത്രവസ്തുതകൾ പറഞ്ഞുകൊടുക്കുന്നതോടൊപ്പം രാമന്റെ അവതാര ഉദ്ദേശവും ഋഷിമാർ രാമനെ അറിയിച്ചു. ഇന്നത്തെ ജനത ഒരു മിനിറ്റു നേരമെങ്കിലും ചിന്തിക്കേണ്ടതായ വിഷയമാണിത്. ഞാനെന്തിനിവിടെ വന്നു. ഇന്നു നമ്മളാരും ചിന്തിക്കാത്ത ഒരു വിഷയമാണിത്. നാം എത്രകാലം ഇവിടെയുണ്ട്? എന്നു തിരിച്ചുപോകണം? വന്നപ്പോൾ എന്തു കൊണ്ടുവന്നു? പോകുമ്പോൾ എന്തുകൊണ്ടുപോകും? ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകലല്ലേ ജീവിതം! ജീവിക്കാൻ വേണ്ടിയുള്ള തയ്യാറെടുപ്പല്ലല്ലോ ജീവിതം! പഠിക്കലും അനുഭവിക്കലും അവർ തുടർന്നു. യാത്രയിലുടനീളം അവർ പഠിച്ചു. ആസുരീകശക്തികളും ഈശ്വരീയ ശക്തികളും വഴി മദ്ധ്യേ ഉണ്ടായിരുന്നു. ശൂർപണഖ അതിലൊരുവളായിരുന്നു. അതിശയോക്തിയോടെ വാത്മീകിയെഴുതിയിട്ടുണ്ടെങ്കിലും അവർ തിന്മ നിറഞ്ഞ ഒരു സ്ത്രീയാണെന്നെടുത്താൽ മതി. അവരിലൂടെയും അവരെ വേദനിപ്പിച്ചപ്പോൾ സംരക്ഷിക്കാൻ വേണ്ടി വന്നവരിലൂടെയുമാണ് ലങ്കാധിപതിയായ രാവണന് സീതാദേവിയുടെ സൗന്ദര്യത്തെക്കുറിച്ചും മറ്റു വിവരണങ്ങളും ലഭിച്ചത്. ആ വിവരണമാണ് രാവണനെ സീതയിലേക്കും, സീതയിലൂടെ രാമനിലേക്കും, രാമനിലൂടെ മൃത്യുവിലേക്കും അടുപ്പിച്ചത്. പ്രകൃതി കൽപ്പിച്ച നിശ്ചയത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നതാണ് നിയതി! രാവണന് സംഭവിച്ചത് മാത്രം ഓർമ്മിച്ചാൽ നിയതിയെന്താണെന്ന് നമുക്കു മനസ്സിലാകും. നമ്മെയെല്ലാം പ്രകൃതി ഓരോ വഴിയിലൂടെ നടത്തിക്കുന്നു. പക്ഷേ പ്രകൃതി തന്നെ രാവണന് നന്മയിലേക്ക് പ്രയാണം ചെയ്യാനുള്ള വഴി വിഭീഷണന്റെ ഉപദേശത്തിലൂടെയും, മണ്ഡോദരിയുടേയും തൃജ



Scanned with CamScanner

ന്ധയുടേയും ഉപദേശത്തിലൂടെയും, ഹനുമാൻ എന്ന രാമദൂതന്റെ ശക്തി പ്രദർശിപ്പിച്ചു കൊണ്ടും കാണിച്ചു കൊടുത്തു. വ്യക്തമായ ഭാഷയിൽ ലഭിച്ച ഈ മാർഗനിർദ്ദേശങ്ങളൊന്നും വിനാശകാലേ വിപരീത ബുദ്ധി എന്ന ആപ്തവാക്യത്തെ മറികടക്കാൻ രാവണന് ഉപയോഗപ്രദമായില്ല. രാവണന്റെ ധാർഷ്ട്യം, അഹങ്കാരം ഇതാണ് അദ്ദേഹത്തിന്റെ സർവനാശത്തിനുകാരണമായത്. ഇതു നമുക്കും, നമ്മുടെ കുടുംബത്തിനും, സംഘടനക്കും, സമൂഹത്തിനും രാഷ്ട്രത്തിനും ബാധകവുമാണ്.

പ്രകൃതി ഒന്നിനേയും നശിപ്പിക്കാതിരിക്കാനുള്ള എല്ലാ വഴികളും കാണിച്ചുതരും. അതെല്ലാം മറികടന്ന് തിന്മയിൽ തന്നെ നിൽക്കാൻ തീരുമാനിച്ചവരെ പ്രകൃതി കൈകാര്യം ചെയ്തതാണ് രാവണന് സംഭവിച്ചത്. രാവണനെ പോലെ ജീവിക്കുന്നവർക്കു രാവണനുണ്ടായ അനുഭവങ്ങളുണ്ടാകും...!

ഈ വിഷയവുമായി ബന്ധമില്ലാത്തതാണെങ്കിലും സംഭവവുമായി ബന്ധപ്പെട്ട കാര്യമായതിനാൽ സൂചിപ്പിക്കട്ടെ. ഹിറ്റലർക്ക്, ഒസാമ ബിൻ ലാദന്, ഗദ്ദാഫിക്ക്, സദ്ദാം ഹുസൈന്, വീരപ്പന്,......ഇങ്ങിനെ ഏകാധിപത്യത്തിന്റേയും നശീകരണത്തിന്റേയും സ്വാർത്ഥതയുടേയും മൂർത്തിമത്ഭാവങ്ങളായ വ്യക്തികൾക്കും രാഷ്ട്രത്തലവന്മാർക്കും എന്തു സംഭവിച്ചു എന്നു ചിന്തിക്കുക. പരിധി കടന്നവരെ പ്രകൃതിയോഗ്യരായ മനുഷ്യരിലൂടെ തന്നെ നിയന്ത്രിച്ചു. നമുക്കും ഇതു ബാധകമാണ്.

**ബുദ്ധിയും വിവേകവും എല്ലാവർക്കുമുണ്ട്**

രാമായണം നമ്മെ പഠിപ്പിക്കുന്ന അതിമഹത്തായ ഒരു പാഠമുണ്ട്. പലപ്പോഴും ഭക്തിയുടെ മറവിൽ അതു വിവരിക്കപ്പെടാതെ പോകാറുണ്ട്. പ്രാകൃതരെന്നും ലോകപരിജ്ഞാനമില്ലാത്തവരെന്നുമൊക്കെ പറഞ്ഞ് ചില മനുഷ്യരെ പുച്ഛത്തോടെ കാണാറുണ്ട്. പുച്ഛത്തോടെ നാം ഇടപഴകാറുമുണ്ട്. എന്നാൽ രാമായണം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു, അവരിൽ പലരും നമ്മെക്കാൾ ലോകപരിചയം നേടിയവരാണ്.

ലക്ഷ്മണൻ, ഹനുമാനെക്കണ്ട് തിരിച്ചു വന്ന്, രാമനെ ധരിപ്പിക്കുന്ന സന്ദേശമുണ്ട്; ഹനുമാൻ വ്യക്തമായ, അക്ഷര സ്ഫുടതയോടു കൂടിയ, വ്യാകരണത്തെറ്റുകളില്ലാത്ത, പണ്ഡിത ഭാഷയിലാണ്, വിനയത്തോടെ സംസാരിച്ചത് എന്ന്. അതുകൊണ്ടു തന്നെ ഹനുമാനെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും വിശ്വസിക്കാം! അപ്പോൾ ഹനുമാൻ ഒരു വന നരനാണോ വാനരനാണോ?



Scanned with CamScanner

ബാലി മരിക്കുന്നതിനു മുമ്പ് ശ്രീരാമനോട് നീതിന്യായ വ്യവസ്ഥയെക്കുറിച്ച് ധർമ്മശാസ്ത്രം ഉദ്ധരിച്ചുകൊണ്ടു ചോദിക്കുന്ന ചോദ്യങ്ങൾക്ക് രാമനുപോലും ഉത്തരം പറയാനായില്ല. കിഷ്കിന്ദയുടെ നാലു ദിക്കുകളിലേക്ക് തന്റെ സൈന്യങ്ങളെ അയക്കുന്ന വേളയിൽ സുഗ്രീവൻ അതാതു സംഘത്തിന്റെ നേതാക്കന്മർക്കായി വിവരിക്കുന്ന ദേശ-രാജ-രാജവംശ-ഭൂപ്രകൃതി വിവരണം കേട്ടാൽ ഇന്നെത്ത ഐ.എ.എസ്.ക്കാർക്കുപോലും അത്ഭുതം തോന്നും! അത്രക്കും ഗഹനമായ പൊതുവിജ്ഞാനത്തിന്റെ ഉടമയാണ് സുഗ്രീവൻ. ലങ്കയിലേക്കുള്ള വഴിയും ലങ്കാധിപതിയുടെ പ്രത്യേകതയുമെല്ലാം കാട്ടിൽ വസിക്കുന്ന ശബരിക്കെങ്ങിനെ, ഇത്രയും വ്യക്തമായി വിവരിച്ചുകൊടുക്കാൻ സാധിച്ചു. ശബരി, ശ്രീരാമനെ സ്വീകരിച്ച് ഭക്ഷണം കൊടുക്കുക മാത്രമല്ല ചെയ്തത്, സീതയെ വീണ്ടെടുക്കാനുള്ള എല്ലാ മാർഗങ്ങളും രാവണന്റെ ധാർഷ്ട്യവും ശക്തിയും രാക്ഷസകുലത്തെക്കുറിച്ചുള്ള വിവരണങ്ങളും ഈ വൃദ്ധയായ സ്ത്രീയുടെ പൊതുവിജ്ഞാനത്തിന്റെ തന്നെ ഭാഗമായിരുന്നു. ഇനിയുമുണ്ട് നാം വായിക്കാറുണ്ടെങ്കിലും ചിന്തിക്കാത്ത, കിഷ്കിന്ദയുടെ ചരിത്രവശങ്ങൾ. സുഗ്രീവന്റെ സൈന്യം, പ്രകൃതരായ കുരങ്ങന്മാരായിരുന്നുവെങ്കിൽ ദേശങ്ങളും നദികളും താണ്ടി സീതയെക്കണ്ടെത്താനുള്ള ദൗത്യം രാമലക്ഷ്മണന്മാർ ഈ കുരങ്ങന്മാരെ ഏൽപ്പിക്കുമായിരുന്നുവോ....? ഇനിയും ഇത്തരത്തിലുള്ള ചോദ്യങ്ങളുണ്ട്; അമാനുഷീക ശക്തിയും ബുദ്ധിയും വിവേകവുമുള്ള ഹനുമാന്റെ ചൈതന്യം, ജാംബവാന്റെ കഴിവ്, ഇതെല്ലാം അവതാരമായ രാമനും ശക്തനായ ലക്ഷ്മണനും പ്രയോജനപ്രദമാം വിധം ഉപയോഗിക്കാൻ പാകത്തിന് ശ്രേഷ്ഠമായിരുന്നല്ലോ എന്നും നാം ഓർമ്മിക്കണം. തിരമാല ആഞ്ഞടിക്കുന്ന കടലിൽകൂടി ഭാരതത്തേയും ലങ്കയേയും തമ്മിൽ ബന്ധിപ്പിക്കുന്ന രാമസേതു നിർമ്മിക്കാനുള്ളത്ര ബുദ്ധി-ശക്തി വിശേഷം വെറും കുരങ്ങന്മാർക്കുണ്ടാകുമോ?

ഞാൻ ആരെയെങ്കിലും കണ്ടു, അല്ലെങ്കിൽ ഇങ്ങിനെയുള്ളകാര്യങ്ങൾ ചെയ്തു എന്നുപറഞ്ഞാൽ പോര അതിന് തെളിവുകൂടിവേണമെന്ന കുശാഗ്രബുദ്ധിയും ശക്തിയും ഹനുമാൻ പ്രദർശിപ്പിച്ചു. രാമന്റെ ദൂതനായി പോയ ഹനുമാൻ സീതക്കുമുമ്പിൽ, താൻ രാമ ദൂതനാണെന്ന തെളുവും, സീതയെ കണ്ടു എന്നതിനുള്ള തെളിവും മോതിരത്തിലൂടെ പ്രദർശിപ്പിച്ചു. വാത്മീകി രാമായണം 21-ാം നൂറ്റാണ്ടിലെ കൃതിയല്ല. ത്രേതായുഗത്തിലെ സംഭവമാണ്. ഇന്നത്തെ ജനതയേക്കാൾ ചൈതന്യമുള്ളതെന്നെനിക്കുതോന്നാറുള്ള ഒരു ജനസമൂഹത്തിന്റെ ചരിത്ര



Scanned with CamScanner

മാണ് രാമായണം. പലപ്പോഴും അതിനെ ഭക്തികൊണ്ടാവരണം ചെയ്യുമ്പോൾ അഗാധതയിലേക്കിറങ്ങിച്ചെല്ലാനുള്ള വിവേകവും യുക്തിയും നമുക്ക് നഷ്ടപ്പെടുന്നു. നമുക്ക് രാമായണം വായിക്കുമ്പോൾ ഭക്തിയും യുക്തിയും വ്യക്തിക്കുവേണ്ടി ഒരുമിച്ചുപയോഗിക്കാം. രാമായണം വായിച്ചു മനസ്സിലാക്കി ജീവിതത്തിൽ പകർത്താനുള്ള ഇച്ഛാശക്തിക്കും ജ്ഞാനശക്തിക്കും ക്രിയാശക്തിക്കും വേണ്ടി നമുക്ക് ഭക്തിയും ഉപയോഗിക്കാം. രാമായണസന്ദേശം സ്വീകരിക്കാതിരിക്കാനുള്ള എളുപ്പ വഴിയായി ഭക്തി ഉപയോഗിക്കാതിരിക്കുക. രാമന്റെയും ലക്ഷ്മണന്റെയും സീതയുടെയും മുട്ടുമടക്കിയിരിക്കുന്ന ഹനുമാന്റെയും ചില്ലിട്ട ചിത്രംവെച്ച് പൂജിച്ച് പ്രാർത്ഥിക്കുന്നതോടുകൂടി രാമായണവുമായുള്ള നമ്മുടെ ബന്ധം തീരാതിരിക്കട്ടെ. ആ ആരാധന രാമായണസന്ദേശം സ്വീകരിക്കാനുള്ള ആരംഭമായിത്തീരട്ടെ.

**വാക്കുകൾ ശ്രദ്ധിച്ചുപയോഗിക്കുക.**

രാവണന്റെ സുഹൃത്ത്, മാരീചനാണ് സ്വർണ നിറത്തിലുള്ള മാനായി വേഷം കെട്ടിയത്. സാതാദേവിക്ക് അതിനെ വേണമെന്നു തോന്നി. തന്റെ ആഗ്രഹം രാമനോടു പറയുകയും ചെയ്തു അതൊരു മായാവിയാണെന്ന രാമൻ പറഞ്ഞു നോക്കിയെങ്കിലും സീതാദേവിക്കതിനെ ലഭിച്ചേ മതിയാകൂ. ഒന്നിനുവേണ്ടിയും ശാഠ്യംപിടിക്കാത്ത സീതയുടെ ആഗ്രഹം സഫലീകരിച്ചു കൊടുക്കുവാൻ രാമൻ തീരുമാനിച്ചു. സീതയുടെ സംരക്ഷണം ലക്ഷ്മണനെ ഏൽപിച്ച്, രാമൻ മാനിന്റെ പുറകേ പോയി. സമയം ഏറെക്കഴിഞ്ഞു. ഒരു നിലവിളി കേട്ടു. ഹാ സീതേ ഹാ ലക്ഷ്മണാ! ശബ്ദം ഏതാണ്ട് രാമന്റേതു പോലെ. സീത ഭയപ്പെട്ടു, ലക്ഷ്മണനോടു നിർദ്ദേശിച്ചു; രാമനെന്തോ സംഭവിച്ചിരിക്കുന്നു. രാമനെ രക്ഷിക്കണം. ലക്ഷ്മണൻ സീതയെ ആശ്വസിപ്പിച്ചു. രാമനൊന്നും സംഭവിക്കില്ല. രാമൻ ശക്തനാണ്. ഇതു മായാവികളുടെ ശബ്ദമാണ്. ലക്ഷ്മണന്റെ സാന്ത്വനം സീതാദേവിക്ക് ആശ്വാസമല്ല നൽകിയത്. അവർക്ക് ദേഷ്യവും ദുഃഖവുമാണുണ്ടാക്കിയത്.

ലക്ഷ്മീ ദേവിയുടെ അവതാരമെന്ന് വാത്മീകി വിശേഷിപ്പിക്കുന്ന, എന്നും മധുരമായിതന്നെ സംസാരിക്കുന്ന, സമചിത്തത കൈവിടാത്ത സീതാദേവി ലക്ഷ്മണനെ മൂർച്ചയേറിയ പദങ്ങൾക്കൊണ്ട് കുറ്റപ്പെടുത്തി, "എനിക്ക് നിന്നേയും ഭരതനേയും സംശയമുണ്ട്. നിങ്ങൾക്കെന്നെ ആഗ്രഹമുണ്ടെന്ന് എനിക്കു തോന്നിയിട്ടുണ്ട്. രാമനില്ലാതെയായാൽ നിങ്ങൾക്കെന്നെ ഉപയോഗിക്കാമെന്നാഗ്രഹമുണ്ടെങ്കിൽ ഞാൻ ഇവിടെവെച്ചറിയിക്കുന്നു. എന്റെ രാമൻ ഇല്ലാതായാൽ ഞാൻ ഈ ലോക



Scanned with CamScanner

ത്തുണ്ടാവില്ല. ഈ ശരീരത്തിൽ ജീവനുള്ളപ്പോൾ നിങ്ങൾക്കെന്നെ സ്പർശിക്കാനാകില്ല. രാമൻ ഈ ലോകത്തോടുവിടപറയുന്ന നിമിഷം ഞാനുമില്ലാതാകും. എന്റെ ശവശരീരമേ നിങ്ങൾക്കുപയോഗിക്കാനാകൂ.'' ഇതു കേട്ട ലക്ഷ്മണൻ ഞെട്ടിത്തെറിച്ചു. ഒരു നിമിഷം പോലും ചിന്തിച്ചില്ല. സീതാദേവിയുടെ മുഖത്തുപോലും നോക്കാത്ത ലക്ഷ്മണൻ, അമ്മ സുമിത്രയുടെ സ്ഥാനത്ത് (മാം വിദ്ധിജനകാത്മജാം) കണ്ടിരുന്ന ജ്യേഷ്ഠ പത്നിയിൽ നിന്ന് ..കൂർത്ത മൂർത്തകാരിരുമ്പിന്റെ സൂചി ചുട്ടുപഴുപ്പിച്ച് ചെവിയിൽ കുത്തുന്നതുപോലുള്ള അനുഭവം.. ഉണ്ടായ ലക്ഷ്മണൻ, ഒരു രേഖവരച്ച് അതിനപ്പുറം കടക്കരുതെന്ന് സീതാദേവിയോട് നിർദ്ദേശിച്ചു, ശ്രീരാമ അന്വേഷണത്തിനായി പോയി. ഇവിടെ നാമെല്ലാം പഠിക്കേണ്ട അതിഗഹനങ്ങളായ അനവധിപാഠങ്ങളുണ്ട്. എത്ര നല്ല വ്യക്തിയാണെങ്കിലും അവരുടെ മനസ്സിലെന്താണെന്നുള്ളത് പൂർണമായും അറിയാൻ വിഷമമാണ്. പലപ്പോഴും തീവ്രമായ ദേഷ്യത്തിലും വേദനയിലുമായിരിക്കാം, പലരും മനസ് പൂർണ്ണമായും തുറക്കുന്നത്. ലപ്രതികരണങ്ങൾക്കും പലരും പലവ്യാഖ്യാനങ്ങളായിരിക്കാം ഇത് ഗതകാല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കുറ്റപ്പെടുത്തലുകൾക്ക് ഇവിടെ പലപ്പോഴും കാരണമാകുന്നു. എത്ര പക്വതയുള്ള വ്യക്തിയാണെങ്കിലും നൈമിഷികമായ ചപലത എല്ലാവർക്കുമുണ്ട്. എത്ര ഉറച്ച മനസ്സുള്ളവനും ധീരനും, വേണ്ടപ്പെട്ടവർ, വേദനിപ്പിക്കുന്ന വാക്കുകൾ ഉപയോഗിച്ചാൽ തളരുന്നതു സ്വാഭാവികം മാത്രം. നമ്മളാണ് സീതയുടെയും അതുപോലെ ലക്ഷ്മണന്റെയും സ്ഥാനത്തെന്ന് ചിന്തുക്കൂ. ഇവിടെ പഠിക്കാനുള്ളത്; കയ്യിൽ നിന്നു വിട്ട കല്ലും, തോക്കിൽ നിന്നു വിട്ട വെടിയുണ്ടയും, വില്ലിൽ നിന്ന് വിട്ട അമ്പും, നാവിൽ നിന്ന് വിട്ട വാക്കുകളും തിരിച്ചെടുക്കാനാകില്ല. അതുകൊണ്ടു ഇതെല്ലാം നമ്മിൽ നിന്ന് മറ്റൊരാളിലേക്ക് പോകുംമുമ്പ് ശ്രദ്ധിക്കണം. ശരീരത്തിനുണ്ടാകുന്ന മുറിവുകൾ ഉണങ്ങും, മനസ്സിനുണ്ടാകുന്ന മുറിവുകളുണങ്ങുകയില്ല. വീണ്ടും വീണ്ടും കുറ്റപ്പെടുത്തുന്ന വാക്കുകൾ മറവിയുടെ ശവപ്പറമ്പിൽ നിന്ന് ഉയർത്തെഴുന്നേൽക്കും.

## സീതയുടെ പ്രതികരണം

സീതയുടെ ശക്തമായ പ്രതികരണവും വേദനാജനകമായ ശകാരവർഷവും ലക്ഷ്മണന്റെ വിവേകത്തെ പോലും സ്വാധീനിച്ചു. ഘോരവനത്തിൽ ഇരുട്ടു വ്യാപിക്കാൻ തുടങ്ങുന്ന വേളയിൽ സീതയെ ഒറ്റക്കു നിർത്തിയിട്ട്, സംരക്ഷണ വലയമായി ഒരു രേഖമാത്രം വരച്ച് ലക്ഷ്മണൻ അവിടെ നിന്നും പോയി. രാമൻ ലക്ഷ്മണനോടു ചോദിച്ചു. ഹേ ലക്ഷ്മണാ എനിക്കൊന്നും സംഭവിക്കില്ലെന്ന് നിനക്കറിഞ്ഞുകൂടേ?



Scanned with CamScanner

സീതയെ പറഞ്ഞു ബോധ്യപ്പെടുത്താമായിരുന്നില്ലേ? അതിനു സാധിച്ചില്ലെങ്കിൽ സീതയെയും കൂട്ടിവരായിരുന്നില്ലേ? ഈ വേളയിൽ സീതയെ ഒറ്റക്കു വിട്ടു വന്നതെന്തിന്? സീത അവിടെ സുരക്ഷിതയല്ലെന്നു നിനക്കറിയാമായിരുന്നില്ലേ? സുരക്ഷക്കുവേണ്ടി ഒരു രേഖ വരക്കുന്നതിനു പകരം സീതയേയും കൂട്ടി വരുന്നതായിരുന്നില്ലേ അഭികാമ്യം? രാമന്റെ ഈ ചോദ്യങ്ങൾക്കു മുന്നിൽ ലക്ഷ്മണൻ പകച്ചു നിന്നുപോയി. രാമൻ ചോദിച്ചതെല്ലാം സർവസാധാരണമായി ലക്ഷ്മണനിൽ നിന്നു പ്രതീക്ഷിക്കുന്നതുമാത്രമായിരുന്നു. ഏതു നിലവാരത്തിലുള്ള വിവേകശാലികളും ചെയ്യുന്നതുമാത്രമാണ് രാമൻ ലക്ഷ്മണനിൽ നിന്നു പ്രതീക്ഷിച്ചത് എന്ന് മേൽ ചോദ്യങ്ങളിൽ നിന്ന് വ്യക്തമാണ്.

ലക്ഷ്മണന് ഒരുത്തരമേ ഉണ്ടായിരുന്നുള്ളൂ. ഞാൻ മാതൃതുല്യം ആദരിക്കുന്ന സീതാദേവിയുടെ മൂർച്ചയേറിയ വാക്കുകൾ തന്റെ സ്ഥല കാല ബോധം തന്നെ നഷ്ടപ്പെടുത്തി. വിവേകവും ബുദ്ധിയും ചിന്താശക്തിയും തളർന്നു വേണ്ടതേത് വേണ്ടാത്തതേത് എന്ന് ചിന്തിച്ച് തീരുമാനമെടുക്കാനുള്ള കഴിവും നഷ്ടപ്പെടുത്തി. അതുകൊണ്ടാണിങ്ങിനെയൊക്കെ സംഭവിച്ചത്. ഇവിടെ സംഭവിച്ചത് നമ്മളിൽ പലരുടേയും ജീവിതത്തിൽ സംഭവിച്ചിട്ടുണ്ടാകും. അപ്രതീക്ഷിതമായി മനസ് സംഘർഷപൂരിതമാകുമ്പോൾ ബുദ്ധിതളരും. ചില വരികൾ കേൾക്കുകയോ, ചിലതു കാണുകയോ, ചിലതു ചിന്തിക്കുകയോ ചിലതു പറയേണ്ടിയും പ്രവർത്തിക്കേണ്ടിയും വരുകയോ ചെയ്യുമ്പോൾ ഈ ലോകത്തിലെ ഏതു ധൈര്യശാലിയും പതറിപോകില്ലേ. അതുകൊണ്ടാണ് ഭാരതീയ ഗ്രന്ഥങ്ങളിലെ സന്ദേശങ്ങളും അനുഭവങ്ങളും കഥകളും പ്രത്യേകം അറിയിക്കുന്നു, സമചിത്തത കൈവെടിയരുത്. ഭൂതകാലവും വർത്തമാനവും ഭാവിയും അറിഞ്ഞു വേണം (വരുംവരായ്കകൾ) വാക്കുകളും പ്രവൃത്തിയും എന്ന്.

ഈ സംഭവത്തിനു പിന്നിൽ മറ്റൊന്നു കൂടിയുണ്ട്. ഒരു സാങ്കൽപിക കഥ. ഇവിടെ വെച്ചായിരുന്നുവത്രെ വൃന്ദ മഹാവിഷ്ണുവിനെ ശപിച്ചത്. നിനക്ക് നിന്റെ ധർമ്മപത്നിയെ നഷ്ടപ്പെടുമെന്ന്. ഈ കഥ ഇങ്ങിനെയൊരു സംഭവത്തോടു ചേർക്കാൻ കാരണമുണ്ട്. പല സംഭവങ്ങളും ശ്രദ്ധയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ, ശരിയായ ദിശയിലേക്കു നയിച്ചില്ലെങ്കിൽ അവയെല്ലാം ഒരു കഥയായി അവശേഷിക്കുമെന്നോർമിപ്പിക്കലാണ്.

ഇവിടെ പഠിക്കേണ്ടതായ മറ്റൊരു പാഠമുണ്ട്; മകൾക്കും, അമ്മക്കും,



Scanned with CamScanner

അച്ഛനും, ഡയറക്ടർക്കും, മന്ത്രിക്കും, പൗരനും... ലക്ഷ്മണരേഖയുണ്ട്. അത് ആരു ലംഘിച്ചാലും അതിന്റെ ഭവിഷ്യത്ത് ഭയാനകമായിരിക്കും. സീതാദേവിയുടെ പിന്നീടുള്ള ജീവിതം അതിന് ഉത്തമ ഉദാഹരണമാണ്. ലക്ഷ്മണരേഖ ലംഘിക്കുന്നവർ ഭരണാധികാരികളാണെങ്കിലും ഉദ്യോഗസ്ഥരാണെങ്കിലും പലരും പുറത്തും പലരും അകത്തുമാണ് എങ്കിൽപോലും! ലക്ഷ്മണരേഖ ലംഘനം ഉണ്ടാക്കുന്ന ഭവിഷ്യത്തുക്കളാണ് ഇപ്പോൾ നമ്മൾ പത്രമാധ്യമങ്ങളിലൂടെ നിരന്തരം കാണുന്നതും കേൾക്കുന്നതുമെല്ലാം അധികാരത്തിലും അത്യുന്നതങ്ങളിലുമിരിക്കുമ്പോൾ ലക്ഷ്മണരേഖ കാണില്ല. കണ്ടാലും കണ്ടില്ലെന്നു നടിക്കും. പക്ഷേ എന്നും പറയാറില്ലേ; താൻ താൻ നിരന്തരം ... ആ പ്രകൃതി നിയമത്തിൽ നിന്ന് രക്ഷപ്പെടാനാകില്ലല്ലോ. ധർമ്മബോധവും, ആത്മാർത്ഥതയും, ത്യാഗമനോഭാവവുമുള്ള ലക്ഷ്മണൻ 14 വർഷം ആർക്കുവേണ്ടിയാണോ വേദനയനുഭവിച്ചത് അവരിൽ നിന്ന് കാരിരുമ്പിന്റെ മൂർച്ചയുള്ള പദപ്രയോഗങ്ങൾ ഉണ്ടാകുക. നമുക്കാണിത് അനുഭവിക്കേണ്ടി വരുന്നതെങ്കിൽ?

## ദുഃഖമെല്ലാവർക്കുമുണ്ട്

ശ്രീരാമൻ അവതാരമാണ്, ദേവനാണ്, ധൈര്യശാലിയും സമചിത്തതയുള്ളവനും പണ്ഡിതനുമാണ്. സമുദ്രത്തെപ്പോലും നിയന്ത്രിക്കാൻ കഴിവുള്ളവനാണെന്നും പറയുന്നു. ആ രാമനുമുണ്ട് ദുഃഖം. സീതാദേവി നഷ്ടപ്പെട്ടപ്പോൾ, തന്റെ ധർമ്മപത്നിയെ രാവണൻ അപഹരിച്ചപ്പോൾ, രാമന്റെ മനസ്സും ദുഃഖത്താൽ വേദനിച്ചു. രാമായണത്തിലെ മറ്റേതൊരു ചരിത്രപുരുഷനേയും സ്ത്രീയേയും പോലെ! മറ്റൊരർത്ഥത്തിൽ നമ്മളെപ്പോലെ. ഇവിടെയാണ് വാത്മീകി നമുക്കൊരു വലിയ സന്ദേശം തരുന്നത്. ഈശ്വരൻ പോലും ഭൂമിയിൽ മനുഷ്യനായി വന്നാൽ ആ ഈശ്വരനായ മനുഷ്യനുമുണ്ട് മറ്റെല്ലാ മനുഷ്യർക്കുമുള്ള വികാരവിക്ഷോഭങ്ങൾ. ദുഃഖവും, വേദനയും സന്തോഷവും സന്താപവുമെല്ലാം. ജീവിതത്തിൽ എല്ലാവർക്കും ഉയർച്ചയും, താഴ്ചയും, വരവും പോക്കും, ലാഭവും, നഷ്ടവും, ജനനവും മരണവുമുണ്ട്. സ്വന്തമായിചിലത് ലഭിക്കുമ്പോൾ സന്തോഷമുണ്ടാകും. സ്വന്തമായത് നഷ്ടപ്പെടുമ്പോൾ ദുഃഖമുണ്ടാകും. അതു രാമനുമുണ്ട്, കൃഷ്ണനുമുണ്ട്, എനിക്കും നിങ്ങൾക്കുമുണ്ട്. ബാലി മരിക്കുമ്പോൾ താര കരഞ്ഞു. ദശരഥൻ മരിക്കുമ്പോൾ പുത്രന്മാരും പത്നിമാരും കരഞ്ഞു. ഭാര്യ നഷ്ട



Scanned with CamScanner

പ്പെട്ടപ്പോൾ രാമൻ തേങ്ങിക്കരഞ്ഞു. വേദന നിത്യവുമുള്ളതാണ് പല പ്പോഴും നമ്മളത് മറക്കുന്നതിനാൽ അതൊന്നും നീണ്ടുനിൽക്കില്ല. രണ്ടു ദുഃഖങ്ങൾക്കിടക്കുള്ള ഇടവേളമാത്രമാണ് സന്തോഷം. ശ്രദ്ധിച്ചു പരി ശോധിച്ച് ചിന്തിച്ചാൽ മനസ്സിലാകും. ശാശ്വതമല്ല, രണ്ടും താൽകാലിക മാണെന്ന്. വന്നുംപോയും കൊണ്ടിരിക്കും. അതു രാമനറിയാത്തതല്ല. യോഗവാസിഷ്ഠത്തിലെ മുപ്പത്തി ഏഴായിരം വരികളിലൂടെ രാമനെ, വസിഷ്ഠമഹർഷി പഠിപ്പിച്ചതാണിത്. ഇതേ വിഷയത്തെക്കുറിച്ച് രാമൻ ലക്ഷ്മണനും, കൗസല്യക്കും, താരക്കും, ഉപദേശം കൊടുത്തതുമാ ണ്. നാം മനസ്സിലാക്കേണ്ട സത്യം ഈ ലോകത്തിൽ മനുഷ്യർക്കുള്ള സുഖദുഃഖങ്ങൾ അവരവരുടെ നിലവാരത്തിൽ നിന്നു പരിശോധിക്കു മ്പോൾ അസഹനീയമാണ്. ചിലത് ചിലർക്ക് താങ്ങാനാകുന്നതും ചിലത് താങ്ങാനാകാത്തതുമാണ്. രാമനും, സീതക്കും, ലക്ഷ്മണനും.. എല്ലാ വർക്കും ദുഃഖമുണ്ടായി. എത്രത്തോളം നിയന്ത്രിക്കാനാകുമോ അതാണ് നമ്മുടെ കഴിവ്. അതുകൊണ്ട് രാമായണം പച്ചമനുഷ്യരുടെ കൂടി ചരി ത്രമാണ്. ഞാൻ അവനായിരുന്നെങ്കിൽ അവനു സംഭവിച്ചതെല്ലാം എനിക്കും സംഭവിക്കും. എനിക്കവനു സംഭവിച്ചതെല്ലാം സംഭവിക്ക ണമെങ്കിൽ അവനെ പോലെ ജീവിക്കുക. അതുവേണ്ടെങ്കിൽ, മറ്റൊരു വഴിയിലൂടെ ചരിക്കുക. അതിനാണ് രാമായണം, പഠിക്കേണ്ടത്. ഭരത നെപോലെ, വിഭീഷണനെപോലെ, രാവണനെ പോലെ, ബാലിയെ പോലെയെല്ലാം ജീവിക്കാൻ നമുക്കു സ്വാതന്ത്ര്യമുണ്ട്. അവർക്കുണ്ടായ അനുഭവങ്ങളാണ് നമുക്കും വേണ്ടതെങ്കിൽ. ഇതാണ് രാമായണ വിശ കലനം എന്നെനിക്കു തോന്നുന്നു. ത്രേതായുഗത്തിലെ രാമായണത്തെ കലിയുഗമനുഷ്യനുവേണ്ടിയുള്ളതാക്കിത്തീർക്കുകയാണ് രാമായണ വ്യാഖ്യാതാക്കളെല്ലാം ചെയ്തിരിക്കുന്നത്. ഒരു ജീവചരിത്ര ഗ്രന്ഥത്തിന്, എന്തിന്, ആയിരക്കണക്കിന് വ്യാഖ്യാനങ്ങൾ എന്നു നമുക്കു തോന്നി യേക്കാം. ഉത്തരം ലളിതമാണ്. രാമായണത്തിലെ വാക്കുകൾ, വരി കൾ, സന്ദേശങ്ങൾ, അനുഭവങ്ങൾ, ഉപദേശങ്ങൾ നിങ്ങളുടെ കണ്ണി ലൂടെ കാണുമ്പോൾ കാണിക്കുമ്പോൾ, കാതിലൂടെ കേൾക്കുമ്പോൾ കേൾപ്പിക്കുമ്പോൾ നാവിലൂടെ പറയുമ്പോൾ പറയിക്കുമ്പോൾ, മന സ്സിലൂടെ ചിന്തിക്കുമ്പോൾ ചിന്തിപ്പിക്കുമ്പോൾ നിങ്ങളുടെ അനുഭവ ത്തിന്റെ നിറം കൂടി ചേരും. ചേരണം അതിനാണ് തുളസീദാസനും, കമ്പറും, തുഞ്ചത്തെഴുത്തച്ഛനുമെല്ലാം അവരുടെ രീതിയിലും വീക്ഷ ണത്തിലും രാമായണം പുനർ രചിച്ചത്. ഓരോ അനുഭവത്തിൽ നിന്നു



Scanned with CamScanner

മുള്ള സന്ദേശങ്ങളെടുക്കുക. അതു നമ്മുടെ ജീവിതത്തിന് ഏറെ ധന്യത പകരും.

## എല്ലാ സഹായവും സ്വീകരിക്കണം

ഏതൊരു യജ്ഞത്തിനും എല്ലാവിഭാഗം ജനങ്ങളേയും പങ്കെടുപ്പിക്കണം. യജ്ജൂർവേദ മന്ത്രാലാപനത്തിലൂടെ നടത്തുന്ന യാഗങ്ങളിൽ വേടനും, മുക്കുവനും, കുലാലനും, സൈന്യാധിപനും, തൊഴിലാളിക്കും, വഹിക്കുവാനുള്ള മന്ത്രസഹിതമായ പങ്കുണ്ട്. അതു വേദസന്ദേശമാണ്; സഹനാവവതു.... ഇവിടെ രാമനും ലക്ഷ്മണനും മാത്രമാണുള്ളത്. ചെയ്യുവാനുള്ള കർമ്മമാണെങ്കിൽ സീതയെവിടെയുണ്ടെന്നു കണ്ടെത്തുക. തിരിച്ചുകൊണ്ടുവരിക. അതിന് സാമദാന ഭേദ ദണ്ഡങ്ങളിലേതും പ്രയോഗിക്കേണ്ടി വരും. യുദ്ധത്തിന്നൊരുപക്ഷേ രാമലക്ഷ്മണന്മാർ മാത്രം മതിയാകുമായിരിക്കാം. ബാക്കി കർമ്മത്തിന് മറ്റുള്ളവരുടെ സഹായം കൂടിയേ തീരു. വലിയ കാര്യങ്ങൾ ഒറ്റക്കു ചെയ്തു തീർക്കാനാകുകയില്ല. അതുകൊണ്ട് രാമൻ എല്ലാവരേയും ഒരുമിപ്പിച്ചു സഹകരിപ്പിച്ചു. അങ്ങിനെയുള്ള ഒരു സമൂഹത്തെ സംഘടിപ്പിക്കുവാൻ അവരിൽ നിന്നുതന്നെ നേതൃനിരയെ സൃഷ്ടിച്ചു. അവരെകൊണ്ടു നിർദ്ദേശം കൊടുപ്പിച്ചു. അവർ ചെയ്യേണ്ടതെല്ലാം ചെയ്തപ്പോൾ രാമലക്ഷ്മണന്മാർ കാര്യങ്ങൾ സുസൂക്ഷ്മം പരിശോധിച്ച് ദിശ തെറ്റാതെ ലക്ഷ്യവും മാർഗവും വ്യക്തമാക്കികൊടുത്തു കൊണ്ടിരുന്നു. ഭാരതമെമ്പാടും സീതക്കുവേണ്ടിയുള്ള അന്വേഷണം നടന്നു. എല്ലാ കഴിവുകളുമുള്ള ഹനുമാൻ സീതയെ കണ്ടെത്തി. എല്ലാവരുടേയും നേതൃത്വത്തിൽ ചിറകെട്ടി. അതിൽ ഓരോരുത്തർക്കുമുള്ള പ്രത്യേക കഴിവുകൾ ഉപയോഗിക്കുവാൻ പ്രത്യേകം നിർദ്ദേശം നൽകികൊണ്ടിരുന്നു. അണ്ണാരക്കണ്ണൻ മുതൽ ജാംബവാൻ വരെ പങ്കെടുത്തു. സ്വന്തം മാതൃരാജ്യമായ ലങ്കക്കെതിരെയുള്ള നീക്കമായതിനാൽ വിഭീഷണനെ ഈ സന്നാഹത്തിൽ പങ്കെടുപ്പിക്കേണ്ടതില്ലെന്നു തീരുമാനിച്ചു. വിശ്രമമില്ലാതെ എല്ലാവരും പ്രവർത്തിച്ചു. അയോദ്ധ്യയിൽ നിന്നു വന്ന രാമന് നഷ്ടപ്പെട്ട പത്നിയെ അന്വേഷിച്ചുകണ്ടെത്തി തിരിച്ചേൽപ്പിക്കുവാൻ എല്ലാവരും കൈകോർത്തു. ഏറ്റവും വിഷമമേറിയ കർമ്മമായിരുന്നു. കടലിനുമുകളിൽ (ത്രേതായുഗത്തിൽ) പാലം പണിയുക. അതും ചെയ്തു. ഇവിടെ ആത്മീയതയും മനുഷ്യശേഷിയും ഒരുമിച്ചു ചേർന്നു. എല്ലാവർക്കും അവരവർ ചെയ്തത് സ്വന്തം ധർമ്മമായിട്ടനുഭവപ്പെട്ടു. അന്ത്യത്തിൽ



Scanned with CamScanner

യജ്ഞത്തിന് പൂർണഫലപ്രാപ്തിയുണ്ടായി. സീതാന്വേഷണം വിജയി ച്ചു. ഒരു വലിയ ജനസമൂഹത്തെ സംഘടിപ്പിച്ച് കാര്യങ്ങൾ നേടിയെടു ക്കേണ്ടതെങ്ങിനെയാണെന്ന് രാമായണം ലോകത്തിന് അറിവു നൽകി.

നേതാവും നേതൃത്വം നൽകാൻ കഴിവുള്ള കുറേപ്പേരും അനുസരി ക്കാൻ യോഗ്യതയുള്ള അണികളും വേണം. ഇത് ധന്യമായ യജ്ഞമാ ണെന്നോർമിപ്പിക്കണം. ഈ കർമ്മത്തിൽ മരണമുൾപ്പെടെ അനേകം പ്രശ്നങ്ങളുണ്ടാകുമെന്നറിയിച്ചിരിക്കണം. യുദ്ധമാണു വേണ്ടി വരുക യെങ്കിൽ ജയവും പരാജയവും ഒരുപോലെ പ്രതീക്ഷിക്കണം. ശക്ത മായ ലങ്കാധിപതിയുമായിട്ടാണ് യുദ്ധം. യുദ്ധം മനുഷ്യശേഷിയുടെ കൂടി ബലപരീക്ഷണമാണ്. രാമസൈന്യം രാക്ഷസ സൈന്യത്തേക്കാൾ ഏറെ ത്താഴെയാണ്. കൈമുതലുള്ളത് ധർമ്മബോധവും നന്മയും മാത്രം

## രാവണൻ പഠിപ്പിക്കുന്ന പാഠം

രാവണനു പത്തു തലയില്ല. നാലു വേദങ്ങളും ആറു വേദാംഗങ്ങളും പഠിക്കാൻ സാധിച്ചതിനാൽ പത്തുതലയുടെ ബുദ്ധി വൈഭവമുണ്ടായി രുന്നു. സർവതും തികഞ്ഞവനെന്നൊരു വ്യക്തി ഈ ലോകത്തില്ല. ഇത്രയും മഹത്വമുള്ള രാവണനെ അഹങ്കാരം കീഴടക്കിയിരുന്നു. തനിക്ക് നേടാനാകാത്തതായി ഈ ലോകത്തിലൊന്നുമില്ല, വേണമെന്നു തോന്നി യതെല്ലാം സ്വന്തമാക്കിയിരിക്കുമെന്നുറച്ച രാവണന് പറ്റിയ അബദ്ധമാ യിരുന്നു സീതാപഹരണം. തെറ്റാണു ചെയ്തതെന്നു രാവണനറിയാം. ഇതൊരു പക്ഷേ തന്റെ അന്ത്യം കുറിക്കുമെന്നും രാവണനറിയാം. പക്ഷേ ധാർഷ്ട്യവും വിനാശകാലേ വിപരീതബുദ്ധിയും ചേർന്ന് നശി ക്കുമെന്നുറപ്പുണ്ടായിട്ടും രാവണൻ തന്റെ തീരുമാനത്തിൽ തന്നെ ഉറച്ചു നിൽക്കാൻ കാരണം അറിവും, ശക്തിയും, ആൾബലവും, ഒരു രാഷ്ട്രം തന്നെയും തന്റെ കൂടെയുണ്ടെന്ന അമിതവിശ്വാസമായിരുന്നു. കൂടെ നേരിടേണ്ടിവരുന്ന വ്യക്തിയും സമൂഹവും വെറും കാടന്മാരാണെന്ന ധാരണയുമുണ്ടായിരുന്നു. രണ്ടിടത്തും രാവണനുപിഴച്ചു.

ശ്രേഷ്ഠയായ, സ്വന്തം ധർമ്മപത്നിയുടെ ഉപദേശം, സ്വന്തം അനുജ ന്മാരായ വിഭീഷണന്റേയും ഭാഗീകമായിട്ടാണെങ്കിലും കുംഭകർണന്റേ യും, (രാവണന്റേയും ലങ്കയുടേയും) നന്മകാംക്ഷിക്കുന്ന സ്വജനപക്ഷ ത്തുള്ളവരുടേയും പലവിധത്തിലുമുള്ള ഉപദേശങ്ങൾ രാവണൻ നിരാക രിച്ചു. **അഹങ്കാര വിമൂഢാത്മ കർത്താഹമിതി മന്യതെ** എന്ന ഭഗവദ്ഗീ



Scanned with CamScanner

തയിലെ വിവരണം അന്വർത്ഥമാകും വിധത്തിൽ രാവണൻ കാര്യങ്ങൾ അഹങ്കാരത്തോടെ വീക്ഷിച്ചു. അതുപോലെ പ്രവർത്തിച്ചു. രാവണൻ നമ്മെ പഠിപ്പിക്കുന്ന പാഠമുണ്ട്. അഹങ്കാരം കാരണം കൊടികുത്തി വാഴുന്ന വ്യക്തികൾ ആരുടേയും (നന്മനിറഞ്ഞ) ഉപദേശങ്ങൾ സ്വീക രിക്കില്ല. അവരുടെ തീരുമാനം അവരുടെ മാത്രമല്ല കൂടെയുള്ള അന വധി നിരപരാധികളുടേയും വേദനക്കും സർവനാശത്തിനും കാരണ മാകും. ഒരുവന്റെ അഹങ്കാരം തെറ്റുചെയ്യാത്ത അനവധി വ്യക്തികൾ കൂടി ശിക്ഷയനുഭവിക്കാൻ കാരണമാകും. സ്വന്തം ശാരീരികവും, മാന സീകവും, സാമ്പത്തികവും, ബുദ്ധിപരവുമായ അമിതശക്തിയുടെ അമി താവേശത്തിൽ പലരും പലതും ചെയ്തുകൂട്ടുന്നതിന്റെ പരിണതഫലം നിത്യവും അറിയാൻ സാധിക്കുന്ന നമ്മൾ രാവണനെക്കുറിച്ചു പഠിച്ചി ട്ടുണ്ട്, പക്ഷെ രാവണൻ നമ്മെ പഠിപ്പിച്ച പാഠങ്ങൾ പഠിച്ചിട്ടില്ല. പഠി ക്കണം! ഞാനും നിങ്ങളും പഠിക്കണം! അതിനാണ് കർക്കിടകത്തിലെ രാമായണ പാരായണം എന്നും ഓർമ്മയിൽ നിലനിർത്താൻ എല്ലാ കർക്കിടകത്തിലും പഠിക്കണം. രാവണന്റെ എല്ലാവാക്കുകളും രാവ ണന്റെ കൂടെ നിന്നവർക്കും നിൽക്കാത്തവർക്കും സംഭവിച്ചിതും ഒരു പത്തു നിമിഷത്തേക്ക് സ്വയം ചിന്തിക്കണം. എന്നിട്ട് ജീവിതത്തിൽ എവിടെ നിൽക്കുന്നു എന്നുമോർക്കണം. പഠിച്ച പാഠങ്ങളിൽ ചിലതെ ങ്കിലും ഇന്നുമുതൽ ജീവിതത്തിൽ പകർത്തുക. സാധിക്കില്ലേ? സാധി ക്കണം!

## ഒരു രാമരാവണയുദ്ധത്തിന് മുമ്പ്

അസാദ്ധ്യമെന്നു കരുതുന്ന പലതും ദൃഢനിശ്ചയത്തോടെ മുന്നേറിയാൽ സാദ്ധ്യമാകും. ദൃഢനിശ്ചയം മാത്രം മതിയോ എന്നൊരു ചോദ്യമുണ്ട്. ചില കാര്യങ്ങൾക്ക് ദൃഢനിശ്ചയം മതിയാകും. മറ്റു ചില കാര്യങ്ങ ൾക്ക് അതു നടപ്പിലാക്കാനുള്ള മനുഷ്യവിഭവശേഷിയും വേണം. നേതൃത്വം നൽകാനുള്ളവരും ആ നേതൃത്വത്തിന്റെ നിർദ്ദേശം സ്വീക രിച്ച് പ്രവർത്തിക്കാനുള്ള അണികളും വേണം. അതിലുപരി ഇവർക്കെല്ലാം ഒരേ പോലെ തോന്നേണ്ടതായ ഒരു സംഗതിയുമുണ്ട്. ഈ ദൗത്യം നമ്മുടേതുമാണെന്ന്. അവതാരമായ രാമൻ എത്ര ശക്തി മാനാണെങ്കിലും കിഷ്കിന്ദയിലെ ജനതയുടെ മനസ്സിലേക്ക്, സീതാന്വേ ഷണം നമ്മുടേയും കാര്യമാക്കിത്തീർക്കാൻ സാധിക്കില്ല. രാമലക്ഷ്മ ണന്മാർ അതു സാധിച്ചത് ഹനുമാനിലൂടെയും സുഗ്രീവനിലൂടേയുമാണ്.



Scanned with CamScanner

എനിക്കാരുടെ സഹായം ലഭിക്കണമെങ്കിലും ഞാൻ അവർക്ക് തിരിച്ചെന്തെങ്കിലും കൊടുത്തേ ഗതിയാകൂ. ഈ ലോകം വ്യവഹാരത്തിന്റേതാണ്. ഒരു വിഭാഗത്തിനു മാത്രം പ്രയോജനപ്പെടുന്ന വിധത്തിലല്ല കാര്യങ്ങൾ പോകാറുള്ളത്/പോകുന്നത്/പോകേണ്ടത്. അതുകൊണ്ടുതന്നെ ആദ്യം സുഗ്രീവന് കിഷ്കിന്ദയുടെ സിംഹാസനം രാമൻ കൊടുത്തു. സുഗ്രീവനായി ജ്യേഷ്ഠനായ ബാലിയെ നിഗ്രഹിച്ചു, ബാലി ധർമ്മത്തിന്റെ വഴിയിലൂടെയല്ല സഞ്ചരിച്ചത്. അതാണ് ബാലി-രാമയുദ്ധത്തിനു കാരണം. ദൂരെ മാറി നിന്നു നോക്കുന്നവർ തോന്നിയേക്കാം സഹോദരന്മാർ തമ്മിലുള്ള വഴക്കിന് രാമനെന്തിനിടപ്പെട്ടു? ഉത്തരം രണ്ടാണ്. ഒന്ന് അധർമ്മം ചെയ്യുന്നതും, ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുന്നതും, ചെയ്യുന്നവരുടെ കൂടെ നിൽക്കുന്നതും അധർമ്മമാണ്. അശക്തന് ശക്തരെ നേരിടാനുള്ള ശക്തിയില്ലെങ്കിൽ, അശക്തർക്ക് അധർമ്മത്തിന്റെ വേദന ശക്തരിൽ നിന്നനുഭവിക്കേണ്ടി വരുകയാണെങ്കിൽ, അശക്തരെ സഹായിക്കേണ്ടത് ശക്തരുടെ ധർമ്മമാണ്. ശ്രീരാമൻ, ധർമ്മത്തിന്റെ പര്യായമാണ്. വ്യക്തിജീവിതത്തിലും കുടുംബ-സമൂഹ-രാഷ്ട്ര ജീവിതത്തിലും രാമൻ ധാർമ്മിക പന്ഥാവിലൂടെയാണ് ചരിച്ചത്. അതുകൊണ്ട് രാമന് അതിനുള്ള അർഹതയുണ്ട്. ഇനി മറ്റൊരു വിവരണമുണ്ട്. എത്രയെല്ലാം വിവരിച്ചിട്ടും ബാലിയെ നിഗ്രഹിച്ചത് ശരിയല്ലെന്ന് വാദിക്കുന്നുവെങ്കിൽ രാമൻ ബാലിക്കു കൊടുക്കുന്ന വാക്കുകൾ ശ്രദ്ധേയമാണ്. ഞാൻ നിന്നോട് തെറ്റു ചെയ്തു എന്ന് നിനക്കു തോന്നുകയാണെങ്കിൽ അടുത്ത ജന്മത്തിൽ ഞാൻ കൃഷ്ണനായി അവതരിക്കുമ്പോൾ, ഇന്ന് മരത്തിന്റെ മറവിൽ നിന്ന് ഞാൻ നിന്നെ അമ്പെയ്ത് വീഴ്ത്തിയെങ്കിൽ അന്ന് നീ വേടനായി വന്ന് മറഞ്ഞു നിന്നു തന്നെ എനിക്കുനേരെ അസ്ത്രപ്രയോഗം നടത്തിയുള്ള മരണമായിരിക്കുമെന്നേത്. ഇവിടെ ഒരു സത്യം രാമൻ നമ്മെ ബോധ്യപ്പെടുത്തുന്നു, എല്ലാവർക്കും അവനവൻ ചെയ്ത കർമ്മത്തിന്റെ ഫലവും പ്രതിഫലവും സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതാണ് പ്രകൃതിനിയമം. ഈ കർമ്മം സുഗ്രീവസഹായലാഭത്തിനും കിഷ്കിന്ദാജനതയുടെ നേതൃത്വത്തിനും എല്ലാ വിഭാഗത്തിന്റേയും സഹായത്തോടെ ലങ്കയിലെത്താനും ലങ്കാധിപതിയുമായി ഏറ്റുമുട്ടാനും ധർമ്മശാസ്ത്രം അനുശാസിക്കുന്ന പന്ഥാവിലൂടെ തന്നെ ധർമ്മപത്നിയെ വീണ്ടെടുക്കാനും രാമനു സാധ്യമാക്കി.

വലിയ കാര്യങ്ങൾ നേടിയെടുക്കാൻ പലവിധത്തിലുള്ളവരുടെ സഹായം കൂടിയേ തീരു. അവരവർ അർഹിക്കുന്നതു കൊടുക്കുമ്പോഴാണ് അവ



Scanned with CamScanner

രിൽ നിന്നും അവരുടെ കൂടെ നിൽക്കുന്നവരിൽ നിന്നും നമുക്കാവശ്യമായത് നേടാനാകുന്നത്. അതിലെന്തപാകതയുണ്ടെങ്കിലും അതിന്റെ ഭവിഷ്യത്ത് നേട്ടമുണ്ടാക്കുന്നവരനുഭവിച്ചുകൊള്ളണം. അതാണ് രാമൻ സ്വയം ഏറ്റെടുത്തത്. നന്മയും തിന്മയും ഏറ്റെടുക്കാൻ ഞാൻ തയ്യാറായാലേ മറ്റുള്ളവരെന്നെ സഹായിക്കുകയുള്ളൂ.

### പാഠം പഠിക്കാത്തവർ

ധാർഷ്ട്യമുള്ളവരും അഹങ്കാരമുള്ളവരും പലപ്പോഴും ജീവിതാനുഭവങ്ങളിൽ നിന്ന് ഒന്നും പഠിക്കാറില്ല. അവർക്ക് അവരുടെ വീക്ഷണം മാത്രമാണ് ശരി. അവരതിന് ഏതു ന്യായീകരണവും നൽകും. ഇന്നത്തെ ജനതയിൽ പലരും അതിന് ഉത്തമ ഉദാഹരണമാണ്. ഈ ധാർഷ്ട്യം രാവണനിൽ നമുക്ക് കാണാം. സാധാരണ പറയാറുള്ള ഒരു സംസ്കൃത പഴമൊഴിയുണ്ട്. **അതിസൗന്ദര്യം സീതായാം: അതിഗർവം രാവണസ്യച അതിദാനശീലം മഹാബല്യാ: അതി സർവത്ര വർജ്ജയേത്.** സീതയുടെ നാശത്തിന് കാരണമായത് അവരുടെ സൗന്ദര്യവും രാവണണന്റെ നാശത്തിനു കാരണമായത് അദ്ദേഹത്തിന്റെ ഗർവ്വും മഹാബലിയുടെ നാശത്തിനു കാരണമായത് പരിധിക്കപ്പുറത്തുള്ള ദാനശീലവുമാണ്. അതുകൊണ്ട് ഒന്നും തന്നെ, നല്ലതായാലും അല്ലെങ്കിലും അമിതമാകരുതെന്നു മനസ്സിലാക്കണം. അമിതമായാൽ അതു നാശത്തിനു കാരണമാകും. ഈ സിദ്ധാന്തം രാവണനെയും നമ്മളിൽ പലരേയും സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്. രാമലക്ഷ്ണന്മാരെക്കുറിച്ച് രാവണൻ അജ്ഞനായിരുന്നില്ല. ദശരഥനെക്കുറിച്ചും രാവണന്നറിയാം ബാലിയുടെ ശക്തി അനുഭവിച്ചറിഞ്ഞവനാണ് രാവണൻ. ആ ബാലിയെ നിഗ്രഹിച്ച രാമൻ ലങ്കയിലെത്തുന്നതിനുമുമ്പ് ഹനുമാൻ വന്നിരുന്നു. ഹനുമാൻ കാണിച്ചു കൂട്ടിയ വിക്രിയകളുടെ മുമ്പിൽ ലങ്കയിലെ രാജാവും സൈന്യവും കാണികളെ പോലെ നിൽക്കേണ്ടിവന്നു. (ഇതൊക്കെ കഥയാണെന്നു വേണമെങ്കിൽ വിചാരിക്കാം. അങ്ങിനെയെങ്കിൽ അങ്ങിനെ തന്നെയാകട്ടെ). ഹനുമാൻ തിരിച്ചുപോകുക തന്നെ ചെയ്തു. സീതയെ വീണ്ടെടുക്കാൻ രാമൻ വരുമെന്നറിയിച്ചുകൊണ്ടാണ് മടങ്ങിയത്. ഇതിൽ നിന്ന് രാവണൻ ഒന്നും പഠിച്ചില്ല. വിഭീഷണന്റെ ശക്തമായ ഭാഷയിലുള്ള ഉപദേശം ജ്യേഷ്ഠൻ ഉപേക്ഷിച്ചു. ജ്യേഷ്ഠന്റെ കൂടെ നിന്നു എങ്കിലും കുംഭകർണ്ണൻ രാവണനെ ശാസിച്ചു. മണ്ഡോദരി ബഹുമാന പുരസ്സരം ഭർത്താവിനെ കാര്യങ്ങൾ അറി



Scanned with CamScanner

യിച്ചു. ഗഹനമായ ധർമ്മശാസ്ത്രത്തിലൂടെ ഉപദേശിച്ചു. രാവണന്റെ ധാർഷ്ട്യത്തിന് കുറവു വന്നില്ല.

ശ്രീരാമൻ ലങ്കയിലെത്തി. സൈന്യാധിപൻ രാവണനെ സന്ധിക്കു നിർബ ന്ധിച്ചു. രാമൻ മുന്നോട്ടുവെച്ചത് തന്റെ ധർമ്മപത്നിയെ തിരിച്ചുതരിക എന്നൊരു നിബന്ധനമാത്രം. രാവണൻ അംഗീകരിച്ചില്ല. രാമസേനയും രാവണ സേനയും ഘോരയുദ്ധം ചെയ്തുവത്രേ. രാക്ഷസകുലം കട പുഴകും വിധം നാശങ്ങൾ അഭിമുഖീകരിച്ചു. രാവണപുത്രന്മാർ, അച്ഛന്റെ അധാർമ്മീകതയ്ക്കുവേണ്ടി അടർക്കളത്തിൽ ദേഹത്യാഗം ചെയ്തു. അനുജൻ കുംഭകർണ്ണൻ മരിച്ചു. തന്റെ വേണ്ടപ്പെട്ടവരായ ധീരന്മാർ യുദ്ധത്തിൽ നിലം പതിച്ചു. അവിടെയൊന്നും രാവണൻ അഹങ്കാര ത്തിൽ നിന്നും, ചിന്തയിലോ പ്രവൃത്തിയിലോ താഴെക്കിറങ്ങി വന്നില്ല. നാലുവേദങ്ങളും ആറുവേദാംഗങ്ങളും, അങ്ങിനെ പത്തു ഗഹനമായ ഗ്രന്ഥസമൂഹങ്ങൾ പഠിച്ചിട്ടും, കൂടാതെ ജന്മനാൽ ലഭിച്ചതും തപസ്സു കൾ കൊണ്ട് നേടിയതുമായ ഒന്നും തന്നെ അഹങ്കാരത്തിൽ നിന്ന് രാവണനെ പിന്മാറാൻ അനുവദിച്ചില്ല. പരിണതഫലം, രാവണൻ അനു ഭവിച്ചു. ഒരു പക്ഷേ അയാതായിരിക്കും രാവണന്റെ മോക്ഷം, വിഷ്ണു പദത്തിലേക്ക് തിരിച്ചുള്ള പ്രയാണം. രാവണന്റെ ചൈതന്യം ശ്രീരാമ നിലലിഞ്ഞു ചേർന്നപ്പോൾ ആ ആഘാതം താങ്ങാനാകാതെ രാമൻ അടിതെറ്റി വീണു. എങ്കിലും അഹങ്കാരത്തിനും ധാർഷ്ട്യത്തിനും അന്ത്യം കുറിച്ചു. നമ്മൾ ഇതിൽ നിന്നെന്തു പഠിച്ചു? ചില വലിയ തെറ്റു കൾക്കു മരണം മാത്രമായിരിക്കും പ്രായശ്ചിത്തവും, ശിക്ഷയും. അതു കൊണ്ടായിരിക്കാം ഇന്നും വധശിക്ഷ പലരാജ്യങ്ങളിലും നിലനിൽക്കു ന്നത്. രാവണനും കൂടെയുണ്ടായിരുന്നവരിൽ പലർക്കും അതു ലഭിച്ചു.

### ജീവിത പാഠം : ഭാര്യാഭർത്തൃബന്ധം

കുടംബജീവിതത്തിന്റെ വിവിധമുഖങ്ങളും ഭാവങ്ങളും കാണിക്കുന്ന ഏറ്റവും ശ്രേഷ്ഠമായ ഒരു ഗ്രന്ഥമാണ് രാമായണം. ഈ വസ്തുത നാം ജീവിതത്തിൽ പലപ്പോഴും വിസ്മരിക്കുകയാണ് പതിവ്. ഭക്തി, യുക്തിയെ മറയ്ക്കുമ്പോൾ ചിന്തിക്കാനുള്ള കഴിവ് നമ്മളിൽ പലരും അടിയറവെക്കാറുണ്ട്. ചിലർ പണയപ്പെടുത്താറുമുണ്ട്. രാമായണത്തി ലേക്ക്, ചിന്താമണ്ഡലത്തിലൂടെ ഇറങ്ങിച്ചെല്ലുക. ഇവിടെ നമുക്കു കാണാം ഉത്തമ-മധ്യമ-അധമ കുടുംബബന്ധങ്ങൾ. ഇത്തരത്തിലുള്ള കുടുംബബന്ധങ്ങളെ വിലയിരുത്താനല്ല നാം ശ്രമിക്കേണ്ടത്. വിലയി



Scanned with CamScanner

രുത്തി കൊള്ളേണ്ടത് കൊള്ളാനും തള്ളേണ്ടത് തള്ളാനുമാണ് പഠിക്കേണ്ടത്. ഉത്തമബന്ധങ്ങൾ നമുക്ക് മാർഗദർശകമാകണം. അതിൽ നിന്നെടുക്കാവുന്നതെല്ലാമെടുത്ത് നമ്മുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കണം. ആ മാറ്റത്തിനുവേണ്ടിയാണ് കഥകളും, സന്ദേശങ്ങളും, അനുഭവങ്ങളും നമ്മൾ കേൾക്കുന്നതും പഠിക്കുന്നതും.

രാമായണത്തിൽ ശ്രദ്ധിച്ചു നോക്കുക! ഭാര്യാഭർതൃബന്ധങ്ങൾ, മാതൃ-പുത്രബന്ധങ്ങൾ, പിതൃപുത്രബന്ധങ്ങൾ, സഹോദരബന്ധങ്ങൾ, ഗുരുശിഷ്യബന്ധം, സുഹൃത്ബന്ധം കാണാം. ഇവയെല്ലാം എന്നും നിലനിന്നിരുന്നു. അവയിൽ ഉയർച്ചയും താഴ്ചയുമുണ്ടായിരുന്നു. നന്മതിന്മകളുമുണ്ടായിരുന്നു. ത്രേതായുഗത്തിലും ദ്വാപരയുഗത്തിലും കലിയുഗത്തിലുമതെല്ലാമുണ്ട്. കാലചക്രം തിരിയുമ്പോൾ പഴയതിൽ നിന്നു ഭിന്നമല്ലാത്തത് ഇപ്പോഴും കാണാം. വ്യക്തികളും നാടകാഭിനേതാക്കളും മാറുന്നു എന്നേയുള്ളൂ. നാടകത്തിന്റെ കഥയിൽ വലിയ മാറ്റങ്ങളൊന്നുമില്ല. അതുകൊണ്ട് കുടുംബജീവിത സന്ദേശങ്ങൾ രാമായണത്തിൽ നിന്നെടുക്കുമ്പോൾ ശ്രദ്ധിക്കാനുള്ളത്; ഞാൻ ഓരോ സംഭവത്തിലേയും കഥാപാത്രമായിരുന്നു എന്നു സങ്കൽപിക്കാൻ പഠിക്കണം പഠിപ്പിക്കണം. എങ്കിൽ മാത്രമേ രാമായണപഠനം അർത്ഥവത്താകൂ.

ഞാൻ ദശരഥന്റെ സ്ഥാനത്തായിരുന്നുവെങ്കിൽ, രാമന്റേയും, ലക്ഷ്മണന്റേയും, കൈകേയിയുടേയും, ഭരതന്റേയും, രാവണന്റേയും വിഭീഷണന്റേയും, മണ്ഡോദരിയുടേയുമെല്ലാം സ്ഥാനത്ത് ഞാനായിരുന്നുവെങ്കിൽ ആ അനുഭവങ്ങൾ എങ്ങിനെ അഭിമുഖീകരിക്കുമായിരുന്നു. അവരിൽ ആരുടെ ജീവിതവുമായിട്ടാണ് എന്റെ ജീവിതത്തിന് കൂടുതൽ ബന്ധമുള്ളത്. അവർക്കുണ്ടായ നന്മകൾ എനിക്കുണ്ടാകുവാനും, ചിലർക്കുണ്ടായ തിന്മകൾ എനിക്ക്, എന്റെ ജീവിത്തിലുണ്ടാകാതിരിക്കാനും ഞാനെന്തു ചെയ്യണം? ഇന്നലെവരെ ജീവിച്ചതിൽ നിന്ന് എന്തെല്ലാം മാറ്റങ്ങൾ എവിടെയെല്ലാം ഉണ്ടാകുമ്പോഴാണ് എന്നിൽ നന്മകൾ തഴച്ചുവളരുന്നത്. എന്നിലെ രാക്ഷസീയതയും തിന്മകളുമില്ലാതായി, വളരേണ്ട നന്മകളെന്തെല്ലാം എന്നും ഞാനറിയണം. ഒരു മാറ്റത്തിനും ഞാൻ വിധേയനാകാതെ ജീവിച്ചാൽ എനിക്കെന്തെല്ലാം സംഭവിക്കാം. ഇതു ഞാൻ അറിയണമെങ്കിൽ മറ്റുള്ളവരുടെ ജീവിതത്തിൽ നിന്നു പാഠം പഠിക്കണം. ലോകത്തിലെ എല്ലാ മാനേജ്മെന്റ് പുസ്തകങ്ങളും പഠിപ്പിക്കുന്നത് മാനേജർമാരുടെ ജീവിതാനുഭവങ്ങളാണ്. അതുകൊണ്ടു



Scanned with CamScanner

തന്നെ, മലയാള മനോരമയിലെ ഈ രാമായണ ലേഖന പരമ്പരയുടെ ആരംഭത്തിൽ ഞാനെഴുതി, രാമായണം ഒരു പ്രായോഗിക ധർമ്മശാസ്ത്രഗ്രന്ഥമാണെന്ന്. ജീവിതധർമ്മം+ ധാർമ്മീക ജീവിതം നയിക്കാനുള്ള അനവധി അനുഭവങ്ങൾ വിവരിക്കുന്ന അധ്യായങ്ങളുടെ സമാഹാരം. കഥകളില്ലാതെ, തമാശകളില്ലാതെ പാഴ്വാക്കുകളില്ലാതെ അർത്ഥഗർഭമായ ജീവിതാനുഭവങ്ങളും സന്ദേശങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്ന വ്യക്തി-കുടുംബ-സമൂഹ-രാഷ്ട്രബന്ധങ്ങളുടെ സന്ദേശാനുഭവങ്ങൾ വാൽമീകി രാമായണം തരുന്നു. അതിലെ കുടുംബബന്ധത്തിലേക്കു വീണ്ടുമൊന്നിച്ചിറങ്ങിച്ചെല്ലാം!

**രാമായണത്തിലെ കുടുംബബന്ധം-2**

രാമായണത്തിൽ ദശരഥനും പത്നിമാരും, രാമനും സീതയും, ലക്ഷ്മണനും ഊർമ്മിളയും, ബാലിയും താരയും, രാവണനും മണ്ഡോദരിയും നമ്മുടെ മുന്നിലുള്ള ഭാര്യാഭർതൃബന്ധത്തെ ജീവിതാനുഭവങ്ങളായി വിവരിക്കുന്നു. ഭാര്യാഭർത്താവിനെ യുദ്ധത്തിൽ സഹായിച്ചതിനു രണ്ടു വരം കൊടുത്തത് കൈകേയി, തോഴിയുടെ ഉപദേശപ്രകാരം തന്റെ സ്വാർത്ഥതക്കുപയോഗിച്ചു. ഒരു ഭാര്യയുടെ സ്വാർത്ഥത, ഒരു കുടുംബത്തെ എങ്ങിനെ തകർക്കുമെന്നറിയാൻ കൈകേയിയിലേക്കു വിരൽ ചൂണ്ടാം. മറുവശത്ത് ഒരു ഭാര്യയുടെ ധർമ്മബോധത്തോടെയുള്ള ഉപദേശം ഭർത്താവു സ്വീകരിച്ചില്ലെങ്കിൽ ഭർത്താവിന്റേയും മക്കളുടേയും ഒരു കുടുംബത്തിന്റെ തന്നെയും അടിവേരറ്റു പോകുന്നതെങ്ങിനെയെന്ന് മണ്ഡോദരിയുടെ ഉപദേശം സ്വീകരിക്കാത്ത രാവണന്റെ ജീവിതാനുഭവങ്ങളിൽ നിന്നു മനസ്സിലാക്കാം.

കൗസല്യയും സുമിത്രയും നിസ്സഹായരായി നിൽക്കേണ്ടവരുന്ന അവസ്ഥയുണ്ടാക്കിയതിന് ദശരഥനും കൈകേയിയും ഉത്തരവാദികളാണല്ലോ. ഒരു ഭാര്യ എത്ര മഹത്വമേറിയവളാണെങ്കിലും കൂടെയുള്ളവർ, സുഹൃത്തുക്കൾ, തോഴർ നന്മയുടെ പന്ഥാവിലൂടെ ചരിക്കുന്നവരല്ലയെങ്കിൽ സംഭവിക്കുന്നതെങ്ങിനെയെന്നറിയണമെങ്കിൽ മന്ഥര കൈകേയിയുടെ മനസ് മാറ്റിയതെങ്ങിനെയെന്ന് പരിശോധിച്ചാൽ മനസ്സിലാകും. താര, ബാലിയുടെ ഭാര്യ തന്റെ ഭർത്താവിന്റെ ശക്തിയിലും ധീരതയിലും അഭിമാനിച്ചിരുന്നു ഭർത്താവിനെ പ്രോത്സാഹിപ്പിച്ചുമിരുന്നു. പക്ഷേ തന്റെ ഭർത്താവിന്റെ എല്ലാ അധാർമ്മീക പ്രവൃത്തിയിലും താര വിയോജിച്ചിരുന്നു. താരയുടെ ഉപദേശം ബാലി സ്വീകരിക്കാത്തതിന്റെ



Scanned with CamScanner

പരിണതഫലം അനുഭവത്തിലൂടെ നമുക്കും പഠിക്കാം.

ഇനി രാമായണത്തിന്റെ പ്രധാന ചരിത്രപുരുഷന്മാരിലേക്കു കടന്നാൽ സീതാരാമചരിതം മുമ്പിൽ വരുന്നു. രാമനോടൊപ്പം എല്ലാ സുഖദുഃഖങ്ങളും അനുഭവിക്കാൻ തയ്യാറായ ധർമ്മപത്നി. കൊട്ടാരത്തിലും കാട്ടിലും ഭർത്തിവിനോടൊപ്പം! ഇതൊരു മാതൃകാബന്ധം. പതിനാലു വർഷം കാട്ടിലേക്കു പോകേണ്ടിവന്നിട്ടും ജീവിതത്തെ പഴിചാരാതെ കാനനവാസം പോലും ധന്യമാക്കാൻ ശ്രമിക്കുന്ന ജീവിതം. ഇവിടെയും ഒരപസ്വരം വന്നു. ജീവിതത്തിലൊരിക്കലും ശാഠ്യം പിടിക്കാത്ത സീതക്കും വിനാശകാലേ വിപരീതബുദ്ധിപോലെ മാരീചന്റെ മാൻവേഷം കണ്ടുഭ്രമിച്ച് അതിനെവേണമെന്നു തോന്നി. അതാണ് നമ്മുടെയെല്ലാം ചിന്തകൾക്കുപ്പുറത്തുള്ള ചിലകാര്യങ്ങൾ എന്നു നാം പറയാറുള്ളത്. കൂടെയുള്ള സീതയുടെ ഇംഗിതത്തിനു വഴങ്ങേണ്ടി വന്ന രാമൻ അനുഭവിക്കേണ്ടവന്ന വ്യഥ. ഭരതലക്ഷ്മണന്മാരെ കുറിച്ച് സീതക്കുണ്ടായിരുന്ന സംശയം സീതയുടെ വാക്കുകളിൽ വ്യക്തമാകുന്നു. അതു പുറത്തു വന്നത് സംഘർഷപൂരിതമായ അവസ്ഥയിൽ, രാമന്റെ ശബ്ദത്തിൽ മാരീചന്റെ നിലവിളി കേട്ടപ്പോൾ! ഇവടെ നാം പഠിക്കേണ്ട പാഠം; പുറമേയുള്ള പെരുമാറ്റത്തിലൊ സംഭാഷണത്തിലോ ഭാര്യമാരുടെ, ഉള്ളിലുള്ളത് പൂർണമായും അറിയാനാകില്ല. വേദന സഹിച്ചു കഴിയേണ്ടി വന്ന ഒരു ഭാര്യയുണ്ട് രാമായണത്തിൽ, ഊർമ്മിള ലക്ഷ്മണന്റെ ധർമ്മപത്നി. തന്റെ ഭർത്താവിനോട് കാട്ടിലേക്കു പോകാൻ ആരും ആവശ്യപ്പെട്ടിട്ടില്ല. ആരും കാട്ടിലേക്കു വരാനും പറഞ്ഞിട്ടില്ല. കാട്ടിലേക്കു പോകുകയാണെങ്കിൽ ഭാര്യയെ കൂടെ കൊണ്ടുപോകരുതെന്നും പറഞ്ഞിട്ടില്ല. ഇങ്ങിനെയൊക്കെയായിട്ടും 14 വർഷം ഒരു കൊട്ടാരത്തിൽ ഏകയായി ദിവസങ്ങളെണ്ണിക്കഴിയുമ്പോഴും ആരെയും ശപിക്കാതെ, കണ്ണീരൊഴുക്കാതെ കഴിഞ്ഞ ഊർമ്മിള. ഇവരുടെയെല്ലാം ജീവിതത്തിലെ ചെറിയ ചെറിയ അനുഭവങ്ങളുടെ ആകത്തുകയാണ് നമ്മുടെ ജീവിതം. ചിന്തിക്കുക!

ഈ ഭാര്യാഭർതൃബന്ധത്തിലെവിടെയെങ്കിലും നമ്മൾ പെടുന്നുണ്ടോ ഉണ്ടെങ്കിൽ അതിൽ നിന്ന് പാഠങ്ങളെന്തെങ്കിലും പഠിച്ചോ?

**രാമായണത്തിലെ കുടംബബന്ധം-3**

'സഹോദരബന്ധത്തിന് രാമായണത്തിൽ ശ്രേഷ്ഠമായ ഉദാഹരണങ്ങളാണ് നമ്മുടെ മുമ്പിൽ നിരത്തുന്നത്. ഇവിടെ ദശരഥകുടുംബത്തിൽ



Scanned with CamScanner

നാലു സഹോദരന്മാരുണ്ട്. രാമ-ലക്ഷ്മണ-ഭരത-ശത്രുഘ്നന്മാർ. അനുജന്മാരെ കനിഷ്ഠഭ്രാതാ പുത്രസമാ എന്ന് രാമൻ സ്വന്തം മക്കളെപോലെ കണ്ട് മാർഗനിർദ്ദേശം നൽകിയിരുന്നു. മൂന്നുപേർക്കും ജ്യേഷ്ഠനായ രാമൻ ജ്യേഷ്ഠഭ്രാതാപിതൃസമാ: പിതാവിനു തുല്യനായിരുന്നു. ഇന്നു നമ്മുടെ കുടുംബങ്ങളിൽ തീർത്തും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഉത്തമ സഹോദരബന്ധം ഇവിടെ നമുക്കു കാണാനാകും. ജ്യേഷ്ഠനെ മാതൃകാപുരുഷനായി പിതൃതുല്യനായ ബഹുമാന ആദരങ്ങളോടെ കാണുന്ന അനുജന്മാർ. ലക്ഷ്മണനെ ശാന്തനാക്കിയ രാമൻ, ഭരതന് രാജ്യഭാരത്തെക്കുറിച്ച് പാഠങ്ങൾ പഠിപ്പിക്കുന്ന രാമൻ. ഈ ഉത്തമ സഹോദരബന്ധം അപ്പാടെയില്ലെങ്കിലും കുറച്ചൊക്കെ തിരിച്ചു വന്നാലെ ഭാരതം പ്രത്യേകിച്ചും കേരളം ഒരു പൊട്ടിത്തെറിക്കുന്ന കുടുംബബന്ധത്തിന്റെ അഗ്നിപർവ്വതത്തിൽ നിന്ന് രക്ഷപ്പെടുകയുള്ളൂ. രണ്ടാമതൊരു സഹോദരബന്ധം രാമായണത്തിലുള്ളത് ബാലി സുഗ്രീവന്മാരുടെ ബന്ധമാണ്. ജീവിതകാലം മുഴുവനും പരസ്പരം കലഹിച്ചു ജീവിച്ച സഹോദരന്മാർ അനുജന്റെ ഭാര്യയെ ബലപ്രയോഗത്തിലൂടെ സ്വന്തമാക്കി വെച്ച ജ്യേഷ്ഠൻ. ഇവരുടെ കലഹം അവസാനിച്ചത് പുറമേ നിന്നുവന്ന ഒരാൾ (ശ്രീരാമൻ) അവരിലൊരുവനെ നിഗ്രഹിച്ചപ്പോഴാണ്. ഇതാണ് ലോകസത്യം. രണ്ടുപേർ തമ്മിൽ കലഹിച്ചാൽ അതിൽ നിന്ന് മുതലെടുക്കുന്നതെപ്പോഴും മൂന്നാമതൊരാളായിരിക്കും. ഭാരതത്തിലെ വിദേശാക്രമണത്തിനു പിന്നിലും ഇതുതന്നെയാണ് സംഭവിച്ചത്. നമ്മൾ പരസ്പരം കലഹിച്ചുകൊണ്ടിരുന്നപ്പോളാണ് വിദേശികളെല്ലാം ഈ നാട് ആക്രമിച്ചത്. വീരപാണ്ഡ്യകട്ടബൊമ്മന്റേയും സുന്ദരപാണ്ഡ്യകട്ടബൊമ്മന്റേയും ചരിത്രം ബാലി സുഗ്രീവന്മാരുടേതിൽ നിന്നു ഭിന്നമല്ല. ഇനി മൂന്നാമതൊരു സഹോദരബന്ധം കൂടി രാമായണത്തിലുണ്ട്. രാവണ-കുംഭകർണ്ണ-വിഭീഷണന്മാരുടേത്. ഇതിൽ രാജാവായ, ധാർഷ്ട്യമുള്ള, അധാർമ്മീകനായ എന്നാൽ ജ്ഞാനിയായ രാവണൻ. രാവണൻ ചെയ്ത തെറ്റിനെ ആദ്യാവസാനം എതിർക്കുന്ന അനുജനായ വിഭീഷണൻ. സാമ-ദാന-ഭേദ-ദണ്ഡങ്ങൾക്കു വഴങ്ങാതെ ജ്യേഷ്ഠൻ ചെയ്യുന്ന തെറ്റുകൾ തെറ്റുകളാണെന്ന് ഉറക്കെപ്പറഞ്ഞ് എതിർക്കാൻ ധൈര്യം കാണിച്ച വിഭീഷണൻ. ജ്യേഷ്ഠൻ ശരിയിലേക്ക് വരില്ലെന്നുറപ്പായപ്പോൾ രാജ്യം തന്നെ വിട്ടുപോകാൻ തയ്യാറായ വ്യക്തി. തന്റെ രാജ്യത്തിനും ജ്യേഷ്ഠനുമെതിരെ ആയുധമെടുക്കാത്ത ധർമ്മബോധമുള്ള വിഭീഷണൻ ഒരു



Scanned with CamScanner

വശത്ത്, അധാർമ്മികനായ രാവണൻ ചെയ്യുന്നത് തെറ്റാണെന്നുറക്കെ വിളിച്ചു പറയുകയും എന്നാൽ ജ്യേഷ്ഠന്റെ കൂടെ തന്നെ നിൽക്കുകയും ചെയ്യുന്ന കുംഭകർണ്ണൻ മറുവശത്ത്. തെറ്റിന്റേയും തെറ്റു ചെയ്തവന്റേയും കൂടെ നിന്നു എന്നു മാത്രമല്ല അവയെ രക്ഷിക്കാനായി ആയുധമെടുത്ത് യുദ്ധക്കളത്തിൽ ജ്യേഷ്ഠനുവേണ്ടി മരിച്ചുവീഴുകയും ചെയ്തു ഇവിടെ തെറ്റു ചെയ്തവനും കൂടെ നിന്നവനും എന്തു സംഭവിച്ചു? തെറ്റു ചെയ്തവന്റെ കൂടെ നിൽക്കാത്തവനെന്തു സംഭവിച്ചു? പൂർണസഹകരണത്തോടെ പരസ്പരം സ്നേഹബഹുമാനാദികൾ നൽകിയും സ്വീകരിച്ചും ജീവിച്ചവർക്കെന്തു സംഭവിച്ചു? ഇവരിലെ തിന്മകൾ നമ്മളിലുണ്ടെങ്കിൽ ഈ കർക്കിടകത്തോടെ അതു മാറ്റി നന്മയിലേക്കു പോകാൻ ശ്രമിച്ചുകൂടെ?

**രാമായണത്തിലെ നിയതി**

രാമായണം നമുക്കു നൽകുന്ന ശ്രേഷ്ഠമായ ഒരു പാഠമുണ്ട്. നമ്മുടെയെല്ലാം ജീവിതത്തിൽ നാം ചെയ്തു തീർക്കേണ്ടതായ ഒരു ദൗത്യമുണ്ട്. അതാണ് നമ്മുടെ ധർമ്മം. ഇതിന് മറ്റൊരു പേരു കൂടി, കൂടുതൽ അനുയോജ്യമായിട്ടുണ്ട്. നിയതി, നല്ല അർത്ഥത്തിൽ എടുക്കുകയാണെങ്കിൽ അതിനെ വിധിയെന്നും പറയാം. രാമൻ ഭൂമിയിലേക്കു വന്നത് രാജ്യം ഭരിക്കാനല്ല. രാമന്റെ ജീവിതത്തിന് അഥവാ ജന്മത്തിന് ഒരു വലിയ ലക്ഷ്യമുണ്ടായിരുന്നു. അതാണ് രാവണനിഗ്രഹം. അതു നിർവഹിക്കാൻ മറ്റു ചരിത്രപുരുഷന്മാർ കാരണക്കാരായി എന്നു ചിന്തിച്ചാൽ മനസ്സിലാകും. കൈകേയി, രണ്ടു വരം, ശ്രീരാമ പട്ടാഭിഷേക സമയത്ത് ചോദിച്ചില്ലായിരുന്നുവെങ്കിൽ, രാമൻ വനത്തിലേക്കുപോകില്ല. പിന്നീട് സംഭവിച്ചതൊന്നും രാമചരിത്രത്തിന്റെ ഭാഗമാകില്ല. അതുപോലെ ലക്ഷ്മണൻ രാമന്റെ കൂടെയില്ലായിരുന്നുവെങ്കിൽ സീതയെ തനിച്ചാക്കിയിട്ട് സ്വർണമാനിന്റെ പുറകേ രാമൻ പോകില്ല. രാവണൻ സീതയെ അപഹരിക്കുകയുമില്ലായിരുന്നു. പതിനാലു വർഷത്തെ വനവാസം കഴിഞ്ഞ് രാമനും സീതയും അയോദ്ധ്യയിലേക്കു തന്നെ തിരിച്ചുപോകുമായിരുന്നു. ഇവിടെ, രാമന്റെ ജന്മോദ്ദേശം നടപ്പിലാകില്ല. ഹനുമാനും സുഗ്രീവനും ചെയ്യേണ്ടതായ ദൗത്യമുണ്ടായിരുന്നു. ശബരിക്കും ജടായുവിനും ചെയ്യേണ്ടതായ ദൗത്യമുണ്ടായിരുന്നു. രാമായണത്തിലെ ഓരോ വ്യക്തിക്കും 24,000 ശ്ലോകത്തിൽ സ്ഥാനമുണ്ട്



Scanned with CamScanner

രാമന്റെ ദൗത്യത്തിൽ ചെയ്യേണ്ടതായ കർമ്മത്തിന്റെ പങ്കുനിർവഹിക്കാനുണ്ട്. അതുകൊണ്ട് അവരിലൊരുവൻ ഇല്ലായിരുന്നുവെങ്കിൽ ചിലപ്പോൾ രാമചരിതത്തിന്റെ തന്നെ ഗതിമാറിപ്പോകുമായിരുന്നു. വേടന്റെ അമ്പേറ്റു വീഴുന്ന പക്ഷിയുടെ മരണവേദനയിൽ നിന്നാരംഭിക്കുന്ന രാമായണം. സീതയുടേയും രാമന്റേയും ലക്ഷ്മണന്റേയുമെല്ലാം ദേഹവിയോഗത്തോടെ അതിദുഃഖകരമായ അന്ത്യത്തോടെ അവസാനിക്കുന്നു.

രാമായണം ഒരു ദുഃഖപൂർണമായ ഇതിഹാസമാണ്. പക്ഷേ അതുപാരായണം ചെയ്യുന്ന ആർക്കും അതു ദുഃഖപൂർണമായ ആദികാവ്യമാണെന്നു തോന്നാറില്ല. അതാണ് വാത്മീകിയുടെ മഹത്വം. താനെഴുതിയ ഇതിഹാസകാവ്യം രാമന്റെ മക്കളെക്കൊണ്ടു തന്നെ ആലപിച്ചുറപ്പിച്ച മഹർഷിവര്യനും ധർമ്മത്തിനുവേണ്ടി ജീവിച്ച രാജകുലജാതനായ രാജഋഷിയായ ശ്രീരാമനും, വ്യക്തിധർമ്മത്തേയും രാഷ്ട്രധർമ്മത്തേയും കുറിച്ച് ലോകസമക്ഷം വ്യക്തമായ കാഴ്ചപ്പാടുണ്ടാക്കി. ഇന്നും ചിലർക്ക് രാമന്റെ ചെയ്തികളിൽ ചിലതിനോട് വിയോജിപ്പാണെങ്കിൽ അതിനു കാരണം രാമായണത്തിന്റെ രണ്ടുതലങ്ങൾ വ്യക്തമായി തിരിച്ചറിയാൻ അവർക്ക് സാധിക്കാത്തുകൊണ്ടാണ്. ശ്രീരാമ ജീവിതത്തിന് വ്യക്തിതലം+കുടുംബതലം ഉള്ളതുപോലെ സമൂഹതലം+രാഷ്ട്രതലവുമുണ്ട്. ഒരു വ്യക്തി, വ്യക്തിയായിരിക്കുമ്പോൾ തന്നെ പുത്രനും, സഹോദരനും, ഭർത്താവും, പൗരനും, രാജാവുമെല്ലാം ആണെങ്കിൽ ആ വ്യക്തിക്ക് ഈ തലങ്ങളിലെല്ലാം ചെയ്തു തീർക്കേണ്ടതായ ദൗത്യമുണ്ട്. ഇതിൽ ഏതിനാണോ പ്രാധാന്യം അതാണിവിടെ അനുശാസിക്കേണ്ടതെന്നു ധർമ്മശാസ്ത്രം നിർദ്ദേശിക്കുന്നു. അതാണ് രാമൻ കാണിച്ചു തരുന്ന പ്രായോഗിക ധർമ്മശാസ്ത്രം! രാഷ്ട്രം ഒന്നാമത്, അടുത്തത് സമൂഹം, തുടർന്ന് കുടുംബം, നാലാമതാണ് വ്യക്തി താൽപര്യങ്ങൾ.

ഇനിയൊന്നു രാമായണം വായിച്ചുനോക്കൂ. ത്രേതായുഗത്തിലെ രാഷ്ട്രഭരണം ഇന്നത്തെ ഭരണത്തേക്കാൾ ശ്രേഷ്ഠമായിരുന്നു എന്നു കാണാം. അപ്പോൾ നാം പോകേണ്ടത് മുന്നോട്ടോ പിന്നോട്ടോ? പിന്നിൽ നിന്നാവേശമെടുത്ത് മുന്നോട്ട്! അല്ലേ?



Scanned with CamScanner

ജീവിതത്തിൽ ഒരിക്കലെങ്കിലും രാമായണം വായിക്കണം. ജീവിതാനുഭവങ്ങളും സന്ദേശങ്ങളും സ്വീകരിക്കണം.സ്വർഗത്തിലേക്കു പോകാൻ സാധിക്കുകയോ, സാധിക്കാതിരിക്കുകയോ ചെയ്യട്ടെ. ഭൂമിയിലെ ജീവിതം നരകതുല്യമാകാതിരിക്കാൻ, രാമായണത്തിലെ ജീവിതാനുഭവവിവരണങ്ങളിൽനിന്നു ലഭിക്കുന്ന സന്ദേശങ്ങളിലൂടെ സാധിക്കും. അതാണ് രാമായണപാരായണ പുണ്യം

ഈ പുസ്തകത്തിൽ രാമായണത്തിന്റെ സത്ത് നൽകിയിരിക്കുന്നു, രാമായണം എങ്ങിനെപഠിക്കണമെന്നതിനെക്കുറിച്ചുള്ള വിശകലനമാണത്.

ഡോ.എൻ. ഗോപാലകൃഷ്ണൻ

Scanned with CamScanner